## പൗരോഹിത്യ ശുശ്രൂഷയിൽ 25 വർഷങ്ങൾ പിന്നിടുന്ന ബഹു. വൈദികർക്ക് ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



റവ. ഫാ. പോൾ കൊരണ്ടിയാർകുന്നേൽ
പൗരോഹിത്യസ്വീകരണം: 21 – 4 – 1992



റവ. ഫാ. ജോർജ് ആലുക്ക
പൗരോഹിത്യസ്വീകരണം: 23 – 4 – 1992



റവ. ഫാ. ചാക്കോച്ചൻ വാഴക്കാലായിൽ
പൗരോഹിത്യസ്വീകരണം: 29 – 4 – 1992



റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ
പൗരോഹിത്യസ്വീകരണം: 25 – 5 – 1992

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07** **ജൂൺ–2016** **ലക്കം 6**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ .......................................................... 07
സർക്കുലർ .......................................................... 13
സർക്കുലർ .......................................................... 17
*FINAL STATEMENT OF THE 32ND PLENARY ASSEMBLY OF THE CATHOLIC BISHOPS' CONFERENCE OF INDIA (CBCI)* ............. 22
അല്മായരുടെ സമയം വന്നിരിക്കുന്നു ..................... 31
കുടുംബങ്ങൾക്കുള്ള ഭീഷണിയും മാർപാപ്പയും ..... 39
രൂപതാകച്ചേരി വാർത്തകൾ .................................. 45
രൂപതാദിനം 2016 - റിപ്പോർട്ട് ................................. 49
ബൈബിൾ അപ്പോസ്തലേറ്റ് ................................. 53
മതബോധനരംഗം .................................................... 55
ചെറുപുഷ്പമിഷൻലീഗ് ........................................... 59
*Department of Youth Ministry* ........................................... 64
കെ.സി.വൈ.എം. ....................................................... 66
കുടുംബപ്രേഷിതത്വം ................................................ 71
സീയോൻ വാർത്തകൾ ............................................ 73
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 75
സാമൂഹ്യ സേവനരംഗം (WSSS) ................................ 82
ബയോവിൻ അഗ്രോ റിസർച്ച് .................................. 88
റേഡിയോ മാറ്റൊലി ............................................... 90
*CEADOM* വിദ്യാഭ്യാസ മേഖല ..................................... 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................... 97
ബിഷപ്സ് പ്രോഗ്രാം ............................................... 98

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം-2016

**(ജൂൺ 5, ഞായർ 2016)**

## 50-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### സാമൂഹികസമ്പർക്കവും കരുണയും: സഫലമായ ഒരു നേർക്കാഴ്ച

പ്രിയ സോദരരേ,

ഇത് കരുണയുടെ വിശുദ്ധവത്സരമാണ്. കരുണയും സാമൂഹിക സമ്പർക്കവും തമ്മിൽ ഉളവാകേണ്ട ബന്ധത്തെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. കരുണയുടെ പിതാവിന്റെ സാക്ഷാത്തായ അവതാരമാണ് ക്രിസ്തു. ആ ക്രിസ്തുവിനോടു ചേർന്ന് സഭ സത്തയിലും കർമ്മത്തിലും കരുണ പ്രാവർത്തികമാക്കേണ്ടതുണ്ട്; അതാണ് അവളുടെ വ്യതിരിക്തതയുടെ അടയാളം. സഭാമക്കളെന്നനിലയിൽ നാം പറയുന്നതും ചെയ്യുന്നതും-നമ്മുടെ ഓരോ വാക്കും ചലനവും - ദൈവത്തിന്റെ കരുണയെയും ആർദ്രതയെയും ക്ഷമിക്കുന്ന സ്നേഹത്തെയും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ തനതുഭാവംതന്നെ ബന്ധമാണ്; സമ്പർക്കവും വിനിമയവുമാണ്. അതു തുറവിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കുന്നു. നമ്മുടെ ഹൃദയവും പ്രവൃത്തികളും ഉപവിയാലും ദൈവസ്നേഹത്താലും പ്രചോദിതമെങ്കിൽ നമ്മുടെ സമ്പർക്കങ്ങളും വിനിമയങ്ങളും ദൈവശക്തിയുടെ സ്പർശമുള്ളതായിരിക്കും.

ദൈവമക്കളെന്നനിലയിൽ എല്ലാവരും പരസ്പരസമ്പർക്കത്തിനും വിനിമയത്തിനും വിളിക്കപ്പെട്ടവരാണ്. ആരും ഈ ദൗത്യത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ കരുണയെ അറിയിക്കുവാനും ഹൃദയങ്ങളെ സ്പർശിക്കുവാനും ജീവിത സമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിൽ അവയെ നിലനിർത്താനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് സഭയുടെ ഓരോ വാക്കും പ്രവൃത്തിയും. ജീവിതത്തിന്റെ സമ്പൂർണത എല്ലാവർക്കും നല്കാനാണ് പിതാവ് തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേക്കയച്ചത്. യേശു ലോകം മുഴുവൻ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യണമെങ്കിൽ നമ്മൾതന്നെ സഭാമാതാവിന്റെ ഊഷ്മളസ്നേഹത്തെ ഉൾക്കൊള്ളുകയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം.

സ്നേഹത്തിന്റെ ഈ ചൂടാണ് വിശ്വാസത്തിന്റെ വചനത്തിന് ആത്മാവു നല്കുന്നത്. നമ്മുടെ പ്രഘോഷണവും സാക്ഷ്യവും അവർക്കു ജീവൻ നല്കുന്ന ആ അഗ്നിസ്ഫുലിംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്നു.

**ബന്ധങ്ങളുടെ നിർമ്മിതി സാമൂഹികസമ്പർക്കമാധ്യമങ്ങളിലൂടെ**

ഇരുകരകളെയും യോജിപ്പിക്കാൻ പണിയുന്ന പാലമാണ് സാമൂഹികസമ്പർക്കമാധ്യമങ്ങൾ. ഭാവാത്മകമായ ഒരു കണ്ടുമുട്ടലിനെയും ഉൾക്കൊള്ളലിനെയും അതു ശാക്തീകരിക്കുന്നു. അങ്ങനെ സമൂഹത്തെ മുഴുവൻ ധന്യമാക്കുന്നു. ജനം തങ്ങളുടെ വാക്കുകളും പ്രവൃത്തികളും കരുതലോടെ തെരഞ്ഞെടുക്കുകയും, തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ പരിശ്രമിക്കുകയും മുറിവേറ്റ ഓർമ്മകൾ സൗഖ്യപ്പെടുത്തുകയും സമാധാനവും ഐക്യവും ചാലിച്ചെടുക്കുകയും ചെയ്യുന്നത് എത്രയോ സുഭഗവും സുന്ദരവുമാണ്! വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പാലം തീർക്കാൻ വാക്കുകൾക്കു കഴിയും. സാമൂഹിക സഖ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ബന്ധമുണ്ടാക്കാനും അതിനു സാധിക്കും. പദാർത്ഥികലോകത്തും ഡിജിറ്റൽ ലോകത്തും ഇതു സാധ്യമാണ്. അഭിശാപത്തിന്റെയും പ്രതികാരത്തിന്റെയും വിഷമവൃത്തങ്ങളിൽനിന്നു സ്വതന്ത്രരാവാൻ സഹായിക്കുന്നതായിരിക്കണം നമ്മുടെ വാക്കുകളും പ്രവൃത്തികളും. കാരണം, ഇന്നും വ്യക്തികളും രാഷ്ട്രങ്ങളും അവയുടെ കെണിയിലാണ്. ശപ്തമായ പ്രതികാരഭാവം, അതിശക്തമായ വെറുപ്പ് വളർത്തുന്നു. ക്രിസ്ത്വനുയായികളുടെ വചസ്സുകൾ ഒരുമയും ഐക്യവും അഭംഗുരം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം. തിന്മയെ വിട്ടുവീഴ്ചയില്ലാതെ അപലപിക്കേണ്ടിവരുമ്പോഴും ബന്ധങ്ങളും സമ്പർക്കങ്ങളും വിണ്ടുകീറാൻ പാടില്ല.

**സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കരുത്ത് കരുണയിലധിഷ്ഠിതം**

ബന്ധങ്ങളിലും സമൂഹങ്ങളിലും സമാധാനവും ഐക്യവും പുന:സ്ഥാപിക്കാനുള്ള കരുണയുടെ കരുത്തിനെ ഇനിയും കണ്ടെത്താൻ ലോകത്തിലെ എല്ലാ സുമനസ്സുകളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രാചീന കാലമുറിവുകളും ആങ്ങിത്തൂങ്ങിനില്ക്കുന്ന അനിഷ്ടങ്ങളും എങ്ങനെയാണ് വ്യക്തികളെ കെണിയിലാക്കുന്നതെന്നും, പരസ്പരവിനിമയത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗത്തിൽ വിഘാതം സൃഷ്ടിക്കുന്നതെന്നും നമുക്കറിയാം. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും ഇതു ബാധകമാണ്. എന്നാൽ ഏതു പരിത:സ്ഥിതിയിലും പുതിയ ഭാഷയും ഭാഷണരീതിയും സൃഷ്ടിച്ചെടുക്കാൻ കരുണയ്ക്കു കഴിയും. "വെനീസിലെ കച്ചവടക്കാരൻ" എന്ന

നാടകത്തിൽ ഷേക്സ്പിയർ എത്രയോ വചോവിലാസത്തോടെ ഇതു പറഞ്ഞിരിക്കുന്നു: ''കരുണയുടെ കരുത്ത് അഭംഗുരമാണ്. ആകാശത്തുനിന്ന് ഭൂമിയിൽ നിപതിക്കുന്ന മൃദുലമായ മഴപോലെയാണത്. രണ്ടു വിധത്തിലും അത് അനുഗൃഹീതമാണ്. കൊടുക്കുന്നവനെയും സ്വീകരിക്കുന്നവനെയും ഒരുപോലെ അതനുഗ്രഹിക്കുന്നു''. (Merchant of Venice Act IV, Scene 1)

നമ്മുടെ രാഷ്ട്രീയ, നയതന്ത്രഭാഷകൾ കരുണയാൽ പ്രചോദിതമായിരുന്നെങ്കിൽ, കൂടുതൽ നന്നായേനെ. കാരണം, കരുണയുടെ ഭാഷ പ്രതീക്ഷ കൈവെടിയുന്നതല്ല. സ്ഥാപനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അധികാരികളോടും, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന എല്ലാവരോടും ഞാൻ ആവശ്യപ്പെടുന്നു: ''വഴിമാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ചും, തെറ്റുകൾ വരുത്തിയിട്ടുള്ളവരെക്കുറിച്ചും നിങ്ങൾ സംസാരിക്കുമ്പോൾ, അതീവ ജാഗ്രതയും സൂക്ഷ്മതയും പുലർത്തുവിൻ''. സംശയത്തിന്റെയും ഭയത്തിന്റെയും വെറുപ്പിന്റെയും ജ്വാലകൾ ആളിക്കത്തിക്കുന്ന സാഹചര്യങ്ങളെ ചൂഷണംചെയ്യാനുള്ള പ്രലോഭനത്തിനു വശംവദരാകാൻ എളുപ്പമാണ്. എന്നാൽ അനുരഞ്ജനത്തിന്റെ പാതയിൽ ജനതയെ നയിക്കുവാൻ ധീരത വേണം. സൂക്ഷ്മമായി ചിന്തിച്ചാൽ അത്തരം ഭാവാത്മകവും സർഗാത്മകവുമായ ധീരതയാണ് പോയകാല സംഘർഷങ്ങൾക്ക് പരിഹാരവും സ്ഥായിയായ സമാധാനം സ്ഥാപിക്കാനുള്ള അവസരവും പ്രദാനംചെയ്യുന്നത്. ''സമാധാന സംസ്ഥാപകർ അനുഗൃഹീതരാകുന്നു, എന്തെന്നാൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും'' (മത്താ 5,7-9).

### അജപാലകവീഥിയിലെ കാരുണ്യസ്പർശം

അജപാലകരെന്ന നിലയിൽ നമ്മുടെ ആശയവിനിമയരീതികളും ശുശ്രൂഷകളും അഹന്തനിറഞ്ഞതാകരുത്, ശത്രുവിന്റെമേൽ വിജയം നേടിയ മേലാളസ്വഭാവം നിറഞ്ഞതും ആകരുത് എന്നാണെന്റെ ആഗ്രഹം. അതേസമയം, നഷ്ടപ്പെട്ടവരെന്നും അവഗണിക്കപ്പെട്ടവരെന്നും ലോകം കണക്കാക്കുന്നവരെ തീരെ വിലകുറഞ്ഞവരായി നാം കരുതരുത്. കാരുണ്യത്തിന് ഒരു പ്രത്യേകതയുണ്ട്: ജീവിതത്തിന്റെ കഷ്ടപ്പാടുകളെ മയപ്പെടുത്താൻ അതു സഹായിക്കുന്നു. തണുത്തുറഞ്ഞ നിയമവിധികളുടെ അനുഭവങ്ങൾ മാത്രമുള്ളവർക്ക് ഊഷ്മളമായ ഉത്സാഹം നല്കാനും അതിനു കഴിവുണ്ട്. നമ്മുടെ വിനിമയരീതികൾ, പാപികളെയും നീതിമാന്മാരെയും വേർതിരിച്ചെടുക്കുന്ന നമ്മുടെ മനോഘടനയുടേതാണ്. അതിനെ നാം മറികടക്കേണ്ടിയിരിക്കുന്നു.

പാപസാഹചര്യങ്ങളെ – ഹിംസ, അഴിമതി, ചൂഷണം – നാം പ്രത്യേകം വിലയിരുത്തണം. വ്യക്തികളെ നാം വിധിക്കരുത്. ദൈവത്തിനുമാത്രമേ അവരുടെ ഹൃദയത്തിന്റെ അഗാധതകളെ കാണാനാവൂ. തെറ്റുചെയ്യുന്നവരെ ശാസിക്കണം; ചില പ്രത്യേകരീതികളിൽ പ്രവർത്തിക്കുന്ന അനീതികളെയും തിന്മയെയും അപലപിക്കണം. പതിതരെ ഉയർത്താനും ഇരകളെ മോചിപ്പിക്കാനും വേണ്ടിയാവണം അത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8,32). സത്യം എന്നതു ആത്യന്തികമായി ക്രിസ്തുതന്നെയാണ്. സത്യത്തെ പ്രഘോഷിക്കുകയും അനീതിയെ അപലപിക്കുകയും ചെയ്യുന്ന നമ്മുടെ രീതികളെ വിലയിരുത്താനുള്ള അളവുകോലാണ് അവിടുത്തെ ആർദ്രമായ കാരുണ്യം. സ്നേഹത്തോടെ സത്യത്തെ മുറുകെപ്പിടിക്കുക എന്നതാണ് നമ്മുടെ പ്രഥമ ദൗത്യം (എഫേ 4,15). ശാന്തതയിലും കരുണയിലും ചാലിച്ച സ്നേഹത്തോടെ മൊഴിയുന്ന വചസ്സുകൾക്കേ പാപപങ്കില ഹൃദയങ്ങളെ സ്പർശിക്കാനാവൂ. പരുഷവും ഉപദേശമാത്രവുമായ വാക്കുകളും പ്രവൃത്തികളും അവരെ കൂടുതൽ അകറ്റുകയും, സ്വാതന്ത്ര്യത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതിനുപകരം അവരിൽ തിരസ്കാരത്തിന്റെയും പ്രതിരോധത്തിന്റെയും ഭാവം ദൃഢീകരിക്കുകയും ചെയ്യും.

**കുടുംബ ബന്ധങ്ങളിലെ കാരുണ്യക്കൂട്**

കാരുണ്യാധിഷ്ഠിതമായ സാമൂഹികദർശനം അത്യധികം ആദർശാത്മകമോ, അതിരില്ലാത്തവിധം ദയാമയമോ എന്നു സംശയിക്കുന്നുണ്ട് ചിലർ. എന്നാൽ സ്വന്തം കുടുംബബന്ധങ്ങളിലെ പ്രാഥമികാനുഭവം എന്താണെന്ന് ഓർത്തുനോക്കുക. നമ്മുടെ മാതാപിതാക്കൾ നമ്മുടെ കഴിവുകളും നേട്ടങ്ങളും നോക്കിയാണോ നമ്മെ സ്നേഹിച്ചതും വിലമതിച്ചതും? അവർ സ്വാഭാവികമായും മക്കളുടെ നന്മമാത്രമേ കാംക്ഷിച്ചുള്ളൂ. പക്ഷേ, അവരുടെ സ്നേഹം ഒരു വ്യവസ്ഥയുടെയും അടിസ്ഥാനത്തിലായിരുന്നില്ല. നമ്മുടെ വീട് എപ്പോഴും നമ്മെ സ്വാഗതംചെയ്യുന്നിടമാണ് (Cf. Lk: 15,13–32), അപരിചിതർ കണ്ടുമുട്ടുകയും മത്സരിക്കുകയും ഒന്നാം സ്ഥാനത്തെത്താൻ വെമ്പുകയും ചെയ്യുന്ന വേദിയല്ല. അതൊരു കുടുംബമാണ്; ഏതുസമയത്തും കയറിച്ചെല്ലാവുന്ന, തുറന്ന വാതിലുകളുള്ള ഒരു വീട്. അങ്ങനെയൊരു സമൂഹസങ്കല്പം ഏവരിലും വളരണമെന്നാണ് എന്റെ ആഗ്രഹം. ഈ ആഗ്രഹം സഫലമാവണമെങ്കിൽ നാം മറ്റുള്ളവരെ ശ്രവിക്കുന്നവരാകണം. ആശയവിനിമയം എന്നത് പങ്കുവയ്ക്കലാണ്. പങ്കുവയ്ക്കലാകട്ടെ, ശ്രവണവും

(Listening) സ്വീകരണവുമാണ്. ശ്രവണം വെറുതെ കാതുകൊടുക്കലല്ല. കേൾക്കുക എന്നത് അറിവു സ്വീകരിക്കൽ മാത്രമാണ്; അതേസമയം ശ്രവണമാകട്ടെ, പരസ്പരബന്ധമാണ്; ഇഴയടുപ്പം ആവശ്യപ്പെടുന്നതു മാണ്. ശ്രവണം നേരായ മാർഗം കാണാൻ സഹായിക്കുന്നു. വെറും നിർജീവരായ കാഴ്ചക്കാരോ ഉപയോക്താക്കളോ ആകാൻ അനുവദി ക്കുകയുമില്ല. ശ്രവണം ചോദ്യങ്ങളുടെയും സംശയങ്ങളുടെയും പങ്കു വയ്ക്കലാണ്; പരസ്പരം ഓരം ചേർന്ന യാത്രയാണ്. സമ്പൂർണാധി കാരത്തിന്റെ അവകാശവാദങ്ങളെ അതു പുറംതള്ളുന്നു; നമ്മുടെ ദാന ങ്ങളെയും സിദ്ധികളെയും സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്ന ശുശ്രൂഷയാക്കി മാറ്റുന്നു.

ശ്രവണം സുഗമമല്ല; കേൾക്കുന്നില്ലെന്നു നടിക്കാൻ എളുപ്പ മാണ്. ശ്രവണം ശ്രദ്ധയും ധാരണയുമാണ്, വിലമതിക്കലും ബഹുമാനി ക്കലുമാണ്. അപരന്റെ വാക്കുകളെക്കുറിച്ചുള്ള ധ്യാനമാണ്. അത് രക്ത സാക്ഷിത്വം അഥവാ ആത്മബലി ആവശ്യപ്പെടുന്നു. കത്തുന്ന മുൾപ്പ ടർപ്പിനു മുന്നിൽ നില്ക്കുന്ന മോശയെ അനുകരിക്കാൻ ശ്രമിക്കലാണത്. അതിവിശുദ്ധസ്ഥലത്തു നില്ക്കുന്ന നാം ചെരിപ്പുകൾ അഴിച്ചുമാറ്റേണ്ട തുണ്ട്. പുറ 3:5-ൽ പറയുന്നു: ''എന്നോടു സംസാരിക്കുന്നവനുമായുള്ള നേർക്കാഴ്ചയാണ് (cg: പുറ 3:5) ശ്രവണം''. ശ്രവിക്കാൻ കഴിയുക എന്നത് അളവില്ലാത്ത കൃപയാണ്. നാം ചോദിച്ചുവാങ്ങേണ്ട ദാനമാ ണത്; അവശ്യമായും ചോദിച്ചുവാങ്ങേണ്ട ഒന്ന്.

**നവമാധ്യമങ്ങളുടെ അനന്തസാധ്യതകൾ**

ഈ-മെയിൽ സന്ദേശങ്ങൾ, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, അവയുടെ വിപുലശൃംഖല, അനൗപചാരികമായ സംഭാഷണങ്ങൾ - എല്ലാം ആശയവിനിമയത്തിന്റെ ആധുനികരൂപങ്ങളാണ്. സാങ്കേതിക ശാസ്ത്രമല്ല വിനിമയത്തിന്റെയും ബന്ധങ്ങളുടെയും ആധികാരികത നിർണയിക്കേണ്ടത്, മറിച്ച് മനുഷ്യഹൃദയവും മുന്നിലെ മാർഗങ്ങളെ വിവേകപൂർവം ഉപയോഗപ്പെടുത്താനുള്ള കഴിവുമാണ്. സാമൂഹിക മാധ്യമങ്ങൾ പരസ്പരബന്ധങ്ങളെ സുഗമമാക്കാനും പോഷിപ്പിക്കാനും സഹായിക്കുന്നു. അതേസമയം, ജാഗ്രതപുലർത്തിയില്ലെങ്കിൽ കൂടുതൽ ധ്രുവീകരണത്തിനും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള വിഭജന ത്തിനും അതു കാരണമാകാം. ഡിജിറ്റൽ ലോകം ഒരു മഹാചത്വരമാണ് - ഒരു സംഗമഭൂമി. ഒന്നുകിൽ പരസ്പരം അംഗീകരിക്കാം പ്രോത്സാ ഹിപ്പിക്കാം, അല്ലെങ്കിൽ പരസ്പരം അപമാനിക്കാം. ഒന്നുകിൽ അർത്ഥ പൂർണമായ സംവാദങ്ങളിൽ ഏർപ്പെടാം, അല്ലെങ്കിൽ അന്യായമായ

ആക്രമണത്തിൽ മുഴുകാം. കാരുണ്യത്തിൽ ജീവിച്ചുകൊണ്ട് ഈ ജൂബിലിവർഷം കൂടുതൽ തീക്ഷ്ണമായ സംവാദത്തിനു വാതിൽ തുറക്കട്ടെ. അതുവഴി കൂടുതൽ അറിയാം; മനസ്സിലാക്കാം; സംവൃത മനസ്സുകളെ കൂടുതൽ ഉദാരമാക്കാം. ഏതുതരത്തിലുള്ള (അടഞ്ഞ) വിവേചനത്തെയും ഹിംസയെയും വിദൂരതയിലേക്കു മാറ്റിനിർത്താം.

ഇന്റർനെറ്റ് നമ്മെ കൂടുതൽ നല്ല വിശ്വപൗരന്മാരാക്കട്ടെ, ഡിജിറ്റൽ വലയം അയൽക്കാരനോടുള്ള ഒരു ഉത്തരവാദിത്വം നമ്മെ ഏല്പിക്കുന്നു: നാം അവനെ കാണുന്നില്ല, എന്നാൽ അവൻ ഒരു യാഥാർത്ഥ്യമാണ്. ബഹുമാനിക്കപ്പെടേണ്ട അന്തസ്സ് അവനുണ്ട്. വിവേകപൂർവം ഇന്റർനെറ്റുപയോഗിക്കുക. അങ്ങനെ ആരോഗ്യകരവും പങ്കുവയ്ക്കുന്നതിൽ ഉദാരവുമായ ഒരു സമൂഹത്തെ പടുത്തുയർത്തുക.

**ഉപസംഹാരം**

ആശയവിനിമയബന്ധങ്ങൾ എവിടെയും എങ്ങനെയും പുതിയ ചക്രവാളങ്ങൾ മനുഷ്യർക്കായി തുറക്കുന്നു. അത് ദൈവത്തിന്റെ ദാനമാണ്. അതിനാൽത്തന്നെ വലിയ ഉത്തരവാദിത്വം അതുൾക്കൊള്ളുന്നു. ''സാമീപ്യം'' (Closeness) എന്നതിനെ വിളിക്കാനാണെനിക്കിഷ്ടം . ആശയവിനിമയബന്ധങ്ങളും കരുണയും തമ്മിലുള്ള നേർക്കാഴ്ച (Encounter) സഫലമാകണമെങ്കിൽ, കരുതലിന്റെയും സാന്ത്വനത്തിന്റെയും സൗഖ്യത്തിന്റെയും സൗഹൃദത്തിന്റെയും ആഘോഷത്തിന്റെയും ''ഇഴയടുപ്പം'' അതു സൃഷ്ടിക്കണം. തകർന്നതും ശകലിതവും ധ്രുവീകൃതവുമായ ലോകത്തിൽ കരുണയോടെ സാമൂഹികസമ്പർക്കവും ബന്ധവും പ്രായോഗികമാക്കണമെന്നതിന്റെ അർത്ഥം ആരോഗ്യകരവും സ്വതന്ത്രവും, ഭ്രാതൃസഹജവുമായ ഇഴയടുപ്പം മനുഷ്യമഹാകുടുംബത്തിലെ (സഹോദരസഹജ) സഹോദരീസഹോദരന്മാരും ദൈവത്തിന്റെ മക്കളും തമ്മിൽ സൃഷ്ടിക്കാൻ സഹായിക്കണമെന്നതാണ്.

വത്തിക്കാനിൽനിന്നും

**+ ഫ്രാൻസിസ് പാപ്പാ**

---

**NB:- മാധ്യമദിനമായ 2016 ജൂൺ 5-ാം തീയതി ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാനമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 09/2016***
***Prot. No.18620/2016***

കർത്താവിനാൽ ഏറെ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

പുതിയ സ്കൂൾവർഷം ആരംഭിച്ചിരിക്കുകയാണല്ലോ. മദ്ധ്യവേനൽ അവധിക്കാലം നിങ്ങൾ ഫലപ്രദമായും സന്തോഷകരമായും ചെലവഴിച്ചു എന്ന് ഞാൻ വിശ്വസിക്കുകയാണ്. പുതിയ വർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹവും പഠനത്തിൽ വിജയവും ആശംസിക്കുന്നു.

മാധ്യമങ്ങളിൽ നിന്ന് മനസ്സിലാകുന്നത് പത്താം ക്ലാസിലും പന്ത്രണ്ടാംക്ലാസിലും ഈ വർഷം പരീക്ഷ എഴുതിയവരിൽ മിക്കവരും ജയിച്ചു എന്നാണ്. കുറേപ്പേരെങ്കിലും ജയിക്കാതെയും ഉണ്ടാകും എന്നതും വസ്തുതയാണ്. ജയിച്ചവർക്കും ജയിക്കാത്തവർക്കും തുടർന്ന് പഠിച്ച് മിടുക്കരാകാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ജയിക്കാത്തവരും ഇഷ്ടപ്പെട്ട കോഴ്സുകൾക്ക് ചേരാൻ കഴിയാത്തവരും ഒന്നും ദു:ഖിക്കുകയും നിരാശരാകുകയും ചെയ്യേണ്ടതില്ല. അവസരങ്ങൾ നിങ്ങളെതേടി ഇനിയും വരും. ജയവും തോൽവിയും മനുഷ്യജീവിതത്തിന്റെ ഭാഗങ്ങളാണ്. എല്ലാവരും ഉത്സാഹിച്ച് ലക്ഷ്യബോധത്തോടെ പഠിച്ചാൽമതി. വിജയം സുനിശ്ചിതമാണ്.

ഈ വർഷം അവധിക്കാലത്ത് നിങ്ങൾ അനുഭവിച്ച ഒരു പ്രയാസം പ്രതികൂല കാലാവസ്ഥയായിരിക്കും. എന്തൊരുചൂട് എന്ന് നിങ്ങൾ പലപ്പോഴും പറഞ്ഞിരിക്കും. ശരിയാണ് ഈ വർഷം നമ്മൾക്ക് ഒരു തരത്തിൽ പറഞ്ഞാൽ സഹിക്കാവുന്നതിലും അധികം ചൂടായിരുന്നു. ഇതിന്റെ കാരണമെന്താണ്? കാലാവസ്ഥയിൽ വന്ന മാറ്റമാണ് അതിന്റെ കാരണം. അന്തരീക്ഷത്തിൽ ചൂട് വർദ്ധിച്ചു. മഴ കുറഞ്ഞു. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്? അതേപ്പറ്റി നമ്മൾ വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മൾ പഠിച്ച് ഡിഗ്രിയുമായി പുറത്തിറങ്ങു

മ്പോൾ നമ്മെ കാത്തിരിക്കുന്നത് ഇത്തരത്തിലുള്ള പ്രതിഭാസങ്ങളായിരിക്കും. കേവലം ഒരു ഡിഗ്രി ജീവിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ നമുക്ക് തരുകയില്ല. പണമുണ്ടെങ്കിലും നാം ജീവിക്കുന്ന സാഹചര്യങ്ങൾ അനുകൂലമാണെങ്കിലേ അതിജീവനം സാദ്ധ്യമാകുകയുള്ളു.

കാലാവസ്ഥയിൽ വരുന്ന ഈ മാറ്റങ്ങളുടെ കാരണക്കാർ ഒരു പരിധി നമ്മൾ തന്നെയാണ്. നമ്മുടെ പിഴവ് മാത്രമല്ല ഈ ദു:സ്ഥിതിക്ക് കാരണം എന്നതും സത്യമാണ്. എങ്കിലും നമ്മുടെ ഉത്തരവാദിത്വം നമ്മൾ നിർവ്വഹിക്കണമല്ലോ. മഴ പെയ്യാനുള്ള സാഹചര്യം ഒരുക്കുന്ന മരങ്ങളും കാടുകളും കുന്നുകളും മലകളും എല്ലാം വികസനത്തിന്റെ പേരിൽ നമ്മൾ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. മരങ്ങളുടെയും കാടുകളുടെയും അഭാവം, കോൺക്രീറ്റ് കെട്ടിടങ്ങളുടെ വർദ്ധന, വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തേക്ക് വരുന്ന പുകയും മറ്റ് വാതകങ്ങളും, അതുപോലെ നമ്മൾ ഉപയോഗിക്കുന്ന എയർകണ്ടീഷണർ, ഫ്രിഡ്ജ്, സ്പ്രേ പെർഫ്യൂം തുടങ്ങിയവയിൽ നിന്ന് വരുന്ന വാതകങ്ങൾ, പ്ലാസ്റ്റിക്കിന്റെ വർദ്ധിച്ച ഉപയോഗം, വെടിക്കെട്ടുകൾ, ചുറ്റുപാടും വലിച്ചെറിയുന്ന ചപ്പുചവറുകൾ, അടുപ്പിൽ നിന്നും ഉയരുന്ന പുക അങ്ങനെ നിരവധി കാര്യങ്ങൾ കാലാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. അതുകൊണ്ട് ഇപ്പറഞ്ഞ കാര്യങ്ങളിൽ നാം അതീവശ്രദ്ധ പുലർത്തണം. ഭൂമിയിൽ ചൂട് വർദ്ധിക്കുകയും മഴ ഇല്ലാതാവുകയും ജലം ലഭ്യമല്ലാതാകുകയും ചെയ്താൽ മനുഷ്യജീവിതം തന്നെ അസാദ്ധ്യമായിത്തീരും.

നിയന്ത്രണമില്ലാതെ കുഴൽക്കിണറുകൾ കുത്തുന്നതും, വയലുകളും കുളങ്ങളും തടാകങ്ങളും മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ പണിയുന്നതും മറ്റ് കൃഷികൾ ഇറക്കുന്നതും എല്ലാം ജലക്ഷാമത്തിന് കാരണമാകും. കാലംതെറ്റിവരുന്ന മഴയും മഴയില്ലായ്മയും തൽഫലമായി ഉണ്ടാകുന്ന ജലക്ഷാമവും എല്ലാം നമ്മെ കാത്തിരിക്കുന്ന ദുരന്തങ്ങളാണ്. മഴയില്ലാത്തതുകൊണ്ട് കിണറുകളും കുളങ്ങളും വറ്റുന്നു. അപ്പോൾ നമ്മൾ കൂടുതൽ കൂടുതൽ കുഴൽക്കിണറുകളെ ആശ്രയിക്കുന്നു. അതിനനുസരിച്ച് ഭൂമിക്കടിയിലെ വെള്ളവും വറ്റുന്നു. അങ്ങനെ ജലലഭ്യത വീണ്ടും കുറയുന്നു.

രാസവളങ്ങളും രാസകീടനാശിനികളും പ്ലാസ്റ്റിക്ക് പോലെയുള്ള കൃത്രിമവസ്തുക്കളും നമ്മുടെ മണ്ണിനെയും ജലത്തേയും വിഷമയ

മാക്കുന്നു. കൃഷിസ്ഥലങ്ങളിൽ ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കും എല്ലാം മണ്ണിനെ എന്നേയ്ക്കുമായി നശിപ്പിക്കുന്നു. വളക്കൂറെല്ലാം പോയി വെള്ളം താഴാത്ത മണ്ണായി നമ്മുടെ ഭൂമിമാറുന്നു. വിഷമയമായ ജലാശയങ്ങളിൽ നമ്മുടെ മിത്രങ്ങളായ മീൻ, തവള തുടങ്ങിയവയ്ക്ക് ജീവിക്കാൻ പറ്റാത്തവിധം ജലാശയങ്ങൾ വിഷമയമായിരിക്കുന്നു. ഈ വെള്ളം കുടിക്കുന്ന മനുഷ്യരും മൃഗങ്ങളും പലരോഗങ്ങൾക്കും അടിപ്പെടുന്നു. ചികിത്സയ്ക്കായി വലിയ തുകകൾ മുടക്കേണ്ടിവരുമ്പോൾ നമ്മുടെ സാമ്പത്തികഭദ്രത തകരുന്നു.

വെടിക്കെട്ടുകൾ കണ്ണിന് ഇമ്പം തരുന്നതാണെങ്കിലും അവ കാലാവസ്ഥാമാറ്റത്തിന് വലിയൊരളവുവരെ കാരണമാകുന്നു. വെടിക്കെട്ടിനുപയോഗിക്കുന്ന വെടിമരുന്നും, ശബ്ദവും നിറങ്ങളും വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കളും അന്തരീക്ഷത്തെ അതീവ മലീമസമാക്കുന്നു. അതിൽ നിന്നുയരുന്ന പുകയും മറ്റ് വാതകങ്ങളും അവ ശ്വസിക്കുന്നവരെ രോഗികളാക്കുന്നു. പുകയും വാതകങ്ങളും ശക്തമായ കാറ്റിൽ അനേകം കിലോമീറ്ററുകൾ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് ഒരു വലിയ പ്രദേശമാകെ മലിനമാകാം. വെടിക്കെട്ടുകൾ മൂലമുണ്ടാകുന്ന അപകടങ്ങളും കുറവല്ലല്ലോ. അങ്ങനെ അന്തരീക്ഷമലിനീകരണത്തിന് പുറമേ ആൾനാശത്തിനും വെടിക്കെട്ട് കാരണമാകുന്നു.

പ്രിയപ്പെട്ട കുട്ടികളേ, എന്തുകൊണ്ടാണ് അറിവും വിദ്യാഭ്യാസവും ഉണ്ട് എന്ന് അവകാശപ്പെടുന്ന മനുഷ്യൻ മേൽപ്പറഞ്ഞ രീതിയിൽ ഭൂമിയെയും അന്തരീക്ഷത്തേയും നശിപ്പിക്കുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? കാരണം നമുക്ക് എഴുത്തും വായനയും അറിയാമെങ്കിലും വലിയ ഡിഗ്രികൾ ഉണ്ടെങ്കിലും നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കേണ്ടത് എങ്ങനെയെന്ന കാര്യത്തിൽ അത്ര അറിവില്ല. അഥവാ അറിവുണ്ടെങ്കിലും നമ്മൾ അതിനനുസരിച്ച് പ്രവർത്തിക്കുന്നില്ല. അതിന്റെ കാരണം നമ്മുടെ സ്വാർത്ഥതയാണ്. എന്റെ കാര്യം എങ്ങനെയും നടക്കണം, മറ്റുള്ളവർക്ക് എന്തു സംഭവിച്ചാലും എനിക്ക് ശേഷം വരുന്നവർക്ക് എന്തു സംഭവിച്ചാലും എനിക്കൊന്നുമില്ല എന്ന ചിന്താഗതിയാണ് നമ്മൾ അങ്ങനെ ചിന്തിക്കാൻ കാരണം. ശരിയായ വിദ്യാഭ്യാസം കിട്ടാത്തതാണ് അതിന്റെ അടിസ്ഥാനം. യഥാർത്ഥ വിദ്യാഭ്യാസം അക്ഷരം എഴുതാനും വായിക്കാനും

പഠിക്കുന്നതോടൊപ്പം ഇങ്ങനെയുള്ള ധാർമ്മികബോദ്ധ്യങ്ങൾ ഉള്ള വ്യക്തികളായി രൂപാന്തരപ്പെടുന്നതിലുമാണ് അടങ്ങിയിരിക്കുന്നത്. അതിനാൽ അക്ഷരത്തോടൊപ്പം മേൽപ്പറഞ്ഞ ചിന്തകളിൽ അടിസ്ഥാനപ്പെടുത്തിയ ധാർമ്മികതയും നമുക്കുണ്ടാകട്ടെ. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2016 മെയ് മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ജൂൺ മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും കുട്ടികൾക്കുള്ള വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 10/2016*
*Prot. No.18633/2016*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദിക സഹോദരങ്ങളേ, സമർപ്പിതരായ സഹോദരീ സഹോദന്മാരേ, പ്രിയപ്പെട്ട മാതാപിതാക്കളെ, സഹോദരീ സഹോദന്മാരേ, വാത്സല്യമുള്ള കുട്ടികളേ,

നമ്മുടെ കത്തോലിക്കാ വിശ്വാസജീവിതത്തെ സംബന്ധിച്ചിട ത്തോളം അത് എത്രമാത്രം വൈദികരുടെ ശുശ്രൂഷകളുമായി ബന്ധ പ്പെട്ട് നിൽക്കുന്നു എന്ന് ഞാൻ പറയേണ്ടതില്ലല്ലോ. നമ്മിൽ ആദ്യമായി ക്രൈസ്തവ വിശ്വാസത്തിന്റെ വിത്തുകൾ പാകുന്നത് നമ്മുടെ മാതാ പിതാക്കളാണെങ്കിലും ആ വിത്തുകൾ മുളച്ച് ചെടികളാകാനും ഫലം തരാനും പ്രാപ്തമാകുന്നത് നമുക്ക് ഇടവകസംവിധാനങ്ങളും ഓരോ ഇടവകയേയും നോക്കിനടത്താൻ വൈദികരും ഉള്ളതുകൊണ്ടാണ് എന്നത് അനിഷേധ്യമായ വസ്തുതയാണ്. അതിനാൽ നമ്മുടെ വൈദി കരെ പ്രത്യേകമായി നന്ദിയോടെ ഓർക്കുകയും അവർക്ക് വേണ്ടി നിത്യവും പ്രാർത്ഥിക്കുകയും ചെയ്യാം. ഇപ്രകാരം വൈദികരെ നമുക്ക് നൽകിയ ദൈവത്തിന് നാം നിത്യവും നന്ദി പറയണം. അവരുടെ കുറ്റ ങ്ങളും കുറവുകളും പെരുപ്പിച്ച് കാണിക്കാതിരിക്കാനും അവ നമ്മുടെ കുടുംബങ്ങളിൽ ചർച്ച ചെയ്യാതിരിക്കാനും ശ്രദ്ധിക്കാം. കുടുംബങ്ങളിൽ നടക്കുന്ന നിഷേധാത്മകമായ ചർച്ചകൾ നമ്മുടെ കുട്ടികൾക്ക് ഉതപ്പു ണ്ടാക്കുകയും അവർ ഈ ജീവിതം തെരഞ്ഞെടുക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്യും. അങ്ങനെ വന്നാൽ അത് നമ്മുടെ സഭാ ജീവിത്തെ പ്രതികൂലമായി ബാധിക്കും എന്നത് വസ്തുതയാണ്. നമ്മുടെ കുടുംബങ്ങളിൽ വൈദികരെ സംബന്ധിച്ച് നല്ലത് പറയുകയും കുട്ടികളെ ഈ ജീവിതം തെരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അതുപോലെ ഇനിയും ധാരാളം പേർ വൈദികജീവിതത്തി ലേയ്ക്ക് കടന്നു വരാൻ ഇടയാക്കണമേ എന്ന് നമ്മുടെ കർത്താവിനോട് പ്രാർത്ഥിക്കുകയും വേണം. സമർപ്പിത ജീവിതത്തെ സംബന്ധിച്ചും ഈ പറഞ്ഞതെല്ലാം ബാധകമാണ്.

ലോകത്തിന്റെ പലഭാഗങ്ങളിലും പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ വൈദികരുടെ ലഭ്യത വളരെ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ തന്നെ ഇതരഭാഗങ്ങളിലും ആഫ്രിക്ക, തെക്കേ അമേരിക്ക മുതലായ രാജ്യങ്ങളിലും ധാരാളം ക്രൈസ്തവ സമൂഹങ്ങളുണ്ടെങ്കിലും വിശ്വാസത്തിൽ അവരെ വളർത്താൻ വൈദികരില്ലാത്തത് അവരുടെ വിശ്വാസജീവിത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ദൈവാനുഗ്രഹത്താൽ ഇന്നും ധാരാളം വൈദികരുണ്ട്. കേരളത്തിന്റെ തെക്കെ അറ്റംമുതൽ വടക്കേ അറ്റംവരെ സഞ്ചരിക്കുമ്പോൾ വഴിവക്കിൽ ഉയർന്ന് കാണുന്ന ദൈവാലയങ്ങൾ ഇതിന് സാക്ഷികളാണ്. കേവലം നൂറും അതിൽ താഴെയും കുടുംബങ്ങളുള്ള ഇടവകകൾക്ക് പോലും സ്വന്തമായി വികാരിയച്ചന്മാരുണ്ടാകുക എന്നത് പല സ്ഥലങ്ങളിലും അചിന്തനീയമാണ്. നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ആണ്ടിൽ ഒരിക്കലെങ്കിലും ഒരു വിശുദ്ധ കുർബാന ലഭ്യമാകുക എന്നത് പലപ്പോഴും ഒരു ആഡംഭരം തന്നെയാണ്.

മുൻകാലങ്ങളിൽ പാശ്ചാത്യസഭയിലെ വിശ്വാസികളും ഇടവകകളും സംഘടനകളും നമ്മുടെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി ചെറുതും വലുതുമായ തുകകൾ നൽകി നമ്മെ സഹായിച്ചിരുന്നു. അതുകൊണ്ട് നമ്മുടെ കുട്ടികൾ സെമിനാരികളിൽ പഠിക്കാനുള്ള ചെലവുകൾ നടത്തിക്കൊണ്ട് പോകാൻ വലിയ ബുദ്ധിമുട്ടില്ലായിരുന്നു. നമ്മുടെ രൂപതകൾ സാമ്പത്തികമായി അത്ര മെച്ചപ്പെട്ട നിലയിലല്ലായിരുന്നപ്പോഴും നമുക്ക് വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കാൻ കഴിഞ്ഞിരുന്നത് ഈ സഹായം കൊണ്ടാണ്. എന്നാൽ ഇന്ന് സ്ഥിതിഗതികൾ വളരെയധികം മാറി. പാശ്ചാത്യസഭയിലെ ഇടവകകളിൽ അംഗസംഖ്യ വളരെ കുറഞ്ഞു. പള്ളിയിൽ വരുന്നവർ ഏറിയപങ്കും വളരെ പ്രായമായവരും കേവലം പെൻഷൻ തുകമാത്രം വരുമാനം ഉള്ളവരും ആണ്. യുവതലമുറയ്ക്ക് വിശ്വാസജീവിതത്തിൽ അത്ര താൽപര്യമൊന്നുമില്ല. അതുകൊണ്ട് തന്നെ പള്ളികളിൽ ലഭിക്കുന്ന സംഭാവനകളിൽ വലിയ ഇടിവും സംഭവിച്ചു. ഈ പശ്ചാത്തലത്തിൽ കാര്യമായ സാമ്പത്തിക സഹായമൊന്നും അവരിൽ നിന്ന് നമ്മൾ പ്രതീക്ഷിക്കേണ്ടതില്ലല്ലോ. അവരുടെ സഹായം ഏതാണ്ട് തീർത്തും ഇല്ലാതായിക്കഴിഞ്ഞു എന്നതാണ് സത്യം. ചുരുക്കം ചില വ്യക്തികൾ അവരുടെ വ്യക്തിപരമായ ബന്ധത്തിന്റെ പേരിൽ ആരെയെങ്കിലുമൊക്കെ സഹായിക്കുന്നുണ്ടാകാം. അതായത് നമ്മുടെ വൈദികവിദ്യാർത്ഥികളെ നമ്മൾ തന്നെ

പണം മുടക്കി പഠിപ്പിക്കണം എന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. എന്നുതന്നെയുമല്ല നമ്മുടെ ആവശ്യമാണല്ലോ നമുക്ക് വൈദികർ ഉണ്ടാകുക എന്നത്. അതിന് മറ്റുള്ളവർ ബുദ്ധിമുട്ടണം എന്ന് പറയുന്നതിൽ യുക്തിഭംഗവുമുണ്ട്.

ദൈവാനുഗ്രഹത്താൽ നമ്മുടെ സാമ്പത്തികനിലവാരം ഇന്ന് വളരെ ഉയർന്നിട്ടുണ്ട്. നമ്മുടെ നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളും കടകളിൽ ലഭ്യമായ വസ്തുക്കളുടെ ബാഹുല്യവും നമ്മുടെ ആഘോഷങ്ങൾക്ക് നമ്മൾ മുടക്കുന്ന തുകയുടെ വർദ്ധനവും എല്ലാം അതാണ് സൂചിപ്പിക്കുന്നത്. ഇന്ന് മിക്ക വീടുകളിലും കുട്ടികളുടെ എണ്ണം രണ്ടിൽ ഒതുങ്ങുന്നു. നല്ല വിദ്യാഭ്യാസം ലഭിക്കുന്നതുകൊണ്ട് അവർക്ക് നല്ല ശമ്പളമുള്ള ജോലികളും ലഭിക്കുന്നു. അവർക്കായി മാതാപിതാക്കൾ കൂടുതലായൊന്നും കൊടുക്കേണ്ടിയും വരില്ല. ഈ സാഹചര്യത്തിൽ നമ്മുടെ വൈദികവിദ്യാർത്ഥികൾക്ക് ആവശ്യമായ പണം ഇവിടെത്തന്നെ കണ്ടെത്താൻ കഴിയും. ചിലരെങ്കിലും അവരുടെ കുടുംബത്തിൽ നിന്ന് ഒരു വൈദികൻ ഉണ്ടായിക്കാണാൻ ആഗ്രഹിച്ചിട്ട് അത് നടക്കാതെ പോയിട്ടും ഉണ്ടാകും. അങ്ങനെയുള്ളവർക്ക് ഒരു വൈദിക വിദ്യാർത്ഥിയെ പരിശീലിപ്പിക്കാനുള്ള അവസരവും ഇപ്പോഴുണ്ട്. മാതാപിതാക്കൾ പ്രായമാകുമ്പോൾ മക്കൾക്ക് സ്വത്ത് വീതംവച്ച് കൊടുക്കുമല്ലോ. ആ അവസരത്തിൽ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി സ്ഥലമോ പണമോ ഒക്കെ നീക്കി വയ്ക്കുന്ന പതിവും നമ്മൾ തുടങ്ങണം. ഇത്തരം പതിവുകൾ പാശ്ചാത്യലോകത്തുണ്ട്.

മാനന്തവാടി മൈനർസെമിനാരിയിൽ മൂന്ന് വർഷം, തുടർന്ന് മൂന്ന് വർഷം ഡിഗ്രിപഠനം, അതിന് ശേഷം രണ്ട് വർഷം തത്വശാസ്ത്രപഠനം, പിന്നീട് രണ്ട് വർഷം ബിരുദാനന്തരപഠനം, അവസാനമായി മൂന്നരവർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് ഇപ്പോൾ വൈദികപരിശീലനം നടക്കുന്നത്. മൈനർ സെമിനാരിപഠനത്തിന് ശേഷം പല മേജർ സെമിനാരികളിലേക്കാണ് കുട്ടികൾ അയക്കപ്പെടുന്നത്. ഓരോ സെമിനാരിയുടേയും സാഹചര്യമനുസരിച്ച് അവിടെ കൊടുക്കേണ്ട തുകയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. ഒരു സെമിനാരിയിൽ ഒരു വർഷം വരുന്ന ആകെ ചെലവിനെ അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന തുകയാണ് ഓരോ കുട്ടിക്കും കൊടുക്കേണ്ടത്. സെമിനാരികളിൽ ചെലവാകുന്ന തുകയുടെ ഏറ്റക്കുറച്ചിലനുസരിച്ച് രൂപതകൾ കൊടുക്കേണ്ട തുകയിലും ഏറ്റക്കുറച്ചിലുകൾ

ഉണ്ടാകാം. വർഷങ്ങൾ മുമ്പോട്ട് പോകുംതോറും ചെലവുകൾ കൂടുകയേയുള്ളു എന്നതും വസ്തുതയാണല്ലോ.


നമ്മുടെ രൂപതയ്ക്ക് വേണ്ടി ശരാശരി നൂറ് കുട്ടികളെങ്കിലും വിവിധ സെമിനാരികളിലായി ഓരോ വർഷവും പഠിക്കുന്നുണ്ടാകും. അവരുടെ മേൽപ്പറഞ്ഞ രീതിയിലുള്ള പഠനച്ചെലവുകൾക്ക് നമ്മൾ പണം കണ്ടെത്തണം. വിദ്യാർത്ഥികളുടെ കുടുംബങ്ങളിൽ നിന്ന് ഇപ്പോൾ വർഷം അയ്യായിരം രൂപ വച്ചാണ് വാങ്ങിക്കുന്നത്. ബാക്കി രൂപതയിൽ നിന്ന് തന്നെ കണ്ടെത്തണം. സ്ഥിരവരുമാനം കാര്യമായൊന്നും ഇല്ലാത്ത നമ്മുടെ രൂപതയ്ക്ക് ഇത്രയും വലിയ തുക കണ്ടെത്താൻ എളുപ്പമല്ല. അതിനാൽ ഉപകാരികളിലൂടെയാണ് തുക സമാഹരിക്കുന്നത്. രൂപതയിലെ ചുരുക്കം ചില വ്യക്തികളും ഇടവകകളും സമർപ്പിതസമൂഹങ്ങളും ഇപ്പോൾ തന്നെ സംഭാവനകൾ തരുന്നുണ്ട്. അവരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇനിയും ധാരാളം പേർക്ക് തരാൻ സന്മനസ്സുണ്ട് എന്നെനിക്കറിയാം. അവരെ സമീപിക്കാനും സംഭാവനകൾ സ്വീകരിക്കാനും ഒരു സംവിധാനം ഒരുക്കിയാൽ മതി. ഈ ഉദ്ദേശത്തോടെ നമ്മുടെ രൂപതയിൽ ഒരു വൈദികനെ ഈ വർഷം മുതൽ നിയമിച്ചിട്ടുണ്ട്. രൂപതാ മൈനർ സെമിനാരിയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഏലംകുന്നേലച്ചനാണ് (*മേൽവിലാസം: Mount Mary College, PO Box 1, Mananthavady 670645, Mobile: 9447882293*) ഇപ്രകാരം നിയമിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന് രണ്ട് ചുമതലകളാണ് കൊടുത്തിരിക്കുന്നത്. ഒന്ന്, വൈദികജീവിതത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുകയും താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക. രണ്ട്, ഇടവകകൾ സന്ദർശിച്ച് വൈദിക പരിശീലനത്തിനായി സാമ്പത്തികമായി സഹായിക്കാൻ താത്പര്യമുള്ളവരെ കണ്ടെത്തി സംഭാവനകൾ സ്വീകരിക്കുകയും അതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക.

ബഹുമാനപ്പെട്ട ഏലംകുന്നേലച്ചൻ എല്ലാ ഇടവകകളും സന്ദർശിക്കുന്നതാണ്. അദ്ദേഹത്തിന് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഇടവകവികാരിയച്ചന്മാരോടും അസേന്തിയച്ചന്മാരോടും അഭ്യർത്ഥിക്കുന്നു. ഞായറാഴ്ചകളിലും അതുപോലെയുള്ള പ്രധാനപ്പെട്ട ദിവസങ്ങളിലും അദ്ദേഹം ഇടവകകൾ സന്ദർശിക്കാനും സംഭാവനകൾ തരാൻ താത്പര്യമുള്ളവരെ സമീപിക്കാനും വരുന്നതാണ്. അപ്പോൾ വിശുദ്ധ കുർബാന

യർപ്പിച്ച് ഇക്കാര്യങ്ങൾ ഇടവകജനത്തോട് വിശദീകരിക്കാനുള്ള സൗകര്യമാണ് ചെയ്ത് കൊടുക്കേണ്ടത്. അതുപോലെ സംഭാവനകൾ കൊടുക്കാൻ താത്പര്യമുള്ളവരുടെ വീടുകൾ സന്ദർശിക്കാനും ഇക്കാര്യങ്ങൾ കൂടുതൽ വിശദീകരിക്കാനും അവസരം ഒരുക്കിക്കൊടുക്കണം എന്നും അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ എല്ലാവരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഇത്തരുണത്തിൽ വൈദികരുടെ രാജ്ഞിയും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയുമായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്തിന് ബഹുമാനപ്പെട്ട ഏലംകുന്നേലച്ചനേയും അദ്ദേഹത്തിന്റെ ദൗത്യത്തേയും ഭരമേൽപ്പിക്കുന്നു. ഈ ദൗത്യം വിജയപ്രദമാകുന്നതിന് നമുക്ക് കർത്താവിനോട് പ്രാർത്ഥിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2016 മെയ് മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ജൂൺ മാസം 19-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**FINAL STATEMENT OF THE 32ND PLENARY ASSEMBLY OF THE CATHOLIC BISHOPS' CONFERENCE OF INDIA (CBCI), HELD AT ST. JOHN'S, BANGALORE, FROM 2ND TO 9TH MARCH, 2016, WITH THE MAIN THEME**

***"RESPONSE OF THE CHURCH IN INDIA TO THE PRESENT DAY CHALLENGES"***

## 1.0. PREAMBLE

The Second Vatican Council declared in the Pastoral Constitution of the Church in the Modern World: "The joys and the hopes, the griefs and the anxieties of the men of this age, especially those who are poor or in any way afflicted, are the joys and hopes, the griefs and anxieties of the followers of Christ." (Gaudium et Spes, no. 1). Jesus proclaimed the Kingdom of God (Mark 1: 14-15) and called upon His followers to pray and work (Matthew 6: 9-13) for the realization of the Kingdom of God. As sacrament of salvation, the Church is a sign and instrument of communion with God and with humanity (Lumen Gentium, no. 1:1). In this YEAR OF MERCY, in communion with the Universal Church, let us be channels of God's mercy to one and all, especially the poor, the deprived, the sick and suffering. And thus, making our contribution to our beloved nation.

As leaders of the Church, 182 Bishops from 170 Dioceses of the Church in India are gathered at St. John's National Academy of Health Sciences, Bangalore, from 02 to 09 March 2016 to deliberate on "The Response of the Church in India to the Present Day Challenges" during the 32nd Plenary Assembly of the Catholic Bishops' Conference of India (CBCI). The Church in India is a vibrant community making significant contribution to nation building through education, social development, health care and service, especially to the poor. The CBCI appreciates the spirit of understanding and collaboration among the three Sui Iuris Churches. The composite culture of India has noble values of religiosity, peace, simplicity and tolerance as lived by Mahatma Gandhi and various Indian sages. We, however, express our sorrow over the killing of innocent people by extremists in India and in various parts of the world. We are shocked by the recent killing of the nuns of the Missionaries of Charity and their collaborators in Yemen.

The Bishops have resolved to respond to the challenges facing the Church in India, identifying the following:

## 2.0. CHALLENGES WITHIN THE CHURCH AND WITHIN THE COUNTRY

### 2.1. CHALLENGES WITHIN THE CHURCH

i. Declining family values - tensions and break ups in families, an increasing number of divorces, abortions and a lack of understanding of marriage as a sacrament.
ii. Growing materialism, consumerism and addiction to social media, due to decline of spiritual and moral values.
iii. Growing indifference and lack of commitment to the Christian vocation.
iv. Insensitivity regarding gender, caste, language, creed, status and region.
v. Lack of commitment to Ecumenical unity
vi. Excessive preoccupation with institutionalization.
vii. Insufficient zeal and fear of proclaiming Christ as unique Saviour.
viii. Large scale migration of families affecting community life.

### 2.2. CHALLENGES WITHIN THE COUNTRY

i. Large scale poverty and growing gap between the rich and the poor
ii. Corruption, illiteracy, child labour, increasing unemployment, growing addiction to alcohol and drugs.
iii. Atheistic Secularism (and practical atheism)
iv. Narrow unitary cultural Nationalism
v. Sensationalism and dictatorship of a section of the media.
vi. Systematic concerted effort to manipulate the education system
vii. Opposition to the fundamental human right of every person to convert.
viii. Widespread intolerance, religious fanaticism and fundamentalism, attacks and atrocities against intellectuals, social activists, religious personnel and institutions.
ix. Violation of Fundamental Rights enshrined in the Constitution, esp. minority rights
x. Growing criminalization and terrorism.
xi. Denial of SC status to Christian Dalits.

## 3.0. Restating the Vision and Mission

**3.1. VISION:** As a community of Christ's disciples, the Church is at the service of the Kingdom of God. As an inclusive and welcoming community, the Church which is a continued presence of Christ, actualizes the

values of love, justice, equality, mercy and peace. As light, salt and leaven of society, she lives in total solidarity with people, especially the poor.

**3.2. MISSION:** The Church is called to lead people to an encounter with Christ, practising the Gospel values and living for the wellbeing of people without fear and discrimination on the basis of caste, creed, gender, language, culture or status in society.

**4.0. The Response of the Church in India to the Present Day Challenges**

The following areas were chosen by the Bishops for review and for an appropriate response: i) Family Life Today ii) Renewal of Consecrated Life iii) The Lay Faithful and the Mission of the Church iv) Ecumenism v) Inter-religious Dialogue vi) The Education Apostolate and vii) Care of the Earth, our Common Home and viii) A New Way of Being Church for an effective response

**4.1. FAMILY LIFE**

The well-being of the Church and the society at large are intimately linked with the nurturing of the family. It is the lifeline of the Church and society (Instrumentum Laboris, nos. 32, 38). However, "married love is too often dishonoured by selfishness, hedonism and unlawful contraceptive practices" (Gaudium et Spes, no. 47). The two recent Synods on the Family, held in Rome, have drawn attention to the urgency of providing sustained pastoral care to families.

**Proposals:**

1. Frequent visits of Parish Priests to the families
2. Organizing Marriage Encounter and Marriage Enrichment Programmes.
3. Educating families to live in unity and to reach out to others.
4. Responding to the challenges, the media and society pose for family life. e.g. prolife issues, issues in human sexuality, pornography and marital fidelity.
5. Promoting Family counselling centres and Diocesan Family Commissions, training seminarians and priests to be family counsellors, accompanying them constantly.
6. Promoting family values, family prayer, family meals, family outings and use of bible sharing methods through SCC's.
7. Creating facilities for care of the elderly, respecting them and learning from them.

## 4.2. RENEWAL OF CONSECRATED PERSONS

The Catholic Church in India is blessed with over one hundred and twenty five thousand religious priests, religious brothers and religious sisters, who serve the Church significantly through a large network of educational, health care and social service institutions. Even as we greatly appreciate the selfless and dedicated life of the consecrated persons, in recent times, there is a decrease in the number of candidates opting for consecrated life. A fresh, creative and a self-critical approach is needed in order to make this gift of God more attractive and relevant. While appreciating the generous commitment of thousands of clergy who are witnessing the mercy of God through parish community and their attached apostolate, we are of the opinion that priestly life needs a thorough renewal and updating.

**Proposals:**

1. Rediscovering the Founder's charism and rededicating oneself to pastoral ministry with a clear shift of emphasis from maintenance to mission.
2. Consecrated way of life should be a combination of contemplation and active service, as recommended by St. John Paul II.
3. Maintaining the quality of Consecrated life by careful selection of candidates and Christ centred formation and commitment to the poor.
4. Participating in the mission of the Church through greater collaboration with the Bishop and integration into the pastoral life of the parish community.

## 4.3. THE LAY FAITHFUL AND THE MISSION OF THE CHURCH

The lay faithful have a distinct role in the spreading of the Gospel, which the Church really needs them to carry out with the authority, creativity, and power that the Holy Spirit has given them in Baptism. Lumen Gentium no. 31 states: "the laity, by their very vocation, seek the kingdom of God by engaging in temporal affairs and by ordering them according to the plan of God. They live in the world, that is, in each and in all of the secular professions and occupations. … They are called there by God that by exercising their proper function and led by the spirit of the Gospel they may work for the sanctification of the world from within as a leaven". The laity likewise share in the priestly, prophetic, and royal office of Christ (*Apostolicam Actuositatem,* no. 2).

**Proposals:**

1. Accepting the dignity, role and importance of the role of the lay faithful in the Church

2. Encouraging the laity to involve themselves in the Church and temporal order, through the Small Christian Communities (SCC's).
3. Undertaking faith formation and professional training programmes.
4. Encouraging our laity to take up important leadership positions in the Parliament, Assemblies, Civil Services, Entrepreneurship in business and in the judiciary.
5. Recognizing the dignity of labour by providing just wages and social security.
6. Helping and encouraging lay faithful by providing them with scholarships and facilities and promoting lay participation in the life and mission of the Church.

### 4.3.1. THE MARGINALIZED AND WEAKER SECTIONS WITHIN THE CHRISTIAN COMMUNITY (VIZ. THE DALITS, TRIBALS, DIFFERENTLY ABLED and WOMEN)

The Church commits herself to the liberation of the weaker sections, like tribals, women and dalits. She wants to reach out more to the unorganized groups like fisher-flock, farmers, migrants, domestic workers, victims of trafficking, through advocacy and networking with NGO's and other like-minded groups and individuals, dedicated to the cause of the poor.

**Proposals:**

1. Realizing that caste system is a reality in India, which has also crept in certain parts of the Church, we need to pursue with the Government that Christian Dalits be treated on par with the Hindu Dalits.
2. Introducing positive measures to integrate Christians of Dalit origin along with others in the Church through education and employment.
3. Strengthening advocacy on the socio-political, economic and cultural rights of Tribals, enshrined in the Constitution of India.
4. Fostering advocacy and networking to address the issues of land alienation, induced displacement, human trafficking and migration.
5. Showing sensitivity to the differently abled by providing facilities that suit their needs.
6. Alleviating the plight of the farmers in distress and preventing suicide of our farmers.
7. Fostering gender equity and providing a greater role of women in our collaborative structures.
8. Establishing/ Revitalizing Grievance Cells to address women's issues to protect their rights.

**4.3.2. YOUTH APOSTOLATE:**

Recognizing that India is predominantly young, so is the Church in India, there is an urgent need to prepare tomorrow's leaders today.

**Proposals:**

1. Promoting youth apostolate at all levels, such as the Jesus Youth, YCS/YSM, ICYM and AICUF and Youth Associations of the Sui Iuris Churches (SMYM and MCYM) in all parishes and institutions.
2. Encouraging faith formation for youth through YOUCAT, DOCAT and Youth Bible, fostering ethical and moral values, enhancing critical thinking and problem solving.
3. Promoting young talents for leadership roles in the Church and society, particularly in political life and civil service.

**4.4.1. ECUMENISM**

Our common faith in God through Baptism is the foundation for us to overcome divisions among Christians and to promote mutual relations, friendship and collaboration. "The restoration of unity among all Christians is one of the principal concerns of the Second Vatican Council. Christ the Lord founded one Church and one Church only…However, many Christians…differ in mind and go their different ways, as if Christ Himself were divided" (Unitatis Redintegratio, no. 1). Therefore, the need of the hour is to take initiatives to foster better cooperation among Christians through dialogue and common ecumenical services.

**Proposals:**

1. Creating ecumenical bodies such as Inter-Church Councils and United Christian Groups (at Regional and National Level)
2. Dialoguing with ecumenical groups to study social and legal issues (such as environmental issues human rights and legal issues).
3. Organizing of special programmes for training seminarians, priests, religious and laity in Ecumenism.
4. Reaching out and dialoguing with fundamentalist groups and sects.
5. Promoting Spiritual Ecumenism - common prayers, using common ecumenical bibles and sharing spiritual riches.

**4.4.2. INTER-RELIGIOUS DIALOGUE:**

Inter-religious dialogue has become an urgent priority today. The goal of dialogue is to establish friendship, peace and harmony and to share spiritual and moral values and experiences in a spirit of truth and love. Redemptoris Missio clearly states that "inter-religious dialogue is

part of the Church's evangelizing mission". "In the light of the economy of salvation, the Church sees no conflict between proclaiming Christ and engaging in interreligious dialogue… Each member of the faithful and all Christian communities are called to practice dialogue. Dialogue is a path toward the kingdom" (Redemptoris Missio, no. 56, 57).

**Proposals:**

1. Introducing Formation Programmes on inter-religious dialogue in our institutions, seminaries and formation houses.
2. Including Inter-religious dialogue as a subject in school catechism classes.
3. Promoting Inter-religious dialogue through SCC's.
4. Respecting the sentiments of the people of other religions.
5. Using Catholic Guilds and other Associations to promote dialogue with businessmen, politicians, journalists.
6. Organizing training programmes for promoting justice and peace.
7. Promoting religious harmony and National Integration through a proactive and conciliatory role.
8. Breaking the divisive and intolerant walls of caste, language and ethnicity.

**4.5. THE EDUCATION APOSTOLATE**

Educational Institutions need to rise above the maintenance mode to impart holistic education with a heart for the poor and the marginalized. The CBCI Education Policy has clearly stated: "The Catholic educational institutions are to provide inclusive and holistic education especially for the marginalized and girls enabling them to live life to the full and responsibly, thus transforming the individual and society" (AICEP 2007).

**Proposals:**

1. Having recourse to legal action when Constitutional rights are violated and the appointment/approval of staff, issue of Minority certificate, grant in aid, scholarships and other support systems are denied.
2. Promoting Faith formation of Christian students and value education, reaching out to those living in "social and geographical periphery" and providing quality education in the slums and rural areas.
3. Recognizing the need to positively promote higher education institutions, to form persons of character and conviction, capable of delivering quality leadership and administrative service, upholding the constitutional values and the socialistic, secular and democratic

character of our country (National Education Coordinators' Meet, 18 December 2015).

4. Networking with local, district and state leaders and administrators and befriending people of the neighbourhood and all people of good will to ensure administrative autonomy, proper to the Minority institutions.
5. Providing educational opportunities, especially to the socially backward and girl children, and ensuring administrative transparency, financial accountability and participatory management.

**4.6. CARE OF THE EARTH, OUR COMMON HOME**

The ruthless exploitation of the earth's resources has adverse effects on humanity. Pope Francis affirmed: "As stewards of God's creation, we are called to make the earth a beautiful garden for the human family. When we destroy our forests, ravage our soil and pollute our seas, we betray that noble calling" (Speech, Manila, Philippines, January 18, 2015). In this regard, we must go to the heart of the ecological degradation and advocate an education in ecological responsibility because "we are all really responsible for all".

**Proposals:**

1. Every Diocese and Parish to draw up an Environment (Green) Policy.
2. Organizing programmes for protecting the environment and fostering love for nature.
3. Encouraging use of solar energy, rain-water harvesting, and use of bio-gas plants.
4. Promoting sustainable development through change of lifestyle (reuse, reduce, recycle).
5. Encouraging organic farming and say no to pesticides and plastics.
6. Facilitating Environmental Education and Ecological Conversion

**4.7. A NEW WAY OF BEING CHURCH FOR AN EFFECTIVE RESPONSE**

Both Blessed Mother Teresa and Pope Francis are exemplary models for living with such a vision and mission. Mother Teresa changed her routine way of living and made a radical decision for living her religious / consecrated life in a thoroughly new way. So also, the lifestyle of Pope Francis challenges us to be authentic in our Christian vocation, by freeing ourselves of traditional structures, institutionalisation and to break new ground, shedding the comforts and privileges of office and status, embodying the gracious mercifulness and love of Christ and bringing the joy of the Gospel to one and all. "…All of us are asked to obey his call

(the Lord's) to go forth from our own comfort zones in order to reach all the "peripheries" in the light of the Gospel" (Evangelii Gaudium, no. 20). We are also challenged and inspired by the exemplary life of the Saints of India, namely, St. Thomas the Apostle, St. Francis Xavier, St. Gonsalo Garcia, St. Alphonsa, St. Kuriakose Elias Chavara, St. Euphrasia, St. Joseph Vaz, Blessed Mother Teresa, Blessed Devasahayam Pillai, Blessed Maria Theresa Chiramel, Blessed Augustine Thevarparampil (Kunjachan), Servant of God, Father Constant Lievens and others.

### 4.7.1. BISHOPS AND PRIESTS:

Bishops and priests, while exercising their role as administrators, should be first and foremost, shepherds of the flock, available and service minded. Their lifestyle should be an example of simplicity and spirituality that can be an inspiration to everyone.

**Proposals:**

1. Shunning excessive institutionalization, clericalism and extravaganza.
2. Animating pastoral structures, such as Diocesan/Parish Pastoral Councils and Finance Committees, etc.
3. Adopting simple lifestyle, following the example of the Good Shepherd and opening our houses and our institutions to the poor.
4. Rediscovering the power of the Word of God and prayer
5. Making apostolates, such as healthcare, social development and education into agents of evangelisation.
6. Refashioning the formation of priests and religious, enabling them to respond to the challenges of our times with faith and courage.
7. Promoting transparency and accountability at all levels of Church's administration.

### 5.0. CONCLUSION:

As authentic citizens of the country, we repose our confidence in the democratic values and the Constitution of India. Trusting in God's grace, love and mercy, we march ahead to carry out our God-given mission, confident of the goodwill and support of our people everywhere. We appeal to all people of goodwill in India to join hands with us in solidarity to work for a better Church and a better society. May Blessed Virgin Mary, Mother of Mercy and Star of Evangelization, who brought joy and hope to the world, guide us and help us to fulfil our mission.

09.03.2016 **Baselios Cardinal Cleemis**
Bangalore President, CBCI

# അല്മായരുടെ സമയം വന്നിരിക്കുന്നു

**ലാറ്റിനമേരിക്കൻ ജനതയുടെ ജീവിതത്തിൽ**

*ലാറ്റിനമേരിക്കൻ ജനതകളുടെ ജീവിതത്തിൽ അല്മായരുടെ സമയം സമാഗതമായി. പക്ഷേ, "ക്ലോക്ക് നിലച്ചുപോയി എന്നു തോന്നുന്നു". ലാറ്റിനമേരിക്കയ്ക്കു വേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ അവസാന സമ്പൂർണ്ണ സമ്മേളനത്തിൽ നിന്ന് ഉയർന്നു വന്ന വിചിന്തനങ്ങൾ, കർദ്ദിനാൾ മാർക്ക് ഔലെറ്റ് പി. എസ്. എസി നുള്ള ഒരു കത്തിൽ ഫ്രാൻസീസ് മാർപാപ്പ വിപുലീകരിച്ചു. "പൊതു ജീവിതത്തിൽ അൽമായ പങ്കാളിത്തം" എന്ന വിഷയത്തെക്കുറിച്ച് 2016 മാർച്ച് മാസത്തിൽ വിളിച്ചുചേർത്ത സമ്മേളനത്തിൽ കർദ്ദിനാൾ ആയി രുന്നു അദ്ധ്യക്ഷത വഹിച്ചത്. സ്പാനിഷ് ഭാഷയിൽ മാർപാപ്പ എഴുതിയ കത്തിന്റെ പരിഭാഷ ചുവടെ.*

**അഭിവന്ദ്യ കർദിനാൾ,**

ലാറ്റിൻ അമേരിക്കയ്ക്കും കരീബിയനും വേണ്ടിയുള്ള കമ്മീഷന്റെ സമ്മേളനത്തിന്റെ അവസാനം, അതിൽ പങ്കെടുത്ത എല്ലാവരെയും കാണുവാൻ എനിക്ക് അവസരമുണ്ടായി. അതിനിടയിൽ നമ്മുടെ ജനതകളുടെ ജീവിതത്തിൽ അല്മായർ പരസ്യമായി പങ്കെടുക്കുന്നതുസംബന്ധിച്ചുള്ള പ്രതികരണങ്ങളും ആശയവിനിമയങ്ങളും നടന്നു.

ഇപ്പോൾ ആ നേർക്കാഴ്ചയിൽ പങ്കുവയ്ക്കപ്പെട്ടത് ഒന്ന് ആവർത്തിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ആ ദിവസങ്ങളെക്കുറിച്ചുള്ള ഒരു വിചിന്തനത്തോടെ അതിനെ പിന്തുടരുവാനും, തുടർനടപടികൾ സ്വീകരിക്കുവാനും ഞാനാഗ്രഹിക്കുന്നു. വിവേചിച്ചറിയലിന്റെയും വിചിന്തനത്തിന്റെയും ചൈതന്യം "നിശൂന്യതയിൽ നിപതിക്കാതിരിക്കാനാണത്." അത് നമ്മെ സഹായിക്കുവാനും, ദൈവത്തിന്റെ വിശുദ്ധജനമായ വിശ്വാസികളെ മെച്ചപ്പട്ട രീതിയിൽ ശുശ്രൂഷിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നത് തുടരുവാനും വേണ്ടിയാണത്.

നമ്മുടെ ലാറ്റിൻ അമേരിക്കൻ പശ്ചാത്തലത്തിൽ, അൽമായരുടെ പരസ്യജീവിതപ്രവർത്തനങ്ങളെക്കുറിച്ചുള്ള നമ്മുടെ വിചിന്തനം ആരംഭിക്കുവാൻ ഞാനാഗ്രഹിക്കുന്നത് ചുരുക്കത്തിൽ ഈ ഭാവനാ ചിത്രത്തിൽ നിന്നാണ്. ദൈവത്തിന്റെ വിശുദ്ധജനമായ വിശ്വസികളെ ഉണർത്തുക എന്നാൽ, നാം നോക്കുകയും ധ്യാനിക്കുകയും ചെയ്യാൻ വിളിക്കപ്പെട്ടിട്ടുള്ള ചക്രവാളത്തെ ഉണർത്തുക എന്നതാണ്.

അജപാലകർ എന്ന നിലയിൽ നാം നോക്കുവാനും, സംരക്ഷിക്കുവാനും, അനുഗമിക്കുവാനും പിന്തുണയ്ക്കുവാനും സംരക്ഷിക്കുവാനും തുടർച്ചയായി വിളിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധമായ അല്മായരെയാണ്. ഒരു പിതാവിന് മക്കളെ കൂടാതെ തന്നെക്കുറിച്ച് സങ്കൽപിക്കാനാവില്ല. അവർ ഒരു മികവുറ്റ തൊഴിലാളി, പ്രൊഫഷണൽ, ഒരു ഭർത്താവ് അല്ലെങ്കിൽ സ്നേഹിതൻ ആയിരിക്കാം. പക്ഷേ അവനെ ഒരു പിതൃസ്വരൂപം ആക്കുന്നത് അവന്റെ മക്കളാണ്. ഇതു തന്നെ നമുക്കും ബാധകമാണ്. നാം അജപാലകരാണ്. ഒരു ഇടയന്, താൻ ശുശ്രൂഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ കൂടാതെ തന്നെക്കുറിച്ചു ചിന്തിക്കാനോ സങ്കല്പിക്കാനോ കഴിയില്ല. അജപാലകൻ, ഒരു ജനത്തിന്റെ അജപാലകനാണ്. ഈ ജനത്തെ അവൻ ഉള്ളിൽനിന്ന് ശുശ്രൂഷിക്കുന്നു. വഴികാണിക്കാനായി അവൻ പലതവണ മുമ്പോട്ടുപോകുന്നു, ചിലപ്പോൾ അവൻ സഞ്ചരിച്ച് വഴിയേ പിമ്പോട്ടു പോയി ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് തിരയുന്നു. വല്ലപ്പോഴും ജനത്തിന്റെ ഹൃദയമിടിപ്പ് മനസ്സിലാക്കുവാൻ അവൻ അവരുടെ മദ്ധ്യേനിൽക്കുന്നു.

ദൈവത്തിന്റെ വിശുദ്ധജനമായ വിശ്വാസികളെ നോക്കി, നമ്മൾ അതിന്റെ അവിഭാജ്യഘടകമാണ് എന്ന് അറിഞ്ഞുകൊണ്ട് നമ്മുടെ ത്തന്നെ ജീവിതത്തിൽ പ്രതിഷ്ഠിക്കുന്നു. അങ്ങനെ വ്യത്യസ്തമായ ഒരു രീതിയിൽ നാം കൈകാര്യം ചെയ്യുന്ന പ്രമേയങ്ങളിലും, ഇത് ധ്യാനവിചിന്തനങ്ങളിൽ നിപതിക്കാതിരിക്കുവാൻ നമ്മെ സഹായിക്കുന്നു. അവ വളരെ നല്ലതായിരിക്കാം. അവ നമ്മുടെ ജനങ്ങളുടെ ജീവിതത്തെ ഘടനാപരമായി ഐക്യരൂപപ്പെടുത്തുന്നതിൽ അല്ലെങ്കിൽ പ്രവൃത്തിയെ നിരോധിച്ചുകൊണ്ട് പരിഗണനകൾ അവസാനിക്കുന്ന അവസ്ഥവരെ സിദ്ധാന്തവൽക്കരിക്കുന്നതിൽ കലാശിക്കും. പൊതുനിർവചനങ്ങൾ വാക്കുകളുടെ സമുച്ചയം മാത്രമാണെന്നും അവയ്ക്ക് തദനുസൃതമായ അർത്ഥമില്ലെന്നുമുള്ള പ്രഖ്യാപനപരമായ ആപ്തവാക്യങ്ങളിൽ നിന്ന് ദൈവജനത്തിലേക്കുള്ള തുടർച്ചയായ നോട്ടം നമ്മെ രക്ഷിക്കുന്നു. അത്തരം ആപ്തവാക്യങ്ങൾ മനോഹരമായ പദങ്ങളായിരിക്കും. പക്ഷേ അവ നമ്മുടെ സമൂഹങ്ങളുടെ ജീവൻ നിലനിർത്താൻ കഴിയാത്തവയുമാണ്. ഉദാഹരണത്തിന്, “അല്മായരുടെ സമയം സമാഗതമായി”. എന്ന പ്രശസ്തമായ പ്രയോഗം ഞാൻ ഇപ്പോൾ ഓർക്കുന്നു. പക്ഷേ, ക്ലോക്ക് നിലച്ചുപോയി എന്ന് തോന്നുന്നു.

ദൈവജനത്തിലേക്ക് നോക്കുക എന്നാൽ, അല്മായജനമായി നാമെല്ലാം സഭയിൽ പ്രവേശിക്കുന്നു എന്ന് ഓർമ്മിക്കലാണ്. നമ്മുടെ

വ്യക്തിത്വം ശാശ്വതമായി മുദ്രിതമാക്കുന്ന ആദ്യകൂദാശ ജ്ഞാനസ്നാനമാണ്. അതെക്കുറിച്ച് നാം എപ്പോഴും അഭിമാനംകൊള്ളണം. "ജ്ഞാനസ്നാനത്തിലൂടെ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലൂടെ, വിശ്വാസികൾ, വിശുദ്ധ പൗരോഹിത്യം, ആത്മീയഭവനം എന്ന നിലയിൽ പവിത്രീകരിക്കപ്പെടുന്നു." (*ജനതകളുടെ പ്രകാശം* (Lumen Gentium), നം. 10). നമ്മുടെ ആദ്യത്തേതും അടിസ്ഥാനപരവുമായ പവിത്രീകരണം, നമ്മുടെ ജ്ഞാനസ്നാനത്തിൽ വേരൂന്നിയിരിക്കുന്നു. ഒരു വൈദികനോ, മെത്രാനോ ആയി ഒരാളും ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടില്ല. അവർ നമ്മെ ജ്ഞാനസ്നാനപ്പെടുത്തിയത് അല്മായരായിട്ടാണ്. അത് ആർക്കും മായ്ച്ചുകളയാനാവാത്ത മായാത്ത അടയാളമാണ്. മെത്രാന്മാരും സമർപ്പിതരും വൈദികരും അടങ്ങുന്ന വിശിഷ്ടവിഭാഗമല്ല സഭ. പ്രത്യുത ഏവരും ചേരുന്നതാണ്. ദൈവത്തിന്റെ വിശുദ്ധജനമാണ് വിശ്വാസികൾ എന്ന് ഓർക്കുന്നത് നമുക്ക് നന്മ ചെയ്യും. ഇത് വിസ്മരിക്കുന്നത് നമ്മുടെ സ്വന്തം അനുഭവത്തിൽ അനേകം വിപത്തുകളും ദുർവ്യാഖ്യാനങ്ങളും ഉളവാക്കും. അവ വ്യക്തിപരമോ അല്ലെങ്കിൽ സമുദായപരമോ, സഭ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ശുശ്രൂഷയും ദൗത്യവും സംബന്ധിച്ചോ ആയിക്കൊള്ളട്ടെ. രണ്ടാം വത്തിക്കാൻ കൗൺസിൽ ദൃഢമായി ഊന്നിപ്പറയുന്നതുപോലെ, നാം ദൈവജനമാണ്. അതിന്റെ വ്യക്തിത്വം,"ദൈവമക്കളുടെ അന്തസ്സും സ്വാതന്ത്ര്യവുമാണ്. അവിടുത്തെ ദൈവാലയത്തിൽ എന്നതുപോലെ അവരുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് വസിക്കുന്നു"(*ജനതകളുടെ പ്രകാശം*, നം.9.) ദൈവത്തിന്റെ വിശുദ്ധ ജനമായ വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ കൃപയിൽ അഭിഷേകം ചെയ്യപ്പെടുന്നു. അങ്ങനെ നാം ധ്യാനവിചിന്തനം നടത്തുമ്പോൾ, ചിന്തിക്കുമ്പോൾ, വിലയിരുത്തുമ്പോൾ, വിവേചിച്ചറിയുമ്പോൾ ഈ അഭിഷേകത്തിന് നാം വളരെ ശ്രദ്ധയുള്ളവരായിരിക്കണം.

അതേസമയം, രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശിച്ച സഭാവിജ്ഞാനീയം തെറ്റായ രീതിയിൽ ജീവിക്കുന്നതിന്റെ ഫലം എന്നു ഞാൻ കരുതുന്ന ഒരു ഘടകം ഞാൻ കൂട്ടിച്ചേർക്കേണ്ടതുണ്ട്. ലാറ്റിനമേരിക്ക നേരിടേണ്ട ഏറ്റവും വലിയ വളച്ചൊടിക്കലുകളിൽ ഒന്നിനെ – വൈദിക മേധാവിത്വം (clericalism) – അവഗണിച്ച് നമുക്ക് അല്മായരുടെ വിഷയത്തെക്കുറിച്ച് വിചിന്തനം നടത്താനാവില്ല. അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുവാൻ ഞാൻ നിങ്ങളോടും അഭ്യർത്ഥിക്കുന്നു. ഈ സമീപനം ക്രൈസ്തവരുടെ സ്വഭാവം അസാധുവാക്കുകമാത്രമല്ല, നമ്മുടെ ജനത്തിന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് പ്രതിഷ്ഠിച്ച ജ്ഞാനസ്നാനകൃപ കുറച്ചുകളയാനുള്ള പ്രവണത പ്രകടിപ്പിക്കുകയും

ചെയ്യും. വൈദികരുടെ അമിതസ്വാധീനം അഥവാ പൗരോഹിത്യമേധാവിത്വം അല്മായരുടെ സമശ്രേണീവത്കരണത്തിലേക്ക് നയിക്കുന്നു. അല്മായരെ പ്രതിനിധികളായി കൈകാര്യം ചെയ്യുന്നത് വൈവിധ്യമാർന്ന സംരംഭകത്വവും, പരിശ്രമങ്ങളും പരിമിതപ്പെടുത്തുന്നു. സാമൂഹികവും എല്ലാറ്റിനുമുപരി രാഷ്ട്രീയവുമായ മേഖലയിലേക്ക് സുവിശേഷ സദ്വാർത്ത എത്തിക്കുന്നതിന് ആവശ്യമായ ധീരത എന്നു ഞാൻ ധൈര്യപൂർവ്വം തീർത്തു പറയുന്നതിനെ അത് പരിമിതപ്പെടുത്തും. പൗരോഹിത്യമേധാവിത്വം വിവിധ പദ്ധതികൾക്കും സംഭാവനകൾക്കും നിർദ്ദേശങ്ങൾക്കും പ്രചോദനം നൽകുന്നതിനുപകരം പ്രവാചകജ്വാലയെ മെല്ലെ കെടുത്തിക്കളയുന്നു. സഭയുടെ ജനത്തിന്റെ ഹൃദയത്തിൽ സാക്ഷ്യം വഹിക്കുവാൻ മുഴുവൻ സഭയും വിളിക്കപ്പെട്ടിരിക്കുന്ന പ്രവാചകജ്വാലയാണത്. അമിതമായ പൗരോഹിത്യസ്വാധീനം ഒരു വസ്തുത വിസ്മരിക്കുന്നു. സഭയുടെ ദൃശ്യപരതയും കൗദാശികതയും സകല ദൈവജനത്തിലും ഉൾപ്പെടുന്നു എന്ന് (cf. *ജനതകളുടെ പ്രകാശം,* നം. 9–14). അത് തിരഞ്ഞെടുക്കപ്പെട്ട, പ്രബുദ്ധരായ കുറച്ചുപേർക്കുമാത്രമുള്ളതല്ല.

നമ്മുടെ ലാറ്റിൻ അമേരിക്കയിൽ സൃഷ്ടിക്കപ്പെട്ട വളരെ കൗതുകകരമായ ഒരു പ്രതിഭാസമുണ്ട്. അതിനെ ഞാൻ ഇവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു: പൗരോഹിത്യ മേധാവിത്വത്തിന്റെ സ്വാധീനത്തിൽ നിന്ന് ദൈവജനം സ്വതന്ത്രമായിട്ടുള്ള ഏതാനും മേഖലകളിൽ ഒന്നാണ് അത് എന്ന് ഞാൻ വിശ്വസിക്കുന്നു. ജനപ്രിയഭക്തിയെക്കുറിച്ചാണ് ഞാൻ പരാമർശിക്കുന്നത്. തന്റെ ജനത്തിനുള്ള ദൈവത്തിന്റെ അഭിഷേകത്തെ നിയന്ത്രിക്കുകയോ, പരിമിതപ്പെടുത്തുകയോ ചെയ്യാൻ ശ്രമിക്കുന്ന പൗരോഹിത്യമേധാവിത്വം കൂടാതെ അജപാലകർ ഉൾപ്പെടുന്ന ജനത്തിന് പരിശുദ്ധാത്മാവിനെ കാണുവാൻ സാധിച്ചിരുന്ന ചുരുക്കം ചില മേഖലകളിൽ ഒന്നായിരുന്നു അത്. പോൾ ആറാമൻ '*സുവിശേഷപ്രഘോഷണം' (Evangelii Nuntiandi)*എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ യഥോചിതം എഴുതിയതുപോലെ ജനപ്രിയഭക്തിക്ക് "അതിന്റെ പരിമിതികളുണ്ട്" "മതത്തിലെ അനേകം വളച്ചൊടിക്കലുകളുടെ കടന്നുകയറ്റത്തിന് മിക്കപ്പോഴും അത് വിധേയമാണ്."എന്നാൽ അദ്ദേഹം തുടർന്നു:"അതിന് നല്ല ദിശാബോധം നൽകിയാൽ, എല്ലാറ്റിനുമുപരി സുവിശേഷവത്കരണത്തിന്റെ ഒരു പ്രബോധനവിജ്ഞാനീയത്താൽ ആണ് അതെങ്കിൽ, അത് മൂല്യങ്ങളിൽ സമ്പന്നമായിരിക്കും. ലളിതമനസ്കരും ദരിദ്രരും ആയവർക്കു മാത്രം അറിയാവുന്ന ദൈവത്തിനു വേണ്ടിയുള്ള ഒരു ദാഹം

പ്രത്യക്ഷീകരിക്കുന്നു. അത് ഉദാരമനസ്കതക്കും പരിത്യാഗത്തിനും മനുഷ്യരെ സജ്ജരാക്കുന്നു. വിശ്വാസത്തിന്റെ പ്രത്യക്ഷപ്രകടനത്തിന്റെ ഒരു പ്രശ്നം വരുമ്പോൾ ധീരസാഹസികതയോടെ ഒരു പരിധിവരെ അത് എത്തുന്നു. ദൈവത്തിന്റെ ആഴമേറിയ സവിശേഷതകളെക്കുറിച്ച് തീക്ഷണമായ ഒരു അവബോധം അതിൽ ഉൾപ്പെട്ടിരിക്കുന്നു. പിതൃത്വവും ദൈവാനുഗ്രഹവും സ്നേഹപൂർണ്ണമായ ശാശ്വതസാന്നിദ്ധ്യവും ഒരേ തലത്തിൽ മറ്റെവിടെയെങ്കിലും വിരളമായി കാണപ്പെടുന്ന ആന്തരിക മനോഭാവങ്ങളെ അത് അപകടത്തിലാക്കുന്നു. ക്ഷമ, അനുദിനജീവതത്തിൽ കുരിശിനെക്കുറിച്ചുള്ള ബോധം, നിസ്സംഗത, മറ്റുള്ളവരോടുള്ള തുറവി, ഭക്തി തുടങ്ങിയവ. ഈ സവിശേഷതകൾ കാരണം, നാം അവയെ ജനപ്രിയഭക്തി എന്നു വിളിക്കുന്നു. അതായത്, ജനങ്ങളുടെ മതം, മതാത്മകത എന്നതിനേക്കാൾ വേണ്ടവിധത്തിൽ ദിശാബോധം നൽകപ്പെട്ടാൽ ഈ ജനപ്രിയമതഭക്തി, മതാത്മകതയ്ക്കുവേണ്ടിയുള്ള വിളി അസംഖ്യം ജനങ്ങൾക്ക്, നമ്മുടെ ജനത്തിന്റെ പതിനായിരങ്ങൾക്ക് യേശുക്രിസ്തുവിൽ ദൈവവുമായുള്ള ഒരു യഥാർത്ഥ നേർക്കാഴ്ച ആയിരിക്കും (നം.48).

അടിസ്ഥാനപരം എന്ന് ഞാൻ കരുതുന്ന ഒരു പ്രയോഗം പോൾ ആറാമൻ മാർപാപ്പ ഉപയോഗിച്ചു. അത് നമ്മുടെ ജനത്തിന്റെ വിശ്വാസം. അവരുടെ മാർഗനിർദ്ദേശങ്ങൾ, ഗവേഷണം, അഭിലാഷങ്ങൾ, തീവ്രമായ താല്പര്യം എന്നിവയാണ്. ശ്രവിക്കുവാൻ തങ്ങളുടെ ദിശതന്നെ അതനുസിച്ച് ക്രമീകരിക്കുവാൻ ശ്രമിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ഒരു യഥാർത്ഥ സാന്നിദ്ധ്യം പ്രത്യക്ഷീകരിക്കാൻ അവർക്കു കഴിയുന്നു. നമ്മുടെ ജനത്തിൽ, അവരുടെ ഓർമ്മയിൽ. അവരുടെ'ഘ്രാണശക്തിയിൽ' നമുക്ക് വിശ്വസിക്കാം. നമ്മുടെ ജനത്തിൽ, അവരോടൊത്ത് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു എന്ന് നമുക്ക് വിശ്വസിക്കാം. ഈ പരിശുദ്ധാത്മാവ് കേവലം പൗരോഹിത്യസഭാശ്രേണിയുടെ ഒരു സ്വത്തല്ല എന്നും നമുക്ക് വിശ്വസിക്കാം.

ജനപ്രിയഭക്തിയുടെ ഈ ഉദാഹരണം വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള ഒരു സൂചിക ആയി ഞാൻ സ്വീകരിച്ചു. വിശ്വാസികളായ ദൈവത്തിന്റെ വിശുദ്ധജനം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഉളവാകുന്ന പ്രവൃത്തിയെ നന്നായി മനസ്സിലാക്കുവാൻ അതിനു സഹായിക്കാൻ കഴിയം. ഒരു വ്യക്തിയുടെ വളരെ അടുത്ത മേഖലയുമായി ബന്ധപ്പെടാത്ത എന്നാൽ, നേരെമറിച്ച് സംസ്കാരമായി രൂപാന്തരപ്പെടുന്ന പ്രവൃത്തി. "സുവിശേഷവത്കരിക്കപ്പെട്ട ഒരു പൊതു സംസ്കാരം, വിശ്വാസത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മൂല്യം

ഉൾക്കൊള്ളുന്നു. കൂടുതൽ നീതിപൂർണ്ണവും വിശ്വസിക്കുന്നതുമായ ഒരു സമൂഹത്തിന്റെ വികസനത്തെ പ്രോത്സാഹിപ്പിക്കുവാൻ പര്യാപ്തമാണത്. നന്ദിപൂർവ്വം അനുസ്മരിക്കപ്പെടേണ്ട ഒരു പ്രത്യേകജ്ഞാനം സ്വായത്തമാക്കിയ ഒരു സംസ്കാരമാണത്˝". (*'സുവിശേഷത്തിന്റെ* ആനന്ദം,' *( Evangelli Gaudium* നം.68*)*.

ഇവിടെനിന്ന് അപ്പോൾ നമുക്ക് ചോദിക്കാം: അല്മായജനം പൊതുജീവിതത്തിൽ പ്രവർത്തിക്കുന്നു എന്നതിന്റെ അർത്ഥം എന്താണ്?

ഇക്കാലത്ത് നമ്മുടെ അനേകം നഗരങ്ങൾ നിലനിൽപിന്റെ യഥാർത്ഥ ഇടങ്ങളായിതീർന്നിട്ടുണ്ട്. വലിച്ചെറിയൽ സംസ്കാരം പ്രത്യാശയ്ക്ക് ഇടം നൽകാതെ മേല്ക്കോയ്മനേടിയ ഇടങ്ങൾ. അവിടെ തങ്ങളുടെ കുടുംബങ്ങളോടൊത്ത് നമ്മുടെ സഹോദരീസഹോദരന്മാർ ഈ പോരാട്ടങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത് നാം കാണുന്നു. അവർ നിലനിൽക്കാൻ ശ്രമിക്കുക മാത്രമല്ല ചെയ്യുന്നത്. പ്രത്യുത, അനീതികൾക്കും വൈരുദ്ധ്യങ്ങൾക്കുമിടയിലും കർത്താവിനെ അന്വേഷിക്കുകയും, അവിടുത്തേക്കു സാക്ഷ്യം നൽകാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അല്മായർ പൊതുജീവിതത്തിൽ പ്രവർത്തിക്കുന്നു എന്നതിന്, അജപാലകരായ നാം എന്താണ് അർത്ഥമാക്കുന്നത്? വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു ലോകത്തിൽ പ്രത്യാശയേയും വിശ്വാസത്തെയും സജീവമാക്കി നിർത്തുവാൻ ഇന്നു നടത്തുന്ന പരിശ്രമങ്ങളെയും, യത്നങ്ങളെയും പ്രചോദിപ്പിക്കുവാനും അനുഗമിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഒരു മാർഗം കണ്ടെത്തുക എന്നതാണ് അതിനർത്ഥം. പ്രത്യേകിച്ച് ദരിദ്രർക്കും വിശേഷിച്ച് ദരിദ്രരിൽ ദരിദ്രർക്കും വേണ്ടിയിട്ട്. അതിനർത്ഥം, അജപാലകർ എന്ന നിലയിൽ നമ്മുടെ ജനങ്ങൾക്കിടയിൽ, അവരോടൊത്ത് അവരുടെ വിശ്വാസത്തെയും പ്രത്യാശയെയും പിന്തുണച്ച് നമ്മെത്തന്നെ കൂടുതൽ പ്രതിബദ്ധിതരാക്കുക എന്നതാണ്. വാതിലുകൾ തുറന്നു കൊണ്ട്, അവരോടൊത്തു പ്രവർത്തിച്ച്, അവരോടൊത്ത് സ്വപ്നം കണ്ട്, അവരോടൊത്ത് ധ്യാനിക്കുകയും എല്ലാറ്റിനുമുപരി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് "നാം നമ്മുടെ നഗരങ്ങളിലേക്ക് നോക്കേണ്ടതുണ്ട്." അങ്ങനെ നമ്മുടെ ജനത്തിന്റെ ജീവിതം വെളിവാക്കപ്പെടുന്ന എല്ലാമേഖലകളിലേക്കും നോക്കേണ്ടതുണ്ട്. "ധ്യാനാത്മകമായ ദൃഷ്ടിയോടെ, അവരുടെ ഭവനങ്ങളിൽ, അവരുടെ തെരുവുകളിൽ, അവരുടെ ചത്വരങ്ങളിൽ വസിക്കുന്ന ദൈവത്തെ കാണുന്ന വിശ്വാസത്തിന്റെ ദൃഷ്ടിയോടെ.. അവിടുന്ന്, അവർക്കിടയിൽ വസിക്കുന്നു. ഐക്യദാർഢ്യം, സാഹോദര്യം, നന്മ, സത്യം, നീതി തുടങ്ങിയവയ്ക്കു

വേണ്ടിയുള്ള ആഗ്രഹം പരിപോഷിപ്പിച്ചുകൊണ്ട്. ഈ സാന്നിദ്ധ്യം ആസൂത്രണം ചെയ്തെടുത്തതായിരിക്കരുത്; പ്രത്യുത, കണ്ടെത്തപ്പെടുകയും വെളിവാക്കപ്പെടുകയും ചെയ്യേണ്ടതാണ്. ആത്മാർത്ഥമായ ഹൃദയത്തോടെ അവിടുത്തെ അന്വേഷിക്കുന്നവരിൽനിന്ന് ദൈവം സ്വയം മറഞ്ഞിരിക്കുന്നില്ല." (*സുവിശേഷത്തിന്റെ ആനന്ദം*, നം. 71). എന്തുപറയണം എന്തു ചെയ്യണം എന്ന് അല്മായരോട് പറയേണ്ടത് അജപാലകരല്ല. നമ്മേക്കാൾ നന്നായി ഇത് അവർക്കറിയാം. വിവിധ സാഹചര്യങ്ങളിൽ വിശ്വാസികൾ എന്തുപറയണം എന്നു സ്ഥാപിക്കേണ്ടത് അജപാലകരല്ല.

നമ്മുടെ ജനങ്ങളുമായി ഐക്യപ്പെട്ടിരിക്കുന്ന അജപാലകർ എന്ന നിലയ്ക്ക് ഉപവി, സാഹോദര്യം, നന്മ, സത്യം, നീതി എന്നിവയ്ക്കുവേണ്ടിയുള്ള ആഗ്രഹം പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നത് എത്രമാത്രമുണ്ട്, അഴിമതി നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരമാകുന്നില്ല എന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കാം എന്ന് സ്വയം ചോദിക്കുന്നത് നമുക്ക് നന്മ ചെയ്യും.

സഭയുടെയും അല്ലെങ്കിൽ രൂപതയുടെയും ഇടവകയുടെയും പ്രവൃത്തികൾക്കായി സമർപ്പിക്കപ്പെട്ടവരാണ് പ്രതിബദ്ധതയുള്ള അൽമായർ എന്നു ചിന്തിക്കുവാനുള്ള പ്രലോഭനത്തിന് നാം മിക്കപ്പോഴും വഴങ്ങും. ജ്ഞാനസ്നാനം നേടിയ ജനത്തെ അവരുടെ പൊതുജീവിതത്തിലും അനുദിന പ്രവർത്തനങ്ങളിൽ അവർക്കുള്ള ഉത്തരവാദിത്തത്തോടെ, പൊതുജീവിതത്തിലും അനുദിനജീവിതത്തിലും അനുഗമിക്കുന്നത് എങ്ങനെയെന്ന് നാം വിചിന്തനം നടത്തിയിട്ടില്ല. അതുപോലെ തന്നെ അവരുടെ അനുദിനപ്രവർത്തനങ്ങളിൽ അവർക്കുള്ള ഉത്തരവാദിത്തത്തോടെ, പൊതുജീവിതത്തിൽ ക്രൈസ്തവരെന്ന നിലയിൽ അവർ എങ്ങനെപ്രതിബദ്ധിതരായിരിക്കുന്നു എന്ന് നാം ചിന്തിച്ചിട്ടില്ല. ഇതു മനസ്സിലാക്കാതെ, വിശിഷ്ടരായ അല്മായരുടെ ഒരു സംഘത്തെ നാം സൃഷ്ടിച്ചിട്ടുണ്ട്. "വൈദികരുടെ കാര്യങ്ങളിൽ" പ്രവർത്തിക്കുന്നവരാണ് പ്രതിബദ്ധതയുള്ള അല്മായർ എന്നു വിശ്വസിപ്പിച്ചുകൊണ്ടാണത്. എന്നാൽ, വിശ്വാസം ജീവിക്കുന്നതിനായി അനുദിനമുള്ള പ്രയത്നത്തിൽ പ്രത്യാശ എരിയിച്ചുകളയുന്ന വിശ്വാസികളെ നാം അവഗണിക്കുകയോ, വിസ്മരിക്കുകയോ ചെയ്തിരിക്കുന്നു. പൗരോഹിത്യമേധാവിത്വം ശ്രദ്ധിക്കാൻ പരാജയപ്പെടുന്ന അയൽക്കാരൻ. യേശു കാഴ്ചപ്പാട് നേർ വിപരീതമാക്കുന്നു: ആരാണ് അയൽക്കാരൻ, ആരാണ് അയൽക്കാരനല്ലാത്തത് എന്ന് അന്യരെ കാഴ്ചയിൽ തരംതിരിക്കുന്ന നിലപാട് സ്വീകരിക്കരുത്. നിങ്ങൾ കണ്ടുമുട്ടുന്ന ആവശ്യക്കാരനായ

ഏതു വ്യക്തിയുടെയും അയൽക്കാരനാകാൻ നിങ്ങൾക്കു കഴിയും. നിങ്ങളുടെ ഹൃദയത്തിൽ അലിവുണ്ടോയെന്ന്, അതായത് അന്യരോടൊത്ത് സഹിക്കാനുള്ള കഴിവ് നിങ്ങൾക്കുണ്ടോയെന്ന് നിങ്ങൾക്കു മനസ്സിലാക്കാം.

ആ ഉപമ നമുക്കെല്ലാവർക്കുമുള്ള ഗംഭീരമായ ഒരു ദാനമാണ്; ഒരു ചുമതലയും. നിയമജ്ഞനോടു പറഞ്ഞത് യേശു നാമോരോരുത്തരോടും ആവർത്തിക്കുന്നു: "നീയും പോയി അതുപോലെ ചെയ്യുക" (വാക്യം 37). ക്രിസ്തുവിന്റെ പ്രതിരൂപമായ നല്ലസമരിയാക്കാരന്റെ അതേവഴിയിൽ തുടരാൻ നമ്മളെല്ലാം വിളിക്കപ്പെടുന്നു. യേശു നമ്മിലേക്ക് ഇറങ്ങിവന്നു. അവിടുന്ന് നമ്മുടെ ദാസനായിതീർന്നു. അങ്ങനെ, അവിടുന്ന് നമ്മെ സ്നേഹിച്ച അതേരീതിയിൽ നാമും സ്നേഹിക്കാൻവേണ്ടി, അവിടുന്ന് നമ്മെ രക്ഷിച്ചിരിക്കുന്നു.

**പ്രത്യേക അഭിവന്ദനങ്ങൾ**

ഇന്നത്തെ പൊതുദർശനത്തിൽ പങ്കെടുക്കുന്ന, ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന സന്ദർശകരെ, പ്രത്യേകിച്ച് ഇംഗ്ലണ്ട്, സ്വീഡൻ, സ്ലൊവാക്യ, ചൈന, ഇന്തൊനേഷ്യ, സിങ്കപ്പൂർ, ശ്രീലങ്ക, വിയറ്റ്നാം, ഫിലിപ്പൈൻസ്, കാനഡ, യു.എസ്.എ. തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള തീർത്ഥാടകരെ. ഞാൻ അഭിവന്ദനം ചെയ്യുന്നു. ഉത്ഥിതനായ നാഥന്റെ ആനന്ദത്തിൽ, നിങ്ങളുടെയും നിങ്ങളുടെ കുടുംബങ്ങളുടെയും മേൽ നമ്മുടെ പിതാവായ ദൈവത്തിന്റെ, സ്നേഹപൂർണമായ കാരുണ്യം ഉണ്ടാകാൻ ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവ് നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*യുവജനങ്ങളെയും, വിശേഷിച്ച് അനേകം സ്കൂൾവിദ്യാർത്ഥികളെയും, രോഗികളെയും, നവദമ്പതികളെയും ഞാൻ അഭിവന്ദനം ചെയ്യുന്നു,* പ്രിയപ്പെട്ട യുവജനങ്ങളേ, യേശുവുമായുള്ള കൂടിക്കാഴ്ചയിൽ നിന്നുപുറപ്പെടുന്ന ആനന്ദത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട്, നിങ്ങൾ എപ്പോഴും നിങ്ങളുടെ ജ്ഞാനസ്നാനത്തോട് വിശ്വസ്തരായിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. പ്രിയപ്പെട്ട *രോഗികളേ*, മരണത്തെ ജയിക്കുകയും സഹനത്തെ മോചനത്തിനും രക്ഷക്കുമുള്ള അവസരങ്ങളായി സ്വീകരിക്കുന്നതിന് നമ്മെ സഹായിക്കുകയും ചെയ്യുന്നവനിലേക്ക് നോക്കാൻ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. അവസാനമായി. പ്രിയപ്പെട്ട *നവദമ്പതികളേ,* "സകലതും സഹിക്കുകയും സകലത്തെയും അതിജീവിക്കുകയും" (cf. 1 കോറി. 13:7) ചെയ്യുന്ന സ്നേഹത്തിന്റെ ദൃഷ്ടിയോടുകൂടി ചിന്തിക്കാനും നിങ്ങളുടെ ദൈനംദിന കുടുംബാനുഭവം ജീവിക്കാനും നിങ്ങളെ ഞാൻ ക്ഷണിക്കുന്നു.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 9, ലക്കം 10, മെയ് 2016*

# കുടുംബങ്ങൾക്കുള്ള ഭീഷണിയും മാർപാപ്പയും

**ഫാ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും സത്ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ വ്യവസ്ഥിതിയാണല്ലോ കുടുംബം. കുടുംബങ്ങളിൽ ആനന്ദവും സ്നേഹവും എപ്പോഴും അലയടിക്കുവാൻ ഉതകുന്ന ചിന്തകളും പ്രായോഗികമാനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് 2016 ഏപ്രിൽ എട്ടിന് ഫ്രാൻസീസ് പാപ്പ സ്നേഹത്തിന്റെ സന്തോഷം (Amoris Laetitia) എന്ന അപ്പസ്തോലിക ആഹ്വാനം പുറപ്പെടുവിച്ചത്. കുടുംബത്തെക്കുറിച്ച് ചർച്ചചെയ്യാൻ 2014, 2015 വർഷങ്ങളിൽ പരിശുദ്ധപിതാവ് റോമിൽ വിളിച്ചുകൂട്ടിയ രണ്ട് സിനഡുകളുടെ പരിണിതഫലമായി രൂപപ്പെടുത്തിയെടുത്തതാണ് ഈ അപ്പസ്തോലിക ലേഖനം. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വസങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭക്ക് ലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണം നവീകരിക്കുക തുടങ്ങിയ യാഥാർത്ഥ്യങ്ങൾക്കാണ് ഈ രേഖയിൽ പാപ്പ മുൻതൂക്കം നല്കിയത്. അതിനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെയും, ബനഡിക്ട് പതിനാറാമൻ പാപ്പായുടെയും ഫ്രാൻസീസ് പാപ്പയുടെയും കുടുംബത്തെക്കുറിച്ചുള്ള പ്രബോധനങ്ങളും വിവിധരാജ്യങ്ങളിൽ നിന്നുള്ള മെത്രാന്മാരുടെ നിർദ്ദേശങ്ങളും യുക്തിഭദ്രവും അർത്ഥ പൂർണ്ണവുമായ രീതിയിൽ ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.തന്മൂലം വിവാഹത്തിന്റെയും കുടുംബത്തിന്റെയും അക്ഷയരഹസ്യത്തെക്കുറിച്ച് കൂടുതൽ ആഴമായ ധാരണയിലേക്ക് സഭ നയിക്കപ്പെടുമെന്ന പ്രതീക്ഷ ഈ അപ്പസ്തോലിക ആഹ്വാനം നമുക്ക് നല്കുന്നു (ഖണ്ഡിക 31). ഒമ്പതു അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്ന ഈ അപ്പസ്തോലിക പ്രബോധനത്തിന് 325 ഖണ്ഡികകളാണുള്ളത്.

**വചനത്തിന്റെ പ്രകാശത്തിൽ**

വിശുദ്ധഗ്രന്ഥത്തിന്റെ പശ്ചാതലത്തിലും ചട്ടക്കൂട്ടിലുമാണ് കുടുംബത്തക്കുറിച്ചുള്ള ഈ രേഖയുടെ ഒന്നാം അധ്യായം രൂപപ്പെടുത്തിയിരിക്കുന്നത് (ഖണ്ഡികകൾ 8-30). യഹൂദ, ക്രൈസ്തവ വിവാഹകർമ്മങ്ങളിൽ ആലപിക്കുന്ന 128-ാം സങ്കീർത്തനത്തെ വ്യാഖ്യാനിച്ചുകൊണ്ടാണ് ഫ്രാൻസീസ് പാപ്പാ ഒന്നാം അധ്യായം ആരംഭിക്കുന്നത്. പഴയ നിയമത്തിലും പുതിയനിയമത്തിലും കാണുന്ന കുടുംബങ്ങളെയും

കുടുംബങ്ങൾ നേരിടുന്ന വിവിധങ്ങളായ സംഘർഷങ്ങളെയും ഈ രേഖയിൽ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട് (ഉല്പ 2:24; മത്താ 19: 4). കുടുംബമെന്നത് അമൂർത്തമായ ഒന്നായിട്ടല്ല, പ്രത്യുത അടിസ്ഥാനപരമായ ഒരു യാഥാർത്ഥ്യമായിട്ടാണ് വിശുദ്ധഗ്രന്ഥം വീക്ഷിക്കുന്നത്. അതുപോലെ തന്നെ വിശുദ്ധഗ്രന്ഥമെന്നത് അമൂർത്തമായ ആശയങ്ങളുടെ സമാഹാരമല്ല, മറിച്ച് ബുദ്ധിമുട്ടുകളും വേദനകളും അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആശ്വാസത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഉറവിടമാണെന്ന് ഫ്രാൻസീസ് പാപ്പ ചൂണ്ടികാട്ടുന്നു.

**കുടുംബത്തിനെതിരെയുള്ള ഭീഷണികൾ**

കാലിക സംസ്കൃതിയിൽ കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള വിവരണത്തിൽ (ഖണ്ഡികകൾ 31 –57) സ്ത്രീയും പുരുഷനും തമ്മിലുള്ള പവിത്രവും ദൈവസംയോജിതവുമായ വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്വത്തിന് കോട്ടം വരുത്തുന്ന സാമൂഹികസാംസ്ക്കാരിക പ്രശ്നങ്ങളെ ഈ രേഖ ഉയർത്തിക്കാണിക്കുന്നുണ്ട്. വിവാഹമോചനം, വിവാഹപൂർവ ലൈംഗികത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം, പോർണോഗ്രഫി, സ്ത്രീകൾക്ക് എതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തുടങ്ങിയവ കുടുംബബന്ധത്തിന്റെ ഭദ്രതയ്ക്ക് സാരമായ ഭംഗംവരുത്തുന്നു. പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമനസ്യം, കുട്ടികളെ വളർത്തുവാനുള്ള വൈമുഖ്യം, അംഗവൈകല്യമുള്ളവരോടുള്ള വിവേചനം, വാർദ്ധക്യത്തിലെത്തിയവരോടുള്ള അവഗണന, കൃത്രിമ ജനനനിയന്ത്രണം തുടങ്ങിയവയെല്ലാം കുടുംബത്തിനെതിരെയുള്ള ഗൗരവമാർന്ന ഭീഷണികളാണ്. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും, വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിതമാണെന്ന് ഈ അപ്പസ്തോലിക ആഹ്വാനം ചൂണ്ടിക്കാണിക്കുന്നു. ആധുനികയുഗത്തിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന വ്യക്തിഗതവാദം മനുഷ്യരെ ആത്മദാനത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നുവെന്ന് ഫ്രാൻസീസ് പാപ്പ പ്രസ്താവിക്കുന്നു വ്യക്തിവാദത്തിൽ ആശ്രയിക്കുന്നവർ പരമമായ വൈയക്തികാവകാശങ്ങളുടെയും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും അമൂർത്തമായ ആശയങ്ങളാൽ നയിക്കപ്പെടുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയ സംവേദനക്ഷമതക്കുറവ്. ദമ്പതികൾ തമ്മിലുള്ള അകൽച്ച, ഉപഭോഗ ചിന്താഗതി തുടങ്ങിയവയെല്ലാം വ്യക്തിഗതവാദത്തിൽ നിന്ന് കരകയറുവാൻ അമൂർത്തവും കൃത്രിമവും പൊള്ളയുമായ വിവാഹസങ്കല്പങ്ങളെ ഒഴിവാക്കി യഥാർത്ഥ കുടുംബജീവിതത്തിന്റെ പ്രായോഗിക തലങ്ങളിലേക്ക് ഇറങ്ങിവരുവാൻ പാപ്പ ആഹ്വാനം ചെയ്യുന്നു.

**കുടുംബവും സഭയും**

വിവാഹം, കുടുംബം എന്നിവയെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗതമായ പ്രബോധനങ്ങളെ അരക്കിട്ടുറപ്പിക്കുകയാണ് ഈ പ്രബോധനരേഖ. (ഖണ്ഡികകൾ 58-88). വിവാഹത്തിന്റെ അവിഭാജ്യത, കൗദാശിക സ്വഭാവം, ജീവന്റെ കൈമാറ്റം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ സഭയുടെ പാമ്പര്യ പ്രബോധനങ്ങളെ പാപ്പ ഉയർത്തി ക്കാണിക്കുന്നു. കുടുംബത്തെ ഒരു സാമൂഹികവ്യവസ്ഥിതി മാത്രമായി ചുരുക്കാതെ ദൈവവിളിയായി മനസിലാക്കുവാൻ ആധുനിക തലമുറയെ ഈ രേഖയിലൂടെ പാപ്പ പ്രോത്സാഹിപ്പിക്കുന്നു. ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറയെന്നതിനാൽ വിവാഹവും, കുടുംബരൂപീകരണവും ദൈവീക പദ്ധതിയോടുള്ള പൂർണമായ സഹകരിക്കലും വിധേയപ്പെടലുമാണ്. അതിനായി എല്ലാവരും ഈശോയിലേക്ക് ദൃഷ്ടികളുയർത്തണം.

മുറിവേറ്റ കുടുംബങ്ങളെക്കുറിച്ച് (Wounded families) ഫ്രാൻസീസ് പാപ്പ ഈ അപ്പസ്തോലികരേഖയിൽ സൂചിപ്പിക്കുന്നുണ്ട്. വ്യത്യസ്ഥങ്ങളായ സാഹചര്യങ്ങളുടെ സങ്കീർണതകൾ മനസിലാക്കാതെ ആരെയും വിധിക്കരുതെന്ന് പാപ്പ വൈദികരെ അനുസ്മരിപ്പിക്കുന്നു. മാത്രമല്ല മുൻവിധിയുടെ ചെരിപ്പുകൾ അഴിച്ചുവച്ച് സാഹചര്യങ്ങളെ വിവേചിച്ചറിഞ്ഞ് അജപാലകർ കുടുംബപ്രശ്നങ്ങളിൽ ഉഴലുന്നവരെ ആശ്വസിപ്പിക്കുകയും അനുഗമിക്കുകയും ചെയ്യണമെന്ന് പാപ്പ ഉപദേശിക്കുന്നു (ഖണ്ഡിക 79).

ദാമ്പത്യസ്നേഹത്തിന്റെ അക്ഷയരഹസ്യത്തെക്കുറിച്ച് വിശദീകരിക്കുവാൻ പൗലോസ് ശ്ലീഹായുടെ സ്നേഹഗീതം (1 കൊറി 13: 4-7) ഉദ്ധരിച്ചുകൊണ്ടാണ് പ്രബോധനരേഖയുടെ നാലാം അദ്ധ്യായം ആരംഭിക്കുന്നത് (ഖണ്ഡിക 89-164). പ്രബോധനരേഖയുടെ ഊടും പാവും നെയ്യുന്ന ഈ അദ്ധ്യായത്തിൽ ദാമ്പത്യസ്നേഹത്തിന്റെ വിവിധമാനങ്ങളെ വിശകലനം ചെയ്യുന്നു. മിശിഹായും സഭയും തമ്മിലുള്ള സ്നേഹത്തോടാണ് ദാമ്പത്യസ്നേഹം ബന്ധപ്പെട്ടിരിക്കുന്നത്. ദാമ്പത്യസ്നേഹമെന്നത് സുഖവും ദു:ഖവും സമ്പന്നതയും ദാരിദ്രവും വേദനകളും ആനന്ദവും കോപവുമെല്ലാം കലർന്നതാണ്. ദാമ്പത്യജീവിതത്തിന്റെ ആയുസ് വർധിക്കുന്നതനുസരിച്ച് ദാമ്പത്യസ്നേഹത്തിന്റെ മാനങ്ങൾ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും എങ്കിലും പരസ്പരം ഒരുമിച്ചിരിക്കുവാനും വളർത്തുവാനും പങ്കുവയ്ക്കുവാനുമുള്ള വേദിയായി ദാമ്പത്യജീവീതത്തെ അവർ മനസിലാക്കണമെന്ന് ഫ്രാൻസീസ് പാപ്പ ഉപദേശിക്കുന്നു.

അഞ്ചാം അദ്ധ്യായം പൂർണമായും സ്നേഹത്തിന്റെ ഫലദായകത്വം, സൃഷ്ടി എന്നിവയിലാണ് ശ്രദ്ധയൂന്നിരിക്കുന്നത് (ഖണ്ഡികകൾ

165–198). സ്നേഹത്തിന്റെ ഫലദായകത്വമെന്ന് പറയുന്നത് കുഞ്ഞുങ്ങളാണെന്ന യാഥാർത്ഥ്യം മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട് പുതുജീവിതത്തിന് ദമ്പതികൾ ദൈവികപദ്ധതിയോട് എപ്പോഴും സഹകരിക്കണം.

**കുടുംബബന്ധങ്ങളുടെ കൂട്ടായ്മ**

കുടുംബബന്ധങ്ങളുടെ കൂട്ടായ്മയ്ക്ക് സമൂഹനിർമ്മിതിയിൽ വളരെ ഗൗരവമാർന്ന സ്ഥാനമുണ്ട്. പരസ്പരം സംഗമിക്കുന്ന സംസ്ക്കാരം കുടുംബങ്ങളിൽ വർധിപ്പിക്കണമെന്നും സ്വന്തക്കാരും മിത്രങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന വിശാല അർത്ഥത്തിലുള്ള കുടുംബബന്ധങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും രേഖ ഉറപ്പിച്ചു പറയുന്നു (ഖണ്ഡിക 196). കുടുംബമെന്നത് ബന്ധങ്ങളുടെ ശൃംഖലയാകയാൽ, കൂട്ടുകുടുംബസംസ്ക്കാരം നമ്മുടെ സമൂഹത്തിൽ ശക്തിപ്രാപിക്കണം. കാരണം കുടുംബബന്ധങ്ങളെ ഊഷ്മളമാക്കി നിലനിർത്തുന്നതിൽ കൂട്ടുകുടുംബങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. അപ്പനും അമ്മയും മക്കളും മാത്രമല്ല. മുതിർന്ന മാതാപിതാക്കളും, മക്കളുടെ മക്കളും, ബന്ധുജനങ്ങളും ഉൾക്കൊള്ളുന്ന വിശാലമായ കുടുംബസാധ്യതയെക്കുറിച്ച് ചിന്തിക്കുവാൻ ഈ രേഖ നമ്മെ ക്ഷണിക്കുന്നു.

**നവീനമായ അജപാലനശൈലികൾ**

ഫലദായകവും ഉറപ്പുള്ളതുമായ കുടുംബങ്ങളെ ദൈവികപദ്ധതിയനുസരിച്ച് രൂപപ്പെടുത്തിയെടുക്കാൻ സഹായകരമായേക്കാവുന്ന അജപാലനശൈലികൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഊന്നൽ നൽകുന്നുണ്ട് (ഖണ്ഡികകൾ 199–258). ആധുനിക കുടുംബങ്ങളിലെ സങ്കീർണ്ണ പ്രശ്നങ്ങൾ വിദഗ്ദമായ രീതിയിൽ കൈകാര്യം ചെയ്യുവാനുള്ള പ്രാവീണ്യം നേടിയെടുക്കുന്നതിനുള്ള പരിശീലനം യുവതലമുറയിലെ വൈദികർക്ക് ലഭിക്കണമെന്ന് പാപ്പ പ്രസ്താവിക്കുന്നു ( ഖണ്ഡിക 202) കുടുംബങ്ങൾ, കുടുംബത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ, കുടുംബപ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച് ആഴമായ അറിവും ബോധ്യവും വൈദികവിദ്യാർത്ഥികൾക്ക് സെമിനാരികളിൽ വച്ചു തന്നെ ലഭിച്ചാലെ അവർ നല്ല അജപാലകരായിത്തീരു.

വിവാഹമോചനമെന്നത് തിന്മയാണ്. വിവാഹമോചനം അനുദിനം ഏറിവരുന്നത് സഭയേയും സമൂഹത്തെയും ഒരുപോലെ അസ്വസ്ഥപ്പെടുത്തുന്നു. തന്മൂലം, കുടുംബങ്ങളിലെ മുറിവുകൾ വച്ചുകെട്ടുക, അവ സൗഖ്യപ്പെടുത്തുക, വിവാഹമോചനം തടയുവാനുള്ള നടപടി സ്വീകരിക്കുക, കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം പരസ്പരം ശക്തിപ്പെടുത്തുക തുടങ്ങിയവയെല്ലാം വൈദികരുടെ അജപാലന ദൗത്യങ്ങളാണെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു (ഖണ്ഡിക 248). വിവാഹ ഒരുക്ക സെമിനാറുകളുടെ പ്രധാന്യം, വിവാഹജീവിതത്തിന്റെ ആദ്യവർഷങ്ങ

ളിൽ അവരെ അനുധാവനം ചെയ്യേണ്ടതിന്റെ ആവശ്യകത. ഉത്തര വാദിത്വ പൂർണമായ മാതൃ-പിതൃത്വം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട് (ഖണ്ഡിക 232). ഉപേക്ഷിക്കപ്പെട്ടവർ, വേർപിരിഞ്ഞവർ, വിവാഹമോചനം നേടിയവർ തുടങ്ങിയവരെ അജപാലകർ കരുണയോടുകൂടി അനുഗമിക്കണം.

**കുട്ടികളും മാതാപിതാക്കളും**

കുട്ടികളെ ക്രിസ്തീയവിശ്വാസത്തിലും സന്മാർഗത്തിലും മാനുഷികമൂല്യങ്ങളിലും വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും ചർച്ച ചെയുന്നുണ്ട്. കുട്ടികളുടെ മനസാക്ഷിരൂപീകരണം, അച്ചടക്കപരിശീലനം, ലൈംഗിക വിദ്യാഭ്യാസം, വിദ്യഭ്യാസപശ്ചാതലത്തിലുള്ള കുടുംബജീവിതം ഇവയെക്കുറിച്ചെല്ലാം പാപ്പ ഇവിടെ പ്രതിപാദിക്കുന്നു (ഖണ്ഡിക 271) മാതാപിതാക്കൾ കുട്ടികളുടെ എല്ലാ ചലനവും അറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് അവരെ സ്വതന്ത്രമായി വളരുന്നതിനുള്ള മാർഗതടസമായി ഭവിക്കും. കാരണം ഇതു വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ അവരെ പരിശീലിപ്പിക്കുകയോ, ശക്തിപ്പെടുത്തുകയോ ചെയ്യുകയില്ല. ആയതിനാൽ പക്വതയിലും അച്ചടക്കത്തിലും യഥാർത്ഥസ്വാതന്ത്ര്യത്തിലും വളരുവാൻ അവരെ സഹായിക്കുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത് (ഖണ്ഡിക 260).

ഈ പ്രബോധനരേഖയുടെ ഏറ്റവും പുതുമയാർന്നതും പ്രായോഗികവുമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് എട്ടാമധ്യായത്തിലാണ് (ഖണ്ഡികകൾ 291-312). മാനുഷികമായി ബലഹീനവും സങ്കീർണവുമായ സാഹചര്യങ്ങളും വിവേചിച്ചറിഞ്ഞ്, ന്യൂനതകൾ ഉള്ളവരെ കണ്ടെത്തി അജപാലനതൈലം പൂശി അവരെ സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ വൈദികരെ പാപ്പ പ്രോത്സാഹിപ്പിക്കുന്നു. വിവാഹമോചിതരും സിവിൽ നിയമപ്രകാരം പുനർവിവാഹതരുമായ മാമ്മോദീസ സ്വീകരിച്ചവർ സാധ്യമാകുന്ന വിവിധ മാർഗങ്ങളിൽ ക്രൈസ്തവ സമൂഹങ്ങളിലേക്ക് കൂടുതൽ പൂർണമായി സമന്വയിക്കപ്പെടേണ്ട ആവശ്യമുണ്ടെന്ന് ഈ പ്രബോധനരേഖ പഠിപ്പിക്കുന്നു (ഖണ്ഡിക 299).

**മന:സാക്ഷി രൂപീകരണത്തിൻ പ്രധാന്യം**

കുടുംബജീവീതത്തിന്റെ സങ്കീർണ്ണതകളിൽ മന:സാക്ഷിക്ക് നിർണ്ണായക സ്വാധീനമുണ്ടെന്ന് ഫ്രാൻസീസ് പാപ്പ ചൂണ്ടിക്കാട്ടുന്നു. വിവാഹമോചിതരോടും ആദ്യവിവാഹം വേർപിരിഞ്ഞ് സഭാ നിയമാനുസൃതമല്ലാതെ സിവിൽ വിവാഹത്തിലൂടെ ഒരുമിച്ച് ജീവിക്കുന്നവരോടും അജപാലകർ സഹാനുഭൂതിയോടെ വർത്തിക്കണം. സഭയുടെ പ്രബോധനങ്ങളും മെത്രാന്റെ മാർഗനിർദേശങ്ങളും അനുസരിച്ച്

തെറ്റിന്റെ സാഹചര്യങ്ങളും ഗൗരവവും വൈദികർ ബോധ്യപ്പെടുത്തി ക്കൊടുക്കണം. ക്രിസ്തീയതത്വങ്ങൾക്ക് അനുസൃതമായി മനസാ ക്ഷിയെ രൂപപ്പെടുത്തിയെടുക്കുവാൻ വിശ്വാസികളെ സഭ പ്രോത്സാഹി പ്പിക്കുകയും, പ്രേരിപ്പിക്കുകയും വേണം. ദൈവം ആഗ്രഹിക്കുന്നതെ ന്തെന്ന് ധാർമ്മികബോധത്തോടെ തിരിച്ചറിയുവാൻ മന:സാക്ഷിക്കു കഴിയും. ആയതിനാൽ ഉത്തമമായ മന:സാക്ഷി രൂപീകരിക്കുവാൻ ജന ങ്ങളെ വൈദികർ സഹായിക്കുകയും അജപാലനപരമായ കാരുണ്യം, തങ്ങളുടെ പ്രവർത്തനങ്ങളിൽ നിവേശിപ്പിക്കുകയും വേണം.

കുടുംബജീവിതത്തിന്റെയും ദാമ്പത്യസ്നേഹത്തിന്റെയും ആദ്ധ്യാത്മികതയെക്കുറിച്ചാണ് ഒമ്പതാമദ്ധ്യായം വിശകലനം ചെയ്യു ന്നത് (ഖണ്ഡിക 313– 325). ദാമ്പത്യ ആധ്യാത്മികതയെന്നത് ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ഹൃദയൈക്യത്തിന്റെ ആദ്ധ്യാത്മികതയാണ്. ഇത് ഉത്തമമായ കുടുംബജിവിതത്തിലേക്കും ദൈവൈക്യത്തിലേക്കു മുള്ള പാതയാണ്. സ്നേഹത്തിന്റെയും, വിശ്രമത്തിന്റെയും, ആനന്ദ ത്തിന്റെയും, ആഘോഷത്തിന്റെയും വേളകൾ ഉത്ഥാനജീവിതത്തിലുള്ള പങ്കുചേരലായി ദമ്പതികൾ മനസിലാക്കണം (ഖണ്ഡിക 317). ദമ്പതി കൾ വാർധക്യത്തിലെത്തിയാലും പരസ്പരം ശ്രദ്ധിച്ചും ആശ്വസിപ്പിച്ചും കരുണ കാണിച്ചും ജീവിക്കുമ്പോഴാണ് അവരുടെ ആദ്ധ്യാത്മിക ജീവി തത്തിന് കൂടുതൽ മിഴിവും ഊർജ്ജസ്വലതയും ഉണ്ടാകുന്നത്. ദൈവി കദൃഷ്ടികളോടുകൂടി നമ്മുടെ പ്രിയപ്പെട്ടവരെക്കുറിച്ച് ധ്യാനിക്കുകയും അവരിൽ മിശിഹായെ കാണുകയും ചെയ്യുന്നത് ആദ്ധ്യാത്മിക അനുഭ വമാണെന്ന് മാർപാപ്പ പ്രസ്താവിക്കുന്നു.

'സ്നേഹത്തിന്റെ ആനന്ദമെന്ന' അപ്പസ്തോലിക ആഹ്വാനം ആദർശപരമായ കുടുംബങ്ങളെക്കുറിച്ചല്ല, പ്രത്യുത കുടുംബത്തിന്റെ സങ്കീർണ്ണതകളെക്കുറിച്ചാണ് വിശദീകരിക്കുന്നത്. കുടുംബജീവിത ത്തിന്റെ സങ്കീർണതകളിൽ ഉഴലുന്നവർക്ക് അജപാലകർ താങ്ങും തണ ലുമായി വർത്തിച്ച് കരുണയുടെ തൈലംപൂശി അവരെ സഭയുടെ മുഖ്യ ധാരയുമായി സമന്വയിപ്പിക്കണം. കുടുംബപ്രശ്നങ്ങൾക്ക് പരിഹാരം ആരായുമ്പോൾ നൈയാമികമായ വിധിതീർപ്പുകളേക്കാൾ മന:സാക്ഷി യുടെ സ്വരം ശ്രവിച്ച് അജപാലനപരമായ വിവേകം കാണിക്കണമെന്ന് പാപ്പ വൈദികരെ അനുസ്മരിപ്പിക്കുന്നു. അപ്രകാരം കുടുംബപ്രതിസ ന്ധികളിൽപ്പെട്ടവരെ കരുണയോടെ സമീപിച്ച് അവരെ അനുയാത്ര ചെയ്യുവാനും ദൈവികസന്തോഷത്തിലൂന്നിയ കുടുംബജീവിതം അവർക്ക് ഉറപ്പു വരുത്തുവാനും 'സ്നേഹത്തിന്റെ ആനന്ദം 'എന്ന അപ്പ സ്തോലിക പ്രബോധനം ഏവർക്കും വഴികാട്ടിയായിത്തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

*കടപ്പാട്: സൺഡേശാലോം 2016 മെയ് 15 ഞായർ*

# രൂപതാകച്ചേരി വാർത്തകൾ

**പരേതരായ വൈദികരുടെ സ്മരണ**

റവ.ഫാ. മാത്യു കൊല്ലിത്താനം ജൂൺ 3, റവ.ഫാ. തോമസ് കാട്ടൂർ ജൂൺ 8, റവ.ഫാ. അബ്രാഹം മൂക്കനോലി ജൂലൈ 16, നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

**മാധ്യമദിനം ജൂൺ 5**

ഈ വർഷം ജൂൺ 5 നാണ് മാധ്യമദിനം ആചരിക്കുന്നത്. ഈ വർഷത്തെ മാധ്യമദിനത്തിന്റെ വിചിന്തന വിഷയമായി ഫ്രാൻസീസ് മാർപാപ്പ നൽകിയിരിക്കുന്ന വിഷയം *സാമൂഹിക സമ്പർക്കവും കരുണയും: സഫലമായി ഒരു നേർക്കാഴ്ച* എന്നതാണ്. അന്നേദിവസം പാപ്പായുടെ മാധ്യമദിന സന്ദേശം എല്ലാ ഇടവകകളിലും വായിക്കുകയും അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യു മല്ലോ. രൂപതയുടെ മാധ്യമ കമ്മീഷനെ കഴിഞ്ഞ നാലുവർഷങ്ങ ളായി നയിച്ച ബഹു. ബാബു മാപ്ലശേരി അച്ചനും അച്ചനോട് സഹക രിച്ച ഏവർക്കും നന്ദി അറിയിക്കുകയും പുതിയതായി രൂപതയുടെ മാധ്യമ കമ്മീഷൻ ഡയറക്ടറായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ബഹു. ജെയ്സ് ചെട്ടിയാശ്ശേരി അച്ചന് വിജയാശംസകൾ നേരുകയും ചെയ്യുന്നു.

**പത്രോസിന്റെ കാശ് - ജൂൺ 29**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 29 ബുധനാഴ്ച ആയതിനാൽ ജൂൺ 26-ാം തീയതി ഞായറാഴ്ച വി. പത്രോ സിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടു ക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോമലബാർ ദിനം – ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. സഭാദിനമായ ജൂലൈ മൂന്നിന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേയ്ക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം**

കേരളസഭ ജൂലൈ 10–ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ഫൊറോനാ കൗൺസിലും കൈക്കാരന്മാരുടെ സമ്മേളനവും**

ഈവർഷം ഓഗസ്റ്റ് 26–28 തീയതികളിലായി *ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും* എന്ന വിഷയത്തെ ആസ്പദമാക്കി നടക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ *Lineamenta* വിവിധ വേദികളിൽ ചർച്ചചെയ്ത് റിപ്പോർട്ട് മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കണമെന്ന് അറിയിപ്പ് കിട്ടിയതനുസരിച്ച് നമ്മുടെ രൂപതയിലെ ഫൊറോനാ കൗൺസിലുകൾ മെയ് 21, 22, 28, 29 എന്നീ തീയതികളിലായി വിളിച്ചു ചേർക്കുകയും ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തു. രൂപതയിൽ നിന്നുമുള്ള ടീം അംഗങ്ങൾ നേതൃത്വം നൽകി. അന്നേദിവസം ഫൊറോനകളിലെ എല്ലാ ഇടവകകളിൽ നിന്നും ഉള്ള കൈക്കാരന്മാരെയും പ്രത്യേകമായി വിളിച്ചുചേർക്കുകയും അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ക്ലാസ് നൽകുകയും ചെയ്തു. എല്ലാറ്റിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതന്ന ബഹു. ഫൊറോനാ വികാരിമാർക്കും ക്ലാസുകൾക്ക് നേതൃത്വം നൽകിയ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**അഭിനന്ദനങ്ങൾ**

ഫിലിപ്പിയൻസിലെ De La Salle University യിൽ നിന്നും ക്ലിനിക്കൽ കൗൺസിലിംഗിൽ *Professional Identity Development of Indian Counsellers* എന്ന വിഷയത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കിയ ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചന് അഭിനന്ദനങ്ങൾ. ഇപ്പോൾ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയിൽ ഡയറക്ടറായി സേവനം ചെയ്യുന്ന അച്ചന് എല്ലാവിധ ആശംസകളും നേരുന്നു.

**നന്ദി**

വിവിധ സന്യാസസമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചുപോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കല്ലുമുക്ക് വികാരിയായിരുന്ന ബഹു. ജോണി കാഞ്ഞിരത്തിങ്കൽ MSFS അച്ചനും, ഒലിവുമല വികാരിയായിരുന്ന ബഹു. സിറിയക് കിഴക്കലംത്തോട്ടം CMF അച്ചനും, ലക്കിടി വികാരിയായിരുന്ന ബഹു. തോമസ് വട്ടക്കാട്ട് CMI അച്ചനും, പനമരം പാദ്രോപിയോ ഫ്രൈഷൻ റെക്ടറായിരുന്ന ബഹു. പോൾ കൈനിക്കൽ OFM.Cap അച്ചനും, കല്ലോടി അസി. വികാരിയായിരുന്ന ബഹു. സന്തോഷ് തലച്ചിറ CSJBP അച്ചനും ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. വിത്സൺ കൊല്ലംപറമ്പിൽ CMI അച്ചനും (ലക്കിടി), ബഹു. നിരപ്പേൽ ജോൺ അച്ചനും (ഒലിവുമല), ബഹു. മരിയദാസ് തുരുത്തിമറ്റം OFM.Cap അച്ചനും (പനമരം പാദ്രോപിയോ ഫ്രൈഷൻ റെക്ടർ) ബഹു. ഷാജു ആനിത്തോട്ടത്തിൽ OFM.Cap അച്ചനും (വടപുറം), ബഹു. ആന്റണി ചക്യാത്ത് അച്ചനും (കയ്യൂന്നി), മാനന്തവാടി രൂപതയിലേയ്ക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**TRANSFER AND APPOINTMENTS OF PRIESTS**

| Name of Priest | Assignment |
|---|---|
| Rev. Fr. Chakkittakudy James | Vicar, Poolapadam (w.e.f.15-05-2016) |
| " Chakkittakudy Jose | Vicar, Vilambukandam |
| " Chelackapallil Thomas | Vicar, Pattanikoop |
| " Chettiyassery Joseph | Director, Diocesan Media Commission (Add.Charge) |

| | | |
|---|---|---|
| " | Edayakondatt Paul | Vicar, Thrissilery |
| " | Elemkunnel Sebastian | Diocesan Vocation Promoter & Procurator, Minor Seminary |
| " | Kalambukattu Joseph | Manager, Woodlands Estate Kartikulam & Vicar, Bavaly |
| " | Kalliyatt Devassia | Vicar, Kallumukku |
| " | Kallumgatharayil Agustine | Ministry in the Apostolic Exarchate for Syro-Malabar Catholics in Mississauga, Canada |
| " | Kattamkottil Joseph | Study |
| " | Korattiparambil Vincent | Vicar, Pookottumpadam |
| " | Kuttimakkal James | Vicar, Arinchermala |
| " | Mankottil James | Sabbatical Year |
| " | Mecheril Joseph | Syncellus, Manimooly-Nilambur Region, Director Regional Pastoral Centre & Vicar, Marutha. |
| " | Mundackal Jose | Vicar, Pulpally |
| " | Muthirakalayil George | Vicar, Panamaram |
| " | Olickal Thomas | Study |
| " | Padinjarayil George | Vicar, Chulliode |
| " | Nilackappilly Augustine | Vicar, Mananthavady Town |
| " | Paikkatt Mathew | Vicar, Marakadavu (w.e.f.29-05-16) |
| " | Painumkal Kuriakose | Ministry in the Eparchy of Kalyan |
| " | Pakkanikuzhiyil Sebastian | Vicar, Mangalam & Panthipoyil |
| " | Perumattikunnel Mathew | Vicar, Kalpetta |
| " | Puthukulangara Thomas | Vicar, Irulam |
| " | Therakam Thomas Joseph | Vicar, Kolavayal |
| " | Thykunnumpuram Thomas | Vicar, Ondayamgady (w.e.f.29-05-16) |
| " | Unnippally Sebastian | Vicar, Chithragiri |
| " | Vadayaparambil Jose | Vicar, Muthireri |
| " | Valachanath Cyriac | Vicar, Nelliyodi |
| " | Anithottathil Shaju OFM Cap | Vicar, Vadapuram |
| " | Nirappel John CMF | Vicar, Olivumala (w.e.f 05-06-2016) |
| " | Kollamparambil Wilson CMI | Vicar, Lakkidi |
| " | Thuruthimattam Mariadas OFM. Cap | Rector, Padre Pio Shrine Panamaram |
| **ASSISTANTS** | | |
| " | Ambalathara Santo | Study |
| " | Ikarakanayil Shiju | Asst.Vicar, Bathery |
| " | Kattath Aneesh | Asst.Vicar, Kallody |
| " | Madappallikunnel Siby | Vice Rector, Minor Seminary |
| " | Antony Chackiath | Asst.Vicar, Kayyunni |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ** – പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാനദിനം 2016- റിപ്പോർട്ട്

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ 2016 മെയ് 3 ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതയാകുന്ന വലിയ കുടുംബത്തിന്റെ പ്രതിനിധിസമ്മേളനമായ ഈ കൂട്ടായ്മയുടെ ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് രാവിലെ 9.30 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പതാക ഉയർത്തി. തുടർന്ന് ജപമാല പ്രാർത്ഥനയായിരുന്നു. 10.00 ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി.ബലിയർപ്പിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, സിഞ്ചെല്ലൂസ് വെരി.റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ, കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ് മൈലാടൂർ, പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന റവ.ഫാ.ജോർജ് മമ്പള്ളി, പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന റവ.ഫാ.ജോർജ് ആലുക്ക, റവ.ഫാ. ജോണി കുന്നത്ത് എന്നീ വൈദികർ സഹകാർമ്മികരായിരുന്നു. വി.കുർബാനമധ്യേ അഭിവന്ദ്യ പിതാവ് വചനസന്ദേശം നൽകി.

വചനസന്ദേശത്തിന്റെ പ്രസക്തഭാഗങ്ങൾ ഇപ്രകാരമായിരുന്നു: 'നാം എല്ലാവരും ഇടയന്മാരാകാൻ വിളിക്കപ്പെട്ടവരാണ്. കർത്താവ് തന്റെ ഇടയദൗത്യം പൂർത്തീകരിക്കുന്നത് നമ്മിലൂടെയാണ്. ഇടയന്മാരുടെ നാഥൻ വരുമ്പോൾ ഒളിമങ്ങാത്ത കിരീടം നമുക്ക് നൽകുമെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ദൈവത്തോടുള്ള വിശ്വസ്തതയാണ് ഇടയധർമ്മത്തിന്റെ അടിസ്ഥാനഘടകം. മോശ ചിലപ്പോഴെങ്കിലും തന്റെ ദൗത്യത്തിൽ പരാജയപ്പെട്ടുപോയിട്ടുണ്ടെങ്കിലും ദൈവത്തോടു ചേർന്നു നിന്നതുകൊണ്ട് ദൈവം മോശയെ ഉയർത്തി. നമ്മളും നമ്മുടെ ദൗത്യനിർവ്വഹണത്തിൽ പരാജയപ്പെടുന്നവരാണെങ്കിലും ദൈവത്തോടു ചേർന്നു നിന്നാൽ അവിടുന്ന് നമ്മെ സംരക്ഷിക്കും. ഏറെ അപമാനങ്ങൾ ഏറ്റുവാങ്ങി ഒരു ക്രിമിനലിനെപ്പോലെ കുരിശിൽ മരിച്ച ക്രിസ്തു ലോകത്തിന്റെ ഭാഷയിൽ പരാജയമാണെങ്കിലും ആ ബലിയിലൂടെ ക്രിസ്തു കോടാനുകോടി മനുഷ്യരെ തന്നിലേയ്ക്ക് ആകർഷിച്ചു. അവിടുത്തോട് വിശ്വസ്തരായിരുന്നാൽ നമ്മളും അവനിലേയ്ക്ക് ഉയർത്തപ്പെടുക തന്നെ ചെയ്യും. ഓരോ നേതാവിനും വ്യക്തമായ കാഴ്ചപ്പാട് അനിവാര്യമാണ്. ക്രിസ്തുവിന് തന്റെ ജീവിതത്തെയും, ദൗത്യത്തെയുംകുറിച്ച് വ്യക്തമായ കാഴ്ചപ്പാടും, ധാരണയുമുണ്ടായിരുന്നു. സഭയിലേയ്ക്ക് വരുന്നവർ സ്ഥാനമാനങ്ങൾക്കല്ല പ്രാധാന്യം കൊടുക്കേണ്ടത് മറിച്ച് തങ്ങളുടെ ശുശ്രൂഷാജീവിതത്തിന് വേണ്ടത്ര ശ്രദ്ധ നൽകു

കയാണ് ചെയ്യേണ്ടത്. ലോകം കാണുന്നതുപോലെയല്ല സഭ ശുശ്രൂഷയെയും, സ്ഥാനമാനങ്ങളെയും വീക്ഷിക്കുന്നത്. ക്രൈസ്തവ നേതൃത്വനിരയിലുള്ളവർ ക്രിസ്തുവിന്റെ വിവിധ ദൗത്യങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. വിശുദ്ധ വസ്തുക്കൾ മറ്റ് വിലകുറഞ്ഞ കാര്യങ്ങൾക്ക് വിട്ടു നൽകാത്തതുപോലെ ക്രൈസ്തവ നേതൃത്വശൈലി ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾക്കും വിട്ടുകൊടുക്കരുത്. വിശുദ്ധീകരിക്കപ്പെട്ടതും, ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടതുമായ ഒരു ശുശ്രൂഷാമനോഭാവമാണ് നമുക്ക് വേണ്ടത്. ഗർവ്വിന്മേൽ നമുക്ക് വിജയം വരിക്കുവാൻ സാധിക്കണം. തിന്മയെ വെറുത്തെങ്കിൽ മാത്രമേ യഥാർത്ഥ നേതൃത്വത്തിലേയ്ക്ക് പ്രവേശിക്കുവാൻ കഴിയൂ. നാം ആരുടെ നേതൃത്വത്തിൽ പങ്കുചേർക്കപ്പെടുന്നുവോ ആ വ്യക്തിയുടെ പാതയിലൂടെ നടക്കണം.

പലപ്പോഴും ഭൗതികമായ നേട്ടങ്ങളിലേ ശിഷ്യഗണത്തിന് താത്പര്യമുണ്ടായിരുന്നുള്ളൂ. എന്നാൽ ക്രിസ്തു അവന്റെ മാതൃകയിലൂടെ ഈ മനോഭാവത്തെ തിരുത്തുന്നുണ്ട്. ദൈവത്തിന്റെ ആത്മാവ് നമ്മിൽ നിറയുമ്പോൾ നമ്മിൽ ഭരമേൽപിക്കപ്പെട്ട നേതൃത്വം ഭംഗിയായി നിർവ്വഹിക്കുവാൻ നമുക്ക് സാധിക്കും. ഇതിനായി ജാഗരൂകതയോടെ വചനത്തിന്റെ നിറവിനായി നാം കാത്തിരിക്കണം. ഇതിൽ ശ്രദ്ധിച്ചില്ലെങ്കിൽ ദൈവദൃഷ്ടിയിലുള്ള പരാജയം സംഭവിക്കാം. ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ച് സഭാസമൂഹത്തെ നന്നായി നയിക്കുവാൻ നാം ശ്രദ്ധിക്കണം. ക്രിസ്തുവിനെ അനുകരിച്ച് പ്രബോധനത്തിലൂടെ ജനത്തെ നയിക്കാനും, വാക്കിലും പ്രവൃത്തിയിലും അന്തരമില്ലാത്ത നേതാക്കന്മാരാകുവാനും നമ്മൾ പരിശ്രമിക്കണം.'

വി.കുർബാനയ്ക്ക്ശേഷം പൊതുസമ്മേളനമായിരുന്നു. യൂത്ത്മിനിസ്ട്രി നടത്തുന്ന ലൈഫ് ട്രെയ്നിംഗ് പ്രോഗ്രാമിൽ സംബന്ധിച്ച വിദ്യാർത്ഥികളുടെ രംഗപൂജയോടെ ആരംഭിച്ച പൊതുസമ്മേളനത്തിന് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം പറഞ്ഞു. തുടർന്ന് യോഗത്തിന്റെ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. എല്ലാവരേയും ഒന്നിച്ച് കാണാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും രൂപതയ്ക്കുവേണ്ടി വിവിധ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുന്നവരുടെ സാന്നിധ്യമാണ് തന്റെ ശക്തിയെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. സമൂഹം നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും, തന്മൂലം വിദ്യാഭ്യാസ, സാംസ്കാരിക, സാങ്കേതിക മേഖലകളിൽ അതിശയാവഹമായ മാറ്റം വന്നിട്ടുണ്ടെന്നും അത് നമ്മുടെ രൂപതാ പ്രവർത്തനങ്ങളെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ടെന്നും

അതിനോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോഴാണ് നമ്മുടെ രൂപത കൂടുതൽ ജീവസുറ്റതാവുകയുള്ളൂവെന്നും പിതാവ് അഭിപ്രായപ്പെട്ടു. ആന്റിന തരംഗങ്ങളെ സ്വീകരിക്കുന്നതുപോലെ നമ്മെ സമൂഹത്തിലേയ്ക്ക് തിരിച്ചുവയ്ക്കുമ്പോഴാണ് നമ്മുടെ പ്രവർത്തന ശൈലിയുടെ വേഗത കൂടുകയുള്ളൂ. കർത്താവിന്റെ വചനം ഉൾക്കൊണ്ടുകൊണ്ട് സാങ്കേതികയിലെ തള്ളേണ്ട വസ്തുക്കളെ തള്ളിയും, സ്വീകരിക്കേണ്ടതിനെ സ്വീകരിക്കയും ചെയ്യണം എന്നും നമ്മുടെ പ്രവർത്തനങ്ങളെ അങ്ങനെ ഏകോപിപ്പിക്കണമെന്നും പിതാവ് പറഞ്ഞു. തനിക്ക് ആശയങ്ങളെ ഉള്ളൂവെന്നും അവയുടെ പൂർത്തീകരണം നടക്കുന്നത് രൂപതയ്ക്ക് കീഴിലുള്ള അജഗണമുന്നേറ്റത്തിന്റെ ഏകോപനത്തിലൂടെ ആണെന്നും അതിൽ താൻ അഭിമാനിക്കുന്നുവെന്നും അതിൽ മുന്നോട്ട് പോകേണ്ടതുണ്ടെന്നും പിതാവ് ഓർമ്മപ്പെടുത്തി. മാറിവരുന്ന കാലത്തിനനുസരിച്ച് നേതൃത്വരംഗത്തെ ശക്തിപ്പെടുത്തുവാനും ശുശ്രൂഷ നിർവ്വഹിക്കാനും നമുക്ക് കഴിയണം. ക്രിസ്തുവെന്ന ആദർശം നമുക്ക് മാത്രമല്ല ലോകത്തിനുമുഴുവൻ അവകാശപ്പെട്ടതാണ്. അത് പകർന്നു നൽകുമ്പോഴാണ് യുവജനങ്ങൾ സഭയോട് ചേർന്നു നിൽക്കുകയുള്ളൂ. ഏകോപനം പ്രാർത്ഥനയിൽ അധിഷ്ഠിതമല്ലെങ്കിൽ അത് നമ്മുടെ ആത്മീയ ജീവിതത്തെ താളം തെറ്റിക്കും. പിതാവ് ഓർമ്മപ്പെടുത്തി.

തുടർന്ന് രൂപതാലിറ്റർജിക്കൽ കമ്മീഷൻ തയ്യാറാക്കിയ *നൊവേനകളും പ്രാർത്ഥനകളും* എന്ന പുസ്തകം അഭിവന്ദ്യ പിതാവ്, കത്തീഡ്രൽ വികാരി ബഹു. ജോർജ് മൈലാടൂരച്ചന് നൽകി പ്രകാശനം ചെയ്തു. വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി അച്ചന്റെ ശിഷ്യന്മാർ ഏർപ്പെടുത്തിയ ബഹു. ജോർജ് മൂലയിൽ അച്ചന്റെ ശിഷ്യന്മാർ ഏർപ്പെടുത്തിയ *മോൺ. ജോർജ് മൂലയിൽ എൻഡോവ്മെന്റ്* ബഹു. ബാബു മാപ്ലശേരി അച്ചൻ അഭിവന്ദ്യ പിതാവിന് നൽകി. സി. പെറ്റിറ്റ് തെരേസ് എസ്.എ.ബി.എസ്. റേഡിയോ മാറ്റൊലിയിൽ നടത്തിയ സദ്ചിന്തകൾ പുസ്തകമാക്കി *സദ്ഗമയ* എന്ന പേരിൽ പ്രസിദ്ധീകരിച്ചത് അഭിവന്ദ്യ പിതാവ് ബഹു. നെച്ചിക്കാട്ടച്ചന് നൽകി പ്രകാശനം ചെയ്തു.

തുടർന്ന് പ്രസംഗിച്ച ജോർജ് മൈലാടൂരച്ചൻ വരുംതലമുറയ്ക്കുള്ള കരുതലാണ് ഈ രൂപതാദിനമെന്നും, തേനീച്ചകളെപ്പോലെ ഐക്യത്തോടെ വ്യാപരിക്കുവാൻ നമുക്ക് സാധിക്കണമെന്നും ക്രിസ്തുവിന്റെ സഹനത്തോട് പങ്കുചേർന്നവരാണ് ജൂബിലേറിയൻസ് എന്നും അച്ചൻ സൂചിപ്പിച്ചു. പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹു. ജോർജ് മമ്പള്ളിൽ അച്ചനെയും മറ്റ് സമർപ്പിതരെയും സിൽവർ ജൂബിലി ആഘോഷിക്കുന്ന വൈദികരെയും സമർപ്പിതരെയും അഭിനന്ദിച്ചു.

റവ.സി.ആലീസ് എസ്.കെ.ഡി. ന്യൂജെൻ പ്രവണത കുടുംബങ്ങളെ ബാധിച്ചിട്ടുണ്ടെന്നും, ഇത്തരം കൂട്ടായ്മ ന്യൂജെൻ പ്രവണതകൾ സൃഷ്ടിക്കുന്ന വിടവുകളെ നികത്തുന്നുവെന്നും, സ്നേഹം, കരുതൽ, ആർദ്രത എന്നിവയാണ് ഈ കൂട്ടായ്മ പങ്കുവയ്ക്കുന്നതെന്നും അഭിപ്രായപ്പെട്ടു. ആശംസ നേർന്നു സംസാരിച്ച ശ്രീ. സിനീഷ് ആപ്പുഴ ദിവ്യകാരുണ്യത്തിന്റെ സ്നേഹത്തിലാണ് യഥാർത്ഥ സുരക്ഷിതത്വം ഉൾച്ചേർക്കപ്പെട്ടിരിക്കുന്നതെന്ന് ഓർമ്മിപ്പിച്ചു. തീരെ സുരക്ഷിതമല്ലാത്ത ഇടമായി വീടും സമൂഹവും മാറുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

രൂപതാശ്രേഷ്ഠപുരസ്കാര ജേതാക്കളേയും രൂപതയിൽ വിവിധതലങ്ങളിൽ ജീവകാരുണ്യ പ്രവർത്തികളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരേയും വിവിധതലങ്ങളിൽ എടുത്ത്പറയത്തക്ക നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും ജൂബിലേറിയൻസിനെയും ആദരിച്ചു. പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഫാ. ജോർജ് മാമ്പള്ളിൽ മറുപടി പ്രസംഗം നടത്തി. പൂർവ്വികരിൽ നിന്നും കൈമാറിവന്ന വിശ്വാസ പാരമ്പര്യത്തിന്റെ പ്രാധാന്യത്തെ അദ്ദേഹം എടുത്തുകാട്ടി. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദി പ്രകാശിപ്പിച്ച് സംസാരിച്ചു. രൂപതാഗാനത്തോടെ യോഗം അവസാനിച്ചു.

രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നായി രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ, എല്ലാ സമൂഹങ്ങളുടെയും മേജർ സുപ്പീരിയേഴ്സ്, എല്ലാ സന്യാസഭവനങ്ങളുടെയും സുപ്പീരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകയിലെ നടത്തുകൈക്കാരന്മാർ, സെക്രട്ടറിമാർ, ദേവാലയശുശ്രൂഷികൾ, സൺഡേസ്കൂൾ പ്രധാന അധ്യാപർ, വിവിധസംഘടനകളുടെ രൂപതാഭാരവാഹികൾ, രൂപതയിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നിവയുടെ പ്രധാന അധ്യാപകർ എന്നീ വിഭാഗങ്ങളിൽ നിന്നായി 700 ലധികം വ്യക്തികൾ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാദിനാഘോഷങ്ങൾ സുന്ദരവും മനോഹരവുമാക്കാൻ സഹായിച്ച എല്ലാവരെയും വളരെ പ്രത്യേകമായി വിവിധ കമ്മിറ്റി കൺവീനർമാരായി പ്രവർത്തിച്ച പാസ്റ്ററൽ സെന്ററിലെ എല്ലാ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്റ്റാഫംഗങ്ങളെയും സീയോൻ ധ്യാനകേന്ദ്രത്തിലെ സിസ്റ്റേഴ്സിനെയും വിവിധ സംഘടനാപ്രവർത്തകരെയും മേജർ സെമിനാരി വിദ്യാർത്ഥികളെയും പലിവിധത്തിൽ സഹായസഹകരണങ്ങൾ ചെയ്തുതന്ന എല്ലാവരെയും ഓർക്കുകയും ഏവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്സ് 2016**

ലോഗോസ് ക്വിസ്സ് 2016-ലെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ 2016 ജൂൺ 1-ാം തീയതി ഇടവകകളിലും സ്ഥാപനങ്ങളിലും ആരംഭിച്ച് രൂപതാതലത്തിൽ ജൂലൈ 31-ാം തീയതി അവസാനിക്കും. ജൂലൈ 1-ാം തീയതി മുതൽ രജിസ്ട്രേഷൻ രൂപതാഓഫീസിൽ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻഫീസായ 10 രൂപ രജിസ്ട്രേഷൻ ഫോമിനൊപ്പം ഓഫീസിൽ അടയ്ക്കണം. ഈ വർഷവും തമിഴ് ചോദ്യപേപ്പർ ലഭ്യമാണ്. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല. വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനായി ജൂൺ 15-നുശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്.

**മത്സരാർത്ഥികളെ A,B,C,D,E,F എന്നീ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു**

A വിഭാഗം : 1-1- 2005-നു ശേഷം ജനിച്ചവർ
B വിഭാഗം : 1-1-2000-നും 31-12-2004-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1985-നും 31-12- 1999-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1965-നും 31-12- 1984-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1952-നും 31-12-1964-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1951 -നു മുമ്പ് ജനിച്ചവർ

**ലോഗോസ് ഫമിലിയ ക്വിസ്**

ഈ വർഷം മുതൽ ലോഗോസ് ഫമിലിയ ക്വിസ് ആരംഭിക്കുന്നു. ഫാമിലി ക്വിസ്സിൽ പങ്കെടുക്കുന്ന കുടുംബത്തിൽ രണ്ട് തലമുറയിൽപ്പെട്ട മൂന്ന് അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം.

**ലോഗോസ് ക്വിസ് 2016 പാഠഭാഗം**

(1) സംഖ്യ 11-21, (2) സുഭാഷിതങ്ങൾ 10-20, (3) യോഹന്നാൻ 13-21, (4) വെളിപാട് 1-3. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLC യുടെ

തിരുവിവിലിയവും ആണ്. പരീക്ഷാസമയം രൂപതാതലത്തിൽ 2016 സെപ്റ്റംബർ 25-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

**രജിസ്ട്രേഷൻ**

(1) മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ഓൺ- ലൈൻ രജിസ്ട്രേഷൻ നടത്തണം. (2)രജിസ്ട്രേഷൻ ഫോറം പൂരിപ്പിക്കുമ്പോൾ ജനനതീയതി നിർബന്ധമായും ചേർക്കണം (3) ഓരോ ഇടവകയും പങ്കെടുക്കുന്നവരുടെ പേരുവിവരം www.logosquiz.org/Mananthavady എന്ന Site-Â CentreLogin എന്ന Link ലൂടെ പ്രവേശിച്ച്, ലഭിച്ചിരിക്കുന്ന Centre Code/User ID യും Pass Word ഉം ഉപയോഗിച്ച് Centre ന്റെ Site Open ചെയ്ത് പങ്കെടുക്കുന്നവരുടെ പേരുവിവരം - ജനനതീയതി ഉൾപ്പെടെചേർക്കുക (4) കഴിഞ്ഞവർഷം പങ്കെടുത്തവരുടെ ലിസ്റ്റ് Edit ചെയ്യാവുന്നതാണ്. (5) Site ൽ രജിസ്റ്റർ ചെയ്ത് Total page/ Centre head page, A, B, C, D, E, F വിഭാഗങ്ങളുടെ Print out എന്നിവ ഓഫീസിൽ ഏൽപ്പിക്കണം.

ലോഗോസ് 2016 ന്റെ ഇടവകാതല ക്രമീകരണങ്ങൾക്കായി മാതൃവേദി അംഗ ങ്ങളുടേയും, ആനിമേറ്റർമാരുടേയും സേവനം ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കും.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

## പുതിയ അധ്യയന വർഷം

2016-17 അധ്യയനവർഷം മെയ് 29 ന് ആരംഭിച്ചു. പുതിയ അക്കാദമികവർഷത്തിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലേക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. നമ്മുടെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷത്തിൽ മതബോധനരംഗത്ത് സേവനം ചെയ്ത എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലി സംബന്ധമായ കാര്യങ്ങൾ.... തുടങ്ങിയ കാരണങ്ങളാൽ താത്കാലിക മായിട്ടെങ്കിലും ഈ സേവനരംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദിയും ആശംസകളും നേരുന്നു.

പുതുതായി വിശ്വാസപരിശീലനരംഗത്തേക്ക് കടന്നുവരുന്ന അധ്യാപകരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുട്ടികളുടെ പരീക്ഷാ ഫലത്തെയും വിശ്വാസജീവിതവളർച്ചയെയും വിലയിരുത്തുകയും പുതിയവർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം. മതബോധനക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ, രൂപതാ കലണ്ടറും പുതിയ സിലബസും അനുസരിച്ച് ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. പുതിയ അധ്യയന വർഷത്തിൽ എല്ലാവർക്കും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

## ആമുഖ സെമിനാറും ക്ലാസ്സ് ട്രെയിനിംഗും

പുതുതായി വിശ്വാസപരിശീലനരംഗത്ത് അധ്യാപകരായി വന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏതുക്ലാസ്സിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖസെമിനാറിൽ സംബന്ധിക്കണം. തീയതികൾ ശ്രദ്ധിക്കുക.

ജൂൺ 17-19 - ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, നിലമ്പൂർ ഫൊറോനകൾ

ജൂലൈ 8-10 - ബത്തേരി, കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, മണിമൂളി, നീലഗിരി ഫൊറോനകൾ

ഫീസ്: Rs. 400/- സമയം: സെമിനാർ തുടങ്ങുന്ന ദിവസം 5 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4 മണിവരെ.

സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ.

അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ, പഠിപ്പിക്കുന്ന ക്ലാസ്സിലെ പാഠപുസ്തകം, ടീച്ചിംഗ് നോട്ട്, അധ്യാപകസഹായി, നോട്ട് ബുക്ക് എന്നിവ കൊണ്ടുവരണം. ആമുഖസെമിനാറിന് വരുന്നവർ നിർബന്ധമായും രൂപതാഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**ക്ലാസ്സ് ട്രെയിനിംഗ്**

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവർ മറ്റ് ക്ലാസ്സുകളിലേക്ക് മാറിയിട്ടുണ്ടെങ്കിൽ (Class Charge) അവർ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അതാതു ക്ലാസ്സിലെ പരിശീലനത്തിൽ പങ്കെടുക്കണം.

| ക്ലാസ്സ് | തീയതി | സമയം | സ്ഥലം |
|---|---|---|---|
| I,II,III,IV,V,VI,VII | ജൂൺ -4 | 9.30 - 4.00 | ദ്വാരക |
| VIII,IX,X,XI,XII | ജൂൺ -11 | 9.30 - 4.00 | ദ്വാരക |

പരിശീലനത്തിന് വരുന്നവർ പാഠപുസ്തകം, നോട്ട് ബുക്ക്, അദ്ധ്യാപകസഹായി, ഫീസ് Rs.100/- എന്നിവയും കൊണ്ടുവരാൻ ശ്രദ്ധിക്കുക.

**പ്രത്യേക ശ്രദ്ധയ്ക്ക്**: അദ്ധ്യാപക പരിശീലനത്തിന് വരുന്നവർ (ആമുഖസെമിനാറിനും മറ്റ് പരിശീലനത്തിനും) നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം (ഫോൺ 04935 -245094)

## HDC, DCC Registration

അടുത്ത അധ്യയനവർഷത്തേക്കുള്ള HDC,DCC കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂലൈ 31-ന് മുമ്പായി രൂപതാഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## HCC (XI, XII) Registration

HCC Registration കഴിഞ്ഞ വർഷത്തേതുപോലെ Online ആണ്. ജൂലൈ 17-ന് മുമ്പ് രജിസ്ട്രേഷൻ നടത്തി, ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**VII-ാം ക്ലാസ്സ് പ്രതിഭകൾ**

ഏപ്രിൽ 23-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന 7-ാം ക്ലാസ്

വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാസംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ

1. കീത്ത് ചെമ്പനായിൽ (വിളമ്പുകണ്ടം), 2. ഡിയോൺ കുണ്ടുകുളങ്ങര (പനംചിറ), 3. റ്റാനി കാച്ചാംകോടത്ത് (മണിമൂളി), 4. അഥീന മരിയ ഊരോത്ത് (തെനേരി)

രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട ഈ നാലുപേരും മെയ് 11 മുതൽ 13 വരെ സീറോമലബാർ സഭ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചുനടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. കീത്ത്, ഡിയോൺ, റ്റാനി, അഥീന എന്നിവർക്കും അവരെ ഒരുക്കിയ മാതാപിതാക്കൻമാർ, ബഹു. വികാരിയച്ചൻമാർ, മതാധ്യാപകർ, മേഖലാ ടീം അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി ശ്രീ. ബേബി ജോസഫ്, ശ്രീ. ജോൺസൺ വടക്കേക്കര, സി.ആൻസി സി.എം.സി, സി.ഷീജ എസ്.കെ.ഡി, സി. ആൻസി ടോം എസ്.എച്ച്, ശ്രീ.സിബിൻ ഇല്ലിക്കൽ എന്നിവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**SELOC രൂപതാ പ്രതിഭകൾ**

മെയ് 7-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാസംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ:

1. അഭിഷേക് കട്ടത്തറ (ചുണ്ടക്കര), 2. ക്ലമന്റ് വെളുത്തേടത്തു പറമ്പിൽ (ബത്തേരി), 3. അമയ തൊഴുത്തുങ്കൽ (തോമാട്ടുചാൽ), 4. നിമി ജോസ് കുര്യൻപറമ്പിൽ (പാതിരിപ്പാടം) പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ.

**HDC IInd Year Contact Class**

HDC രണ്ടാം വർഷക്കാരുടെ ഒന്നാമത്തെ കോണ്ടാക്ട് ക്ലാസ്സിന്റെ ക്രമീകരണം ഇപ്രകാരമാണ്.

ജൂൺ 11 - ദ്വാരക, ജൂൺ 25 - ബത്തേരി

**മേഖലാ സ്കോളർഷിപ്പ് വിജയികൾ- ചുങ്കക്കുന്ന് ഫൊറോന**

1-05-2016 ന് മേഖലാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ 3.30-ന് ചുങ്കക്കുന്നിൽവച്ച് മേഖലാ ഹെഡ്മാസ്റ്റർമാരുടെ യോഗംചേർന്നു. തദവസരത്തിൽ മേഖലാ സ്കോളർഷിപ്പ് എഴുതിയ കുട്ടികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

**V-ാം ക്ലാസ്സിൽ**

1. സെറിൻ കല്ലോലിക്കൽ (ചുങ്കക്കുന്ന്) - ഒന്നാം റാങ്ക്
2. ജോസഫ് വട്ടുകുളത്തിൽ (ചുങ്കക്കുന്ന്)- രണ്ടാം റാങ്ക്
3. കൃപാമരിയ മലയിൽ (ചുങ്കക്കുന്ന്) - മൂന്നാം റാങ്ക്

**VI-ാം ക്ലാസ്സിൽ**
1. അന്ന തടങ്ങഴി (ചുങ്കക്കുന്ന്) - ഒന്നാം റാങ്ക്
2. ആൻമരിയ വയലിൽ (വെള്ളൂന്നി) രണ്ടാം റാങ്ക്
3. ഗ്രെയ്സ് അന്ന ജോസഫ് ചക്കിമംഗലത്ത് (അടയ്ക്കാത്തോട്) - മൂന്നാം റാങ്ക്

**VIII-ാം ക്ലാസ്സിൽ**
1. അന്നമ്മ കടക്കുഴ (കൊട്ടിയൂർ) - ഒന്നാം റാങ്ക്
2. റിയ മങ്കുത്തേൽ (ചുങ്കക്കുന്ന്) രണ്ടാം റാങ്ക്
3. എലിസബത്ത് പൊട്ടുങ്കൽ (ഒറ്റപ്ലാവ്) - മൂന്നാം റാങ്ക്
4. ജോൺ വട്ടുകളത്തിൽ (ചുങ്കക്കുന്ന്) - മൂന്നാം റാങ്ക്

**IX-ാം ക്ലാസ്സിൽ**
1. ത്രേസ്യ പാനികുളം (ചുങ്കക്കുന്ന്) - ഒന്നാം റാങ്ക്
2. മേരി ചമ്പക്കാട്ട് (പാൽച്ചുരം) - രണ്ടാം റാങ്ക്
3. റോസ് മേരി ആത്രശ്ശേരി (ചുങ്കക്കുന്ന്) - മൂന്നാം റാങ്ക്
4. റോസ്മേരി തടത്തിൽ (ചുങ്കക്കുന്ന്) - മൂന്നാം റാങ്ക്
4. റോസ്മേരി കുറുമ്പുറത്ത് (ഒറ്റപ്ലാവ്) - മൂന്നാം റാങ്ക്

എന്നീ ക്രമത്തിൽ ലഭിച്ചു. പുതിയ അധ്യയന വർഷത്തെ സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു.ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി. ഏകദേശം 22 വർഷത്തോളം ചുങ്കക്കുന്ന് മേഖലയിൽ മേഖലാ സെക്രട്ടറി ആയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് തത്സ്ഥാനത്തുനിന്നും വിരമിക്കുന്ന ജിൽസ് എം. മേയ്ക്കൽ സാറിന് മേഖലാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചനും അമ്പായത്തോട് ഹെഡ്മാസ്റ്റർ ടോമി പുലയൻപറമ്പിൽ സാറും ഹൃദ്യമായ നന്ദി രേഖപ്പെടുത്തി. തൽസ്ഥാനത്തേക്ക് ചുങ്കക്കുന്ന് ഫാത്തിമ മാതാ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജോൺ മഞ്ചുവള്ളി സാറിനെയും ജോയിന്റ് സെക്രട്ടറിയായി അടയ്ക്കാത്തോട് ഹെഡ്മാസ്റ്റർ ജോസഫ് കാരയ്ക്കാട്ട് സാറിനെയും യോഗം തിരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. റോയി വട്ടക്കാട്ട്**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

കർത്താവിൽ പ്രിയ വൈദീകരെ, സിസ്റ്റേഴ്സ്, മിഷനറിമാരെ...

കാരുണ്യത്തിന്റെ മുഖവുമായി, പുതിയ പ്രവർത്തന വർഷത്തിലേയ്ക്കിറങ്ങി തിരിക്കുകയാണല്ലോ. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

പുതിയ വർഷത്തെ നമ്മുടെ പഠനവിഷയം 'കാരുണ്യം- പ്രേഷിത കരങ്ങളിൽ' എന്നാണല്ലോ. ക്രൈസ്തവർ ജീവിക്കുന്ന ഇടങ്ങളൊക്കെ കാരുണ്യത്തിന്റെ മരുപച്ചകളാകണമെന്ന് പഠിപ്പിച്ച പരിശുദ്ധ ഫ്രാൻസിസ് പാപ്പായോട് ചേർന്ന് കാരുണ്യത്തിന്റെ നീർച്ചാലുകൾ സൃഷ്ടിക്കാം. രൂപത മുഴുവനിലും നമ്മൾ ചെയ്യുന്ന കാരുണ്യപ്രവർത്തികളുടെ തോത് വർദ്ധിക്കണം. തന്നോട് തന്നെയും, അപരനോടും, പ്രകൃതിയോടും കരുണയോടെ വർത്തിക്കാം. പുതിയ ഒരു അദ്ധ്യായനവർഷം ആരംഭിക്കുമ്പോൾ ഇതൊരു പുതിയ തീരുമാനത്തിന്റെ ദിനമായിരിക്കട്ടെ. പ്രവർത്തന മാർഗ്ഗരേഖയിലെ നൂതന പ്രവർത്തന ശൈലികളും സംരംഭങ്ങളും ശ്രദ്ധിക്കുമല്ലോ... ഏവർക്കും നല്ല ദിനങ്ങൾ ആശംസിക്കുന്നു...

**നന്ദിയുടെ വാടാമലരുകൾ**

കർമ്മനിരതവും പ്രവർത്തനോജ്ജ്വലവുമായ 3 വർഷങ്ങൾ സമ്മാനിച്ച് ഒരു ഭരണസമിതികൂടി സംഘടനക്ക് ജീവനായ് തീർന്നു.. ഓർമ്മിക്കാനും അഭിമാനിക്കാനും ഒത്തിരിയേറെ നേട്ടങ്ങൾ സ്വന്തമാക്കിക്കൊണ്ടാണ് കഴിഞ്ഞ 3 വർഷത്തെ ഭരണസമിതി പടിയിറങ്ങുക. പ്രസിഡണ്ട് ശ്രീ. ജോയി മേപ്പാടത്തിന്റെയും, സെക്രട്ടറി ശ്രീ. രംജിത്ത് മുതുപ്ലാക്കലിന്റേയും ഓർഗനൈസർ ശ്രീ. ബിനീഷ് തുമ്പിയാംകുഴിയുടേയും നേതൃത്വത്തിൽ ബഹു. സോണിയച്ചനോടും ബഹു.സി.ലിസ്സ അലക്സ് SKD യോടും ചേർന്ന് എക്സിക്യൂട്ടിവ് അംഗങ്ങൾ ശക്തമായ പ്രവർത്തനം കാഴ്ചവെച്ചു. സംസ്ഥാനതല മൽസരങ്ങളിലും പ്രവർത്തനങ്ങളിലും മാനന്തവാടി രൂപത മുൻപന്തിയിൽ തന്നെ ആയിരുന്നു. വ്യത്യസ്തവും ആത്മീയ ഉത്ക്കർഷം നിറഞ്ഞതുമായിരുന്നു പ്രവർത്തനങ്ങൾ. പ്രത്യേകിച്ച് കഴിഞ്ഞ വർഷങ്ങളിൽ രൂപതയ്ക്കും, സംഘടനയ്ക്കും, സമൂഹത്തിനും നൽകിയ സേവനങ്ങളെ നന്ദിയോടെ മാത്രമേ അനുസ്മരിക്കാൻ സാധിക്കൂ. രൂപത മുഴുവൻ നിങ്ങളുടെ ആത്മാർത്ഥതയ്ക്കു മുമ്പിൽ ശിരസ്സുനമിക്കുന്നു. എല്ലാറ്റിനും ഏറെ സ്നേഹത്തോടെ നിറമനസ്സോടെ നന്ദിയുടേയും അഭിനന്ദനത്തിന്റേയും വാടാമലരുകൾ അർപ്പിച്ചു കൊള്ളുന്നു. നന്ദി.... നന്ദി.... നന്ദി....

**സ്വാഗതത്തിന്റെ നറുമലരുകൾ**

2016-2019 വർഷത്തേയ്ക്കുള്ള പുതിയ ഭരണസമിതി നിലവിൽ

വരുന്നു. 2016 ജൂൺ 1 മുതൽ പുതിയ സാരഥ്യം, ഉത്തരവാദിത്വം ഏറ്റെടുക്കും. കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തങ്ങളോട് ചേർന്ന്, അവയുടെ ചുവട് പിടിച്ച് കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കി പുതിയ രൂപവും ഭാവവും നൽകി ശക്തമായി പ്രവർത്തിക്കാൻ ആവശ്യമായ ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. ഇന്നലകളുടെ തേരാളികൾ നേടിയ നന്മയുടെ നേട്ടങ്ങൾക്ക് കുറവ് വരാതെ ശക്തിയോടെ കരുത്തോടെ സംഘടനയെ പുതിയ ദിശാ ബോധം നൽകി വഴിനടത്തുക ശ്രമകരമാണ്. രൂപത ഭാരവാഹിത്വ ത്തിലേയ്ക്ക് അംഗങ്ങളെ ഒരുക്കി വളർത്തിയ എല്ലാ വികാരിയച്ചന്മാർക്കും ഹൃദ്യമായ നന്ദി അറിയിക്കട്ടെ. പുതിയ ഭാരവാഹികൾക്ക് എല്ലാവിധ വിജയാശംസകളും

സ്നേഹപൂർവ്വം, **ജോജോച്ചൻ**

വാർഷിക മാനേജിംഗ് കമ്മറ്റിയും രൂപത ഇലക്ഷനും 2015-16 പ്രവർത്തനവർഷത്തിലെ വാർഷിക മാനേജിംഗ് കമ്മറ്റിയും 30/4/16ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. എല്ലാ മേഖല ഭാരവാഹികളും പങ്കെടുത്തു.വാർഷിക മാനേജിംഗ് കമ്മറ്റിയിൽ വെച്ച് 2016-19 വർഷങ്ങളിലേയ്ക്കുളള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സംസ്ഥാനപ്രസിഡന്റ് ശ്രീ. ബെന്നി മുത്തനാട്ട് ഇലക്ഷന് നേതൃത്വം നൽകി. തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

**2016-2019 വർഷത്തെ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡണ്ട് | - ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ (മീനങ്ങാടി) |
| വൈസ്പ്രസിഡന്റ് | - ജിഷ ഇടുമനാംകുഴി (പുതുശ്ശേരിക്കടവ്) |
| സെക്രട്ടറി | - ശ്രീ. ബിനീഷ് തുമ്പിയാംകുഴി (കരണി) |
| ജോ.സെക്രട്ടറി | - ലിന്റു വടക്കേക്കുറ്റ് (മുള്ളൻകൊല്ലി) |
| ഓർഗനൈസർ | - ശ്രീ. രംജിത്ത് മുതുപ്ലാക്കൽ (ചെറുകാട്ടൂർ) |

**റീജണൽ ഓർഗനൈസേഴ്സ്**

1. ജോയി മേപ്പാടത്ത്, പുതുശ്ശേരിക്കടവ് (കല്പ്പറ്റ, തരിയോട്, കല്ലോടി)
2. ജോസഫ് തോട്ടുംകര, കയ്യൂന്നി (നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ)
3. ജോയ്സ് പുൽപ്പറമ്പിൽ (കൊട്ടിയൂർ, പയ്യംമ്പള്ളി, മാനന്തവാടി )
4. ടോംജോസ് പൂവ്വക്കുന്നേൽ (ബത്തേരി, പുൽപ്പള്ളി, നടവയൽ)

**സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ**

1. അരുൺ കുന്നത്ത് - മുള്ളൻകൊല്ലി
2. മോൺസി വാഴയിൽ - പയ്യമ്പള്ളി
3. തങ്കച്ചൻ മാപ്ലക്കുന്നേൽ - ചെറുകാട്ടൂർ
4. ബ്ര.ബോബി പാലക്കുഴ - ധർമ്മഗിരി

**ഓഡിറ്റേഴ്സ്**

1. അനീഷ് മടലങ്കൽ - മീനങ്ങാടി
2. ബിനോ കടുപ്പിൽ - കുഞ്ഞോം

പുതുതായി ചാർജ്ജെടുത്തിരിക്കുന്ന രൂപത ഭരണസമിതിക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും പുത്തൻപ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

**വചനതാരം**

വി.യോഹന്നാന്റെ സുവിശേഷം പഠനവിഷയമാക്കിക്കൊണ്ട് വചനതാരം പ്രോഗ്രാം ദ്വാരകപാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 10,11 തിയ്യതികളിൽ നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി 50 കുട്ടികൾ പങ്കെടുത്തു. വചനതാരം പരിപാടി റവ.ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. വിവിധ രീതികളിലൂടെ വ്യക്തമായി വിലയിരുത്തി വചനതാരങ്ങളെ കണ്ടെത്തി. സമാപന സമ്മേളനത്തിൽ രൂപത വികാരി ജനറാൾ മോൺ.മാത്യു മാടപ്പള്ളിക്കുന്നേൽ വിജയികൾക്ക് കാഷ് അവാർഡും പ്രശസ്തി പത്രവും വിതരണം ചെയ്തു. ഒന്നാം സമ്മാനത്തിനർഹനായ കുട്ടിക്ക് ചങ്ങനാംതുണ്ടത്തിൽ അനന്യ, അഹാന എന്നിവർ 10000 രൂപ സ്പോൺസർ ചെയ്തു.

ഓന്നാം സമ്മാനം ബഞ്ചമിൻ അനുഗ്രഹ (ചുങ്കക്കുന്ന് ശാഖ) 10000 രൂപയും പ്രശസ്തി പത്രവും, രണ്ടാംസ്ഥാനം ക്രിസ്റ്റീന ആഞ്ചേരിയിൽ അമ്പായത്തോട് ശാഖ- 5000 രൂപയും പ്രശസ്തി പത്രവും, മൂന്നാം സ്ഥാനം അഞ്ചന ചെറുതറപ്പേൽ കയ്യൂന്നി ശാഖ-3000 രൂപയും പ്രശസ്തി പത്രവും, നാലാം സ്ഥാനം പ്രിൻസ് ചെറുവള്ളിക്കുടിയിൽ (മുതിരേരി) -1000 രൂപയും. പ്രശസ്തി പത്രവും, അഞ്ചാംസ്ഥാനം ലിസി ചെറുവള്ളിക്കുടിയിൽ (മുതിരേരി) -1000 രൂപയും പ്രശസ്തി പത്രവും കരസ്ഥമാക്കി.

**രൂപത ക്യാമ്പ്**

മാനന്തവാടി ബോയ്സ്ടൗണിൽ വെച്ച് രൂപത ക്യാമ്പ് നടത്തി. ഷാജി ചന്ദനപ്പറമ്പിൽ, റഷീദ് പാറയ്ക്കൽ, പ്രിൻസ് അബ്രാഹം (DYSP) റവ.ഫാ.റോയി വട്ടക്കാട്ട്, റവ.ഫാ.വിജിൽ കിഴക്കരക്കാട്ട്, എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. സി.റ്റിൻസി SCV മിഷൻ അനുഭവങ്ങൾ പങ്കുവെച്ചു. ജോൺസൺ വടക്കേക്കര, ബിനുമാങ്കൂട്ടത്തിൽ, റവ.ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ, ഷാജി ചന്ദനപ്പറമ്പിൽ, എക്സിക്യൂട്ടിവ്, ടീം അംഗങ്ങൾ, സി. തെരേസ് എസ്.എ.ബി.എസ്. എന്നിവർ നേതൃത്വം നൽകി.

**രൂപത കൗൺസിൽ**

2016-17 രൂപത പ്രവർത്തനവർഷ ഉദ്ഘാടനവും ജനറൽ കൗൺസിലും ജൂൺ 11-ാം തിയ്യതി രാവിലെ 9.30 മുതൽ 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ശാഖ, മേഖല, രൂപത ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ?

**ജോ.ഡയറക്ടേഴ്സ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖ അംഗത്വലിസ്റ്റിന്റെ 3 കോപ്പി, വാർഷികറിപ്പോർട്ട്, പുതിയ ശാഖഭാരവാഹികളുടെ അഡ്രസ്സ് എന്നിവ നൽകാത്തവർ എത്രയും പെട്ടെന്ന് ഓഫീസ്സിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ശാഖ വാർത്തകൾ**

*പോരൂർ:-* 8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്ക് ഇടവകയിൽ വെക്കേഷൻക്യാമ്പ്നടത്തി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഫണ്ട് ശേഖരണത്തിനുവേണ്ടി ആക്രി ശേഖരണം നടത്തി. മേഖല ക്യാമ്പിൽ 8 അംഗങ്ങൾ പങ്കെടുത്തു.

*ഒലിവുമല:-*സിഎംഎൽ അംഗങ്ങൾ മേഖലക്യാമ്പിൽ പങ്കെടുത്തു. ചാരിറ്റി

– 4 നിർദ്ധന കുടുംബങ്ങൾക്ക് സിഎം എൽ അംഗങ്ങൾ അരി ശേഖരിച്ച് വിതരണംചെയ്തു. വിനോദയാത്രനടത്തി. ശാഖ ഇലക്ഷൻനടത്തി.

*ബത്തേരി:–* 70 ഓളം അംഗങ്ങൾ ഓസാനാം ഭവൻ സന്ദർശിച്ച് അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും അന്തേവാസികൾക്കു നിൽകി. മാനുവൽ ബുക്കിന്റെ ഫീസായി ലഭിച്ച 2000–രൂപ ചികിത്സാ സഹായമായി നൽകി

കല്ലോടി:– തിരുബാലസഖ്യത്തിലെ കുട്ടികൾ കാരുണ്യവർഷത്തോടനുബന്ധിച്ച് റാലി നടത്തുകയും ഇടവകയിലെ 4 പാവപ്പെട്ട കുട്ടികൾക്ക് പുതിയ ഡ്രസ്സ് വാങ്ങി നൽകുകയും ചെയ്തു.

*പഴൂർ:–* ചികിൽസ സഹായം 500 രൂപ നൽകി. ഗോവ തീർത്ഥാടനം നടത്തി. ഇടവകയിലെ ജൈവപച്ചക്കറിത്തോട്ടങ്ങൾ സന്ദർശിച്ചു.

*പുൽപ്പള്ളി:–* മരക്കടവ് വൃദ്ധമന്ദിരം സന്ദർശിച്ച് ബെഡ്ഷീറ്റ്, അരി എന്നിവ നൽകി. മുഴുവൻ സി.എം.എൽ. അംഗങ്ങളും വിവിധ ധ്യാനകേന്ദ്രങ്ങളിൽ പോയി വാർഷിക ധ്യാനം നടത്തി.

*തവിഞ്ഞാൽ:–* സി.എം.എൽ. അംഗങ്ങൾക്കായി ഏകദിന സെമിനാർ നടത്തി. കരുണയുടെ മുദ്രാവാക്യം വിളിച്ചുകൊണ്ട് തവിഞ്ഞാൽ ടൗണിലൂടെ റാലി നടത്തി.

*കൽപ്പറ്റ:–* കരുണയുടെ വർഷത്തിൽ പാവപ്പെട്ട കുട്ടികളെ സഹായിക്കാനായി ഫണ്ട് ശേഖരിച്ചു.10,11,12 ക്ലാസ്സിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ആരാധനയും പ്രത്യേക പ്രാർത്ഥനയും നടത്തി.

**രംജിത്ത് മുതുപ്ലാക്കൽ** - രൂപത സെക്രട്ടറി

## സീറോ മലബാർ സഭ-മിഷൻ കൺസൾട്ടേഷൻ മിറ്റീംഗ്

രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ചതിന്റെ 50–ാം വാർഷികത്തോടനുബന്ധിച്ച്, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളിലെ 'Ad Gentes' (പ്രേഷിതപ്രവർത്തനം) എന്നഭാഗം, 'ആധുനീകലോകത്തിലെ സുവിശേഷവത്ക്കരണത്തിന്റെ സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠനശിഖിരം മലബാർ റീജിയണിൽ മെയ് 19,20 തീയതികളിൽ സന്ദേശഭവനിൽ വെച്ച്നടത്തപ്പെട്ടു. സുവിശേഷ വൽക്കരണശുശ്രൂഷയിൽ മലബാർ മേഖലയിലെ വളർച്ചയും തളർച്ചയും സാധ്യതകളും തടസ്സങ്ങളും വിവിധ തലങ്ങളിൽ നിന്നുകൊണ്ട് ചർച്ചക്ക് വിധേയമായി. അതോടൊപ്പം മാതൃസഭയിൽ നിന്നും നോർത്ത് ഇൻഡ്യൻ മേഖലയിൽ മിഷൻപ്രവർത്തനം ചെയ്യുന്നവരുടെ അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ, അത് നവോത്മേഷത്തിനു കാരണമായി മലബാർ റീജണിലെ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, മണ്ഡ്യ, ബൽത്തങ്ങാടി, ഭദ്രാവതി രൂപതകളിൽ നിന്നുള്ള അഭിവന്ദ്യ പിതാക്കൻമാരും പ്രൊവിൻഷ്യൽ സുപ്പിരീയേഴ്സും അൽമായ പ്രതിനിധികളും പ്രസ്തുത സെമിനാറിൽ സംബന്ധിച്ചപ്പോൾ, മിഷൻ ദേശങ്ങളിലെ പിതാക്കൻമാരുടേയും, വൈദീകരുടേയും സാന്നിദ്ധ്യവും പ്രോത്സാഹന ജനകമായിരുന്നു. 2016 മെയ് 19 ന് വൈകുന്നേരം 6 മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ച സെമിനാറിന് തലശ്ശേരി അതിരൂപത മെത്രാപ്പോലിത്ത മാർ ജോർജ്ജ് ഞരളക്കാട്ട് സ്വാഗതം ആശംസിച്ചു. ഉജ്ജൈൻ രൂപത മെത്രാൻ മാർ സെബാസ്റ്റ്യൻ വടക്കേൽ ആമുഖ

പ്രഭാഷണം നടത്തി. സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി മെത്രപ്പൊലീത്ത മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന്, ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് 'Ad Gentes' ഡോക്യുമെന്റിന്റെ വെളിച്ചത്തിൽ റവ.ഡോ. ഡേവിഡ് വരയിലൻ സിഎംഐ ക്ലാസ്സെടുത്തു. പിന്നീട് ഇതുമായി ബന്ധപ്പെട്ട ചർച്ചകളും, വിവിധ മേഖലകളിലെ കേരളത്തിനകത്തും പുറത്തുമുള്ളമിഷൻ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും പരിചയപ്പെട്ടു.

20-ാം തിയ്യതി രാവിലെ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ വി.ബലിയർപ്പണം നടത്തി. കഴിഞ്ഞ 50 വർഷക്കാലത്ത് സിറോ മലബാർ രൂപതകളിലും മിഷൻ റീജയണുകളിലുമായി നടത്തപ്പെട്ട മിഷൻ പ്രവർത്തനങ്ങളുടെ നല്ല വശങ്ങളെക്കുറിച്ചും, പരിചന്തനത്തിന് വിധേയമാകേണ്ട വിഷയങ്ങളെ ക്കുറിച്ചും റവ. ഡോ. ദേവമിത്ര (സാഗർ രൂപത) ക്ലാസ്സുകൾ എടുത്തു. തുടർന്ന് ആധുനിക ലോകത്തിൽ സഭക്കുണ്ടായിരിക്കേണ്ട തുറവി, സുവിശേഷപ്രഘോഷണത്തിന്റെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ ദീപിക പത്രത്തിന്റെ അസോസിയേറ്റ് എഡിറ്ററും, ദീപികയുടെ ന്യൂഡൽഹി ചീഫ് ബ്യൂറോയുമായ, ശ്രീ ജോർജ്ജ് കള്ളിവയലിൽ ക്ലാസ്സുകളെടുത്തു.

തുടർന്ന് വിവിധ മിഷൻ മേഖലകളിലെ വൈദീകർ അവരവരുടെ ജീവിത സാക്ഷ്യങ്ങൾ അവതരിപ്പിച്ചു.ബിജിനോർ, ഫരിദാബാദ്, കല്ല്യാൺ, ജഗദൽപ്പൂർ, രാജ്ഘോട്ട്, സാഗർ, ഗോവ, അഹമ്മദാബാദ്, സാന്തോംമിഷൻ എന്നീ രൂപതകളിലെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേക പരാമർശമുണ്ടായി.

സീറോ മലബാർ സഭയിലെ വിവിധ മിനിസ്ട്രികളിലൂടെ ജനതകൾക്കുവേണ്ടിയുള്ള സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി. മിഷൻലീഗ് , സീറോ മലബാർ യുവജന സംഘടന, ഹോം മിഷൻ, ഫിയാത്ത് മിഷൻ, തടവറ പ്രേഷിതപ്രവർത്തനം, എകെസിസി, വിൻസെന്റ് ഡിപോൾ, ലീഗൽ ഐയ്ഡ് സെന്റർ, മാതൃവേദി തുടങ്ങിയ മേഖലകൾ ചർച്ച ചെയ്യപ്പെട്ടു. മലബാറിലെ എല്ലാ രൂപതകളിലും നടക്കുന്ന സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും അവതരിപ്പിക്കപ്പെട്ടു.

കർദിനാൾ ആലഞ്ചേരി പിതാവിന്റെ സമാപനസന്ദേശത്തിൽ സീറോ മലബാർ മാതൃസഭയും മിഷൻസഭകളും പരസ്പരം തോളോട് തോൾ ചേർന്ന് യാത്രചെയ്യണമെന്ന് ആഹ്വാനം ചെയ്തു. പ്രാർത്ഥിച്ചും, ദൈവവിളിപ്രോത്സാഹനം നടത്തിയും, സാമ്പത്തീകസഹായം നൽകിയും മിഷൻപ്രവർത്തനങ്ങൾക്കുള്ള അൽമായ സാന്നിധ്യം ഉറപ്പുവരുത്തിയും മുന്നോട്ടു നീങ്ങുന്നത് ഉചിതമാണെന്നും അനുസ്മരിച്ചു. തലശ്ശേരി അതിരൂപതയുടെ ആതിഥ്യത്തിൽ വളരെ മനോഹരമായി ക്രമീകരിക്കപ്പെട്ട മീറ്റിംഗിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് വികാരിജനറാൾ റവ.ഫാ.മാത്യു മാടപ്പള്ളിക്കുന്നേ ലച്ചന്റെ നേതൃത്വത്തിൽ 5 വൈദീകരും, 7 സിസ്റ്റേഴ്സും 8 അൽമായപ്രതിനിധികളും പങ്കെടുത്തു. എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും .

**ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ**

**കരിയർ മിഷൻ**

മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിയുടെയും യുവർ നെയ്ബർ അസോസിയേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഹെൽപ്പ് ഡെസ്ക്ക് 6–ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിമുതൽ 12 മണിവരെ ന്യൂമാൻസ് കോളേജിൽ വച്ച് കരിയർമിഷൻ 2016 എന്ന പേരിൽ നടത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ കരിയർ മിഷനെ പരിചയപെടുത്തി. ശ്രീ. ജിൻസ് സാർ വിവിധ കോഴ്സുകളെ കുറിച്ച് പരിചയപ്പെടുത്തി. പ്ലസ്ടു പഠനത്തിനുശേഷം എവിടെ പോയി പഠിക്കണം എന്ത് പഠിക്കണം എന്നതിനെകുറിച്ചും., നല്ല കോളേജ്, നല്ല കോഴ്സുകൾ, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സ്കോളർഷിപ്പുകൾ എന്നിവയെകുറിച്ചും വിദ്യാർത്ഥികളെ പരിചയപ്പെടുത്തി.

**LIFE Training Regular**

മാനന്തവാടി രൂപതയുടെ നവസംരംഭമായ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ആദ്യത്തെ Regular ബാച്ച് LIFE Training Programme CMC Province ന്റെ ബാലഭവനായ Gorethi Balabhavan- ൽ 2016 ഏപ്രിൽ 14 ന് ആരംഭിച്ചു. മാനന്തവാടി രൂപതയ്ക്കു കീഴിലുള്ള വിവിധ ഇടവകകളിൽനിന്നുള്ള സമർത്ഥരായ 26 കുട്ടികൾക്കാണ് പ്രവേശനം ലഭിച്ചത്. പലർക്കും പേടിസ്വപ്നമായിരുന്ന ഇംഗ്ലീഷ് ഭാഷയെ തന്മയത്വത്തോടെ കൈകാര്യം ചെയ്യാനുള്ള ക്ലാസ്സുകളുടെ പരിശീലനത്തോടെ ആരംഭിച്ചു. ഇംഗ്ലീഷ്, കണക്ക്, മലയാളം, സയൻസ്, സോഷ്യൽസയൻസ്, GK എന്നിവയോടെപ്പം പാഠ്യേതരവിഷയങ്ങളായ കരാത്തെ, ചിത്രരചന, Swimming, Music, Dance, എന്നിവയിലും കുട്ടികൾ മികവുതെളിയിച്ചു. മാനന്തവാടി രൂപതയുടെ നല്ലയിടയനായ മാർ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം ചോദ്യോത്തരങ്ങളും കളിചിരിയുമായി 2 മണിക്കൂർ വിദ്യാർത്ഥികൾ ചിലവഴിച്ചു. വിജിലൻസ് എസ്.പി. നിഷിത്തിനിയുമായി എറണാകുളത്തു വച്ച് Inerative Session നടത്തി. ഒരു മാസത്തെ അവധിക്കാല പരിശീലനം മെയ് 14 വരെ നീണ്ടുനിന്നു. LIFETraining Regular ന് താമസ സൗകര്യം ഒരുക്കി തന്ന Provincial Rev. Sr.Jeesa ക്കും ടീമിനും യൂത്ത് മിനിസ്ട്രിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**Family Retreat**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത്മിനിസ്ട്രിയുടെ നേതൃത്വത്തിൽ LIFETraining Regular students ന്റെ മാതാപിതാക്കൾക്കുവേണ്ടി മൂന്നു ദിവസത്തെ ഒരു കുടുംബധ്യാനം ബോയ്സ്ടൗണിൽ വച്ച് നടത്തി. 2016

മെയ് 14-ാം തീയതി മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും സാന്നിധ്യത്തിൽ Department of Youth Ministry LIFE Training Regular ബാച്ചിന്റെ ഔദ്യോഗിക ഉദ്ഘാടനകർമ്മം മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആശംസകളർപ്പിച്ചു. കോ-ഓഡിനേറ്റർ സി. ആൻസി സി.എം.സി, കെ.സി.വൈ.എം. പ്രസിഡണ്ട് ആന്റണി മങ്കടപ്ര മറ്റ് സഹപ്രവർത്തകർ എന്നിവർ പങ്കെടുത്തു.

**LIFE Training Distance**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ LIFE Training Distance ന്റെ ക്ലാസ്സുകൾ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 12-ാം തീയതി ആരംഭിച്ചു. വിദഗ്ധരായ അധ്യാപകരുടെ നേതൃത്വത്തിൽ പാഠ്യവിഷയങ്ങളായ ഇംഗ്ലീഷ് മലയാളം, സയൻസ്, സോഷ്യൽസയൻസ്, കണക്ക്, GK, Drawing എന്നീക്ലാസുകളും, കായികം, വിജ്ഞാനം, ആത്മീയം എന്നീ മേഖലകളുടെ പരിശീലനവും നടന്നു. മെയ് 20 ന് അവധിക്കാല പരിശീലനം അവസാനിച്ചു. 55 വിദ്യാർത്ഥികൾ പങ്കെടുത്തു. മെയ് 20 ന് മാതാപിതാക്കൾക്കായി സെമിനാർ നടത്തി. 80 മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സുകൾക്ക് റവ. ഫാ മരിയ ദാസ്, ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി എന്നിവർ നേതൃത്വം നല്കി.

**യൂത്ത് മിനിസ്ട്രി ടീം**

യൂത്ത് മിനിസ്ട്രി ടീമിലേക്ക് ഒരു വർഷത്തേക്ക് ഫുൾടൈം വാളന്റിയറായി കടന്നു വന്നിരിക്കുന്ന കുമാരി ലിൻഷ മലേക്കുന്നേൽ, നടവയൽ (MABed) ന് ഹൃദയം നിറഞ്ഞ സ്വാഗതം.

**നന്ദിയുടെ ഒരുവാക്ക്**

LIFE Training Regular, Distance ബാച്ചുകൾക്ക് നേതൃത്വവും പരിശീലനവും നിർവ്വഹിച്ചത് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോ-ഓ ഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി.സി., നോയൽമരിയ എസ്.എ.ബി.എസ്. (Full Timer), കുമാരി ലിൻഷ മലേക്കുന്നേൽ (Full Timer) എന്നിവരാണ്. നിസ്വാർത്ഥസേവനം കാഴ്ചവച്ച ഇവരെ സ്നേഹപൂർവ്വം ഓർത്തുകൊണ്ട് നന്ദിയുടെ പ്രാർത്ഥനാമലരുകൾ നേരുന്നു. അതോടൊപ്പം Regular ബാച്ചിന് 30 ദിവസത്തെ താമസസൗകര്യം ഒരുക്കിതന്ന സി.എം.സി. Provincial-നും 10 ദിവസത്തെ Distance ബാച്ചിനു ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഒരുക്കി തന്ന Dwaraka Pastoral Centre അധികാരികൾക്കും മാനന്തവാടി രൂപതയുടെയും യൂത്ത് മിനിസ്ട്രിയുടെയും നിസ്സീമമായ നന്ദി.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

Directer, Dpt, of Youth Ministry

# കെ. സി. വൈ. എം.

**നീതിജ്വാല**

പെരുമ്പാവൂർ കുറുപ്പംപടിയിൽ ജിഷ എന്ന നിയമവിദ്യാർത്ഥിനി പീഢനത്തിന് ഇരയായി അരുംകൊല ചെയ്യപ്പെട്ട സംഭവത്തിൽ നീതി നിഷേധിക്കപ്പെട്ടതിനെതിരെ മാനന്തവാടി രൂപത കെ.സി.വൈ.എം. നീതി ജ്വാല എന്നപേരിൽ ജനകീയ ഒപ്പുശേഖരണവും, ജനകീയ നീതി സദസ്സും സംഘടിപ്പിച്ചു. മാനന്തവാടി നാലാംമൈലിൽ വച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഒപ്പു രേഖപ്പെടുത്തി നീതിജ്വാല ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ ഒരിടത്തും സുരക്ഷിതരല്ലെന്നും, സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിലും മനുഷ്യന് ജീവിക്കുവാനുള്ള അവകാശം സംരക്ഷിക്കുന്ന കാര്യത്തിലും സർക്കാർ പരാജയപ്പെട്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധ മാധ്യമങ്ങൾ ജിഷയുടെ അതിക്രൂരമായ കൊലയും പീഢനവും ജനശ്രദ്ധയിൽ കൊണ്ടു വന്നതിനുശേഷമാണ് പ്രതികളെ പിടിക്കാനുള്ളശ്രമം പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടായതെന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡണ്ട് ആന്റണി മങ്കടപ്ര അഭിപ്രായപ്പെട്ടു. അസി. ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ആമുഖപ്രഭാഷണം നടത്തി. രൂപത വൈസ്പ്രസിഡണ്ട് അഞ്ജലി ചെറുപ്ലാവിൽ, സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിൽ, കോ-ഓഡിനേറ്റർ സിജോ തൈപ്പറ മ്പിൽ, ട്രഷറർ ജിജോ പൊടിമറ്റത്തിൽ, അനില, സിയ, എന്നിവർ പ്രസംഗിച്ചു.

**ജൂബിലി ആഘോഷവും യാത്രയയപ്പും**

മെയ് 4-ാം തീയതി ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാനന്തവാടി രൂപത കെ.സി.വൈ.എം. അസി. ഡയറക്ടറായി സേവനം ചെയ്ത് സ്ഥലംമാറിപോകുന്ന റവ. ഫാ ഷിജു ഐക്കരക്കാനായിലച്ചന് യാത്രയയപ്പ് നൽകുകയും ഒപ്പം മാനന്തവാടി രൂപത കെ.സി.വൈ.എം. ന്റെ കഴിഞ്ഞ മൂന്നുവർഷ മായി രൂപത ആനിമേറ്ററായി സേവനം അനുഷ്ഠിച്ച സി. ലിൻസാ എഫ്. സി.സി. ക്ക് ജൂബിലിയുടെ ആശംസകൾ നേരുകയും യാത്രയയപ്പ് നൽകുകയും ചെയ്തു.

രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കല്പ്പറ്റ മേഖലാഡയറക്ടർ റവ. ഫാ. ജോണി മലയിൽ, കെ.സി. വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപത സമിതിയും മേഖലാ ഭാരവാഹികളും ആശംസക ളർപ്പിച്ചു. ഇവരിലൂടെ ദൈവം നൽകിയ അളവറ്റ കൃപയ്ക്കും കാരു ണ്യത്തിനും നന്ദി പറയുന്നതോടൊപ്പം പുതിയ സ്ഥലങ്ങളിൽ എല്ലാ വിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**വയനാട് വികസനചാനൽ ചർച്ച**

മാനന്തവാടി രൂപത കെ.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 22-ാം തീയതി കല്പ്പറ്റ ഡി പോൾ പള്ളിയിൽ വച്ച് വയനാട് വികസന പാനൽ ചർച്ച നടത്തി. കല്പ്പറ്റ ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ നിലക്കപ്പള്ളി ഉദ്ഘാടനവും കെ.സി.വൈ.എം. രൂപതഡയറ ക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണവും നടത്തി. രൂപത പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര ആശംസകളർപ്പിച്ചു. ശ്രീ. സജിൻ ജോസ് ചാലിൽ നേതൃത്വം നല്കി. ചർച്ചയിൽ കോൺഗ്രസ് പാർട്ടിയെ പ്രതിനിധീകരിച്ച് ശ്രീ. കെ. എൽ. പൗലോസ്, സിപിഎം പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ട് ഗഗാറിൻ, ബിജെപി പാർട്ടിയെ പ്രതിനിധീകരിച്ചു കൊണ്ട് ശ്രീ. സജിൻ ശങ്കർ എന്നിവർ സംസാരിച്ചു. വയനാട്ടിൽ വരുത്താൻ പോകുന്ന വികസന പ്രവർത്തന ങ്ങളെപ്പറ്റി പാർട്ടി പ്രതിനിധികൾ അവരുടെ നിലപാട് അറിയിച്ചു. പരിസ്ഥിതി, കാർഷിക മേഖല, ആരോഗ്യ മേഖല, ലഹരി ഗതാഗതം, ടൂറിസം, എന്നീ വിഷയങ്ങളെ കുറിച്ച് ചർച്ചകൾ നടത്തി.

**ആത്മജ്വാല 2016**

ഒറ്റപ്പെടലിന്റെ വേദനയും നിരാശയും ഭയവും അലട്ടിയ ശിഷ്യൻമാർക്ക് ഇടയിലേക്ക് ധൈര്യം പകർന്ന് പരിശുദ്ധാത്മാവ് വന്ന ണഞ്ഞതിന്റെ സ്മരണയിൽ കെ.സി.വൈ.എം. അംഗങ്ങൾ ഒരു രാവു മുഴുവൻ പ്രാർത്ഥനയിൽ ഒന്നിച്ചു. മെയ് 29 ഞായർ 6 pm മുതൽ മെയ് 30 ന് 6 am വരെ മണിമൂളി മേഖലയിലെ നരിവാലമുണ്ട ദേവാലയ ത്തിൽ വച്ച് നടക്കുന്ന ജാഗരണ പ്രാർത്ഥനയിൽ വിവിധ യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**അക്ഷരക്കൂട്ട് -കുട്ടികൾക്ക് പഠനോപകരണം വിതരണം**

കെ.സി.വൈ.എം. മാനന്തവാടിരൂപതാ സമിതി സമാഹരിച്ച പഠനോപകരണങ്ങൾ മെയ് 30 തിങ്കളാഴ്ച ഭൂദാനം ദേവാലയത്തിൽ വിതരണം ചെയ്യുന്നു.

**ജൂൺ 19 രക്തദാനം മഹാദാനം– അവയവദാനം ജീവദാനം**

കെ.സി.വൈ.എം. രൂപതാസമിതിയും കെ.സി.വൈ.എം. അംഗങ്ങളും അവയവദാന സമ്മതപത്രം നല്കുകയും രക്തദാനത്തിൽ പങ്കുകാരാകുകയും ചെയ്യുന്ന സുദിനം.

**ജൂലൈ 9 അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 9 ശനിയാഴ്ച 9. 30 am മുതൽ 2 pm വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. അർദ്ധവാർഷിക സെനറ്റിൽ നിർബന്ധമായും പങ്കെടുക്കേണ്ടവർ - മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, സെനറ്റ്മെമ്പേഴ്സ്, 2015 വർഷത്തെ പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, സെക്രട്ടറി.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1) മേഖലയിൽ അർദ്ധവാർഷിക സെനറ്റുകൂടി റിപ്പോർട്ട് അവതരിപ്പിച്ച് പാസാക്കിയിരിക്കണം.

2) മേഖലയിൽ അവതരിപ്പിച്ച റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപമാണ് രൂപതയിൽ അവതരിപ്പിക്കേണ്ടത്.

3) അർദ്ധവാർഷിക സെനറ്റിൽ പങ്കെടുക്കുന്നവരുടെ എണ്ണം രൂപത ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

**എന്റെ പള്ളിക്കൊരു പച്ചക്കറിത്തോട്ടം**

ഇടവക പള്ളിപരിസരത്ത് കെ.സി.വൈ.എം. അംഗങ്ങൾ ജൈവ പച്ചക്കറിത്തോട്ടം നിർവ്വഹിക്കുന്നു. പച്ചക്കറി കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രം സഹിതം റിപ്പോർട്ടായി രൂപതാ സമിതിയെ എൽപ്പിക്കുക. മികച്ച പച്ചക്കറിത്തോട്ടം നിർമ്മിച്ച യൂണിറ്റുകൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യൂണിറ്റുകൾ ജൂലൈ 9 ന് മുൻപ് രൂപതയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മേഖല വാർത്തകൾ**

**കല്ലോടി മേഖല**

യുവജനങ്ങളിലെ കായിക കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം. കല്ലോടി മേഖലയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ മാസം 14–ാം തീയതി ഒണ്ടയങ്ങാടി മേരിമാതാ കോളേജിൽവച്ച് ഗെയിംസ് ഡേ സംഘടിപ്പിച്ചു. ഷട്ടിൽ, ക്രിക്കറ്റ്, ബൈക്ക് സ്ലോ റെയ്സ് തുടങ്ങിയ മത്സര ഇനങ്ങളിൽ കല്ലോടി മേഖലയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും മത്സരാർത്ഥികൾ പങ്കെടുത്തു. മത്സരത്തിൽ വിജയിച്ചവർക്ക് ക്യാഷ് അവാർഡുകൾ നല്കി. മേഖല ഡയറക്ടർ ഫാ. ബിജു തുരുത്തേലച്ചനും മേഖലാടീമിനും, മത്സര

ങ്ങളിൽ പങ്കെടുത്തവർക്കും മത്സരത്തിനാവശ്യമായ സൗകര്യം ചെയ്തു തന്ന മേരിമാതാ കോളേജ് പ്രിൻസിപ്പലിനും മാനേജുമെന്റിനും നന്ദി പറയുന്നു.

**കൊമ്മയാട് യൂണിറ്റ്**

മൂന്നുവർഷക്കാലം ആനിമേറ്ററായി സേവനം ചെയ്ത സി. ലൂസി എഫ്.സി.സി. ക്ക് യുവജനങ്ങൾ യാത്രയയപ്പ് നൽകി. യുവജനങ്ങളെ നന്മയുടെ പാതയിൽ സഞ്ചരിക്കാൻ പ്രചോദനം നല്കിയ, ധാരാളം പ്രവർത്തനങ്ങൾ സംഘടിപ്പിച്ച സിസ്റ്ററിന് ഒരായിരം നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധ നന്മകളും ആശംസിക്കുന്നു.

**മുള്ളൻകൊല്ലി യൂണിറ്റ്**

പുൽപ്പള്ളി കരിസ്മാറ്റിക്ക് സബ്സോൺ സംഘടിപ്പിച്ച യുവജന ധ്യാനത്തിൽ മുള്ളൻകൊല്ലി യൂണിറ്റിൽ നിന്നും 120 യുവജനങ്ങൾ പങ്കെടുത്തു. ബ്രദർ റെജി കൊട്ടാരം നയിച്ച ധ്യാനത്തിൽ യുവജനങ്ങൾക്ക് വലിയ ആത്മീയ ഉണർവ്വ് ലഭിക്കുകയുണ്ടായി. വലിയ അഭിഷേകത്തിന് യുവജനങ്ങൾ സാക്ഷികളായി. മുള്ളൻകൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ ആക്രിസാധനങ്ങൾ പെറുക്കിവിറ്റ പൈസാ ഉപയോഗിച്ച് ഫ്രീസർ വാങ്ങി ആവശ്യക്കാർക്ക് നൽകുന്നു.

**പുതുശ്ശേരി യൂണിറ്റ്**

പള്ളിയുടെ നിർമ്മാണത്തിന് ഫണ്ട് ശേഖരിക്കുന്നതിനായി മെഴുകുതിരിയും Wam Tea യും വിൽപ്പന നടത്തി. ഇതിനായി സഹായിച്ച ഓരോരുത്തരോടും നന്ദിപറയുന്നു. യൂണിറ്റ് സിൻഡിക്കേറ്റ് മീറ്റിങ്ങ് നടത്തി.

**വാളേരി യൂണിറ്റ്**

കെ.സി.വൈ.എം. കല്ലോടി മേഖലയുടെ നേതൃത്വത്തിൽ നടത്തിയ കായിക മത്സരത്തിൽ വാളേരി യൂണിറ്റ് മികച്ച വിജയം നേടി. സോഫ്റ്റ് ബോൾ ക്രിക്കറ്റിൽ വാളേരി ചാമ്പ്യൻമാരായി. ഷട്ടിൽ ബാഡ്മിന്റൺ women single ൽ ഒന്നാം സ്ഥാനവും, Bike Slow Race ൽ രണ്ടാം സ്ഥാനവും ലഭിച്ചു. ബഹു. ഫാ. ജേക്കബ് പൂതക്കുഴി അഭിനന്ദിച്ചു. റവ. ഫാ. ജോർജ് മമ്പള്ളിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. കെ.സി.വൈ.എം. ന്റെ വാർത്തകളും അറിയിപ്പുകളും അറിയിക്കുവാൻ നോട്ടീസ് ബോർഡ് സ്ഥാപിച്ചു. കരുണയുടെ വർഷത്തിൽ അനാഥർക്ക് സഹായം നൽകാൻ കരുണപ്പെട്ടി സ്ഥാപിച്ചു. ഇടവകയിൽ നടന്ന ജാഗരണപ്രാർത്ഥനയിൽ കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**ചാരിറ്റി യൂണിറ്റ്**

ഇടവക തിരുന്നാളിനോട് അനുബന്ധിച്ചുനടന്ന റാസ കുർബ്ബാനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ യുവജനങ്ങൾ ചെയ്തു. നൊവേനയിലും വിശുദ്ധബലിയിലും എല്ലാദിവസവും യുവജനങ്ങൾ പങ്കെടുത്തു. പ്രദക്ഷണത്തിനും സ്നേഹവിരുന്നിനും ആവശ്യമായ ക്രമീകരണങ്ങൾ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ചെയ്തു.

**കോട്ടത്തറ യൂണിറ്റ്**

യുവജനകൂട്ടായ്മയും യൂണിറ്റ് സെനറ്റ് യോഗവും ചേർന്നു. തിരുപ്പട്ടത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ആശംസകൾ അർപ്പിക്കുകയുംചെയ്തു. ബഹുമാനപ്പെട്ട ടോമിയച്ചന്റെ രജത ജൂബലി ആഘോഷം നടത്തി. കെ.സി.വൈ.എം. കോട്ടത്തറ കൊച്ചിൻ വാട്ട്സ് അപ്പ് കൂട്ടായ്മ തുടങ്ങി. ഫാ. സിജേഷ് ചിറക്കത്തോട്ടത്തിന് നടവയൽ ഇടവകയിലേക്ക് യാത്രയയപ്പ് നൽകി. മാനന്തവാടി ബിവറേജ് ഉപരോധത്തിന് കോട്ടത്തറയൂണിറ്റ് പൂർണ്ണ പിന്തുണ നൽകികൊണ്ട് പന്തം കൊളുത്തി പ്രധിഷേധപ്രകടനം നടത്തി. യുവനാളം യുവജന സെമിനാർ ഫാ. സിജേഷ് ചിറക്കത്തോടിന്റെ നേതൃത്വത്തിൽ നടത്തി.

**ചുങ്കക്കുന്ന് യൂണിറ്റ്**

യുവജനങ്ങൾ ഫണ്ട് ശേഖരണം നടത്തി. ജോലിക്കും പഠനത്തിനുമായി മറ്റ് സ്ഥലങ്ങളിലായിരുന്ന യുവജനങ്ങളെ വികാരി അച്ചന്റെയും കൊച്ചച്ചൻമാരുടെയും നേതൃത്വത്തിൽ ഒരുമിച്ച് ചേർത്ത് മീറ്റിംഗ് നടത്തി. മഴക്കുവേണ്ടി കെ.സി.വൈ.എം. അംഗങ്ങൾ ഉപവാസ പ്രാർത്ഥന നടത്തി.

ജനറൽ സെക്രട്ടറി- **സിബിൻ പാലമൂട്ടിൽ**
സെക്രട്ടറി - **ജിഷിൻ മണ്ടക്കാത്തടത്തിൽ**

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 22 മുതൽ 25 വരെ നടന്ന കോഴ്സിൽ 121 പേരും ബോയ്സ് ടൗണിൽ മെയ് 6 മുതൽ 9 വരെ നടന്ന കോഴ്സിൽ 113 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബപ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജൂൺ 24–27 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ 24–27 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 7– 10 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 26–29 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃവേദി രൂപതാ എക്സിക്യൂട്ടീവ്**

14.05.2016 –ന് എക്സിക്യൂട്ടീവ് ചേർന്നു. ഏപ്രിൽ 16 –ന് നടത്തിയ മാതൃവേദി രൂപതാകലാമൽസരങ്ങളുടെ നടത്തിപ്പ് വിലയിരുത്തി. ഇടവകകളിൽ കുടുംബം കരുണയുടെ ഉറവിടം എന്ന ക്ലാസ് സംഘടിപ്പിക്കുന്നതും, സമ്മാനകൂപ്പൺ തിരികെ ഏൽപ്പിക്കുന്നതും ചർച്ച ചെയ്തു.

**തരിയോട് മേഖല**

മാതൃവേദി തരിയോട് മേഖല എക്സിക്യൂട്ടിവ് യോഗവും യാത്രയയപ്പു സമ്മേളനവും മഞ്ഞൂറ പള്ളിയിൽ വച്ച് മേഖല ഡയറക്ടർ ബഹു. സജി കൊച്ചുപാറയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. മേഖല കലാസാഹിത്യ മൽസരങ്ങളുടെ വിലയിരുത്തലും 1,2,3 സ്ഥാനങ്ങളിലായി കൂടുതൽ പോയിന്റ് നേടിയ കാവുമന്ദം, കുറുമ്പാല, ചെന്നലോട് ഇടവകകൾക്ക് അഭിനന്ദനങ്ങളും അറിയിച്ചു. 6 വർഷം മേഖലാ ആനിമേറ്ററായി സേവനം ചെയ്ത സി.ആൻസി ജോസ് എഫ്.സി.സിക്ക് യാത്രയപ്പു നൽകി.

**കല്ലോടി മേഖല**

2.4.2016 –ന് മേഖലാ കലാമൽസരങ്ങൾ മേഖലാ ഡയറക്ടർ ഫാ.ജോസ് കപ്യാരുമലയിൽ ഉദ്ഘാടനം ചെയ്തു. ഒന്നും രണ്ടും മൂന്നും

സ്ഥാനങ്ങൾ കല്ലോടി, തോണിച്ചാൽ, വഞ്ഞോട് എന്നീ ഇടവകകൾ കരസ്ഥമാക്കി. രൂപതാ കലാമൽസരത്തിൽ കല്ലോടി മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. 23.4.2016 -ന് ദീപ്തിഗിരി പള്ളിയിൽ വെച്ച് വിവാഹം കഴിഞ്ഞ് 15 വർഷമായ അമ്മമാർക്ക് സെമിനാർ നടത്തി. ശ്രീ. ജോസ് പള്ളത്ത് ക്ലാസ് നയിച്ചു.

**പടമല**

17.4.2016 ന് രൂപതാ അസോസിയേറ്റ് ഡയറക്ടർ ഫാ.ജോഷി മഞ്ഞക്കുന്നേൽ കാരുണ്യവർഷത്തിന്റെ പ്രസക്തിയെകുറിച്ച് മാതാപിതാക്കൾക്കായി സെമിനാർ നടത്തി.

**കൽപ്ര**

ദൈവകാരുണ്യത്തിന്റെ തിരുനാളാഘോഷിച്ചു. മേഖലാതല മൽസരങ്ങളിൽ പങ്കെടുത്ത് 4-ാം സ്ഥാനം കരസ്ഥമാക്കി. തൊടുവട്ടിയിലെ തപോവനം സന്ദർശിച്ച് വസ്ത്രങ്ങളും ഭക്ഷണത്തിനുള്ള തുകയും സംഭാവന നൽകി. സ്വയം തൊഴിൽ പരിശീലനം നൽകി.

**അരിഞ്ചേർമല**

മാതൃവേദി ആനിമേറ്റർ സി. ജീന എഫ്.സി.സി. -ക്ക് യാത്രയപ്പു നൽകി. മെയ് 1-ന് സംഘടനാ വാർഷികത്തിന് അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബ പ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സിയോൻ ടീം മീറ്റിംഗ് 6-5-2016**

2016 മെയ് 6 ആദ്യവെള്ളി 69 ശുശ്രൂഷകർ ധ്യാനകേന്ദ്രത്തിൽ സമ്മേളിച്ചു. 3 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. ചർച്ചകൾക്കുശേഷം 4 മണി മുതൽ ഒരുക്കശുശ്രൂഷകൾ നടത്തി. 6.30 ന് ജാഗരണ പ്രാർത്ഥന, വി.കുർബാന, കുരിശിന്റെവഴി. 12 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിനകൺവെൻഷൻ 7-5-2016**

ഏകദിന കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷ 6 മണിക്ക് ആരംഭിച്ചു. സീയോൻ ഹാളിലൂടെ ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവ നടത്തി. 8.45 ന് ആരംഭിച്ച ഏകദിന കൺവെൻഷനിൽ റവ.ഫാ. ജയ്സ് പൂതക്കുഴി അച്ചൻ വചനപ്രഘോഷണം നടത്തി. തുടർന്ന് വി. കുർബാന അർപ്പിച്ചു. അനുഭവസാക്ഷ്യത്തെതുടർന്ന് ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. 3.30 ന് ശുശ്രൂഷ സമാപിച്ചു.

**ക്രിസ്റ്റീൻ ധ്യാനം മെയ് 9-12**

സീയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചെറുകാട്ടൂർ ഇട വകയിൽ വച്ച് നടത്തിയ ധ്യാനത്തിൽ രൂപതയിലെ വിവിധ ഇടവക കളിൽ നിന്നുള്ള 208 കുട്ടികൾ സംബന്ധിച്ചു.

**തൂവാനീസ 13-5-2016**

യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ സീയോൻ ചാപ്പലിൽ വച്ച് നടന്നു. ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ വി.കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തന്റെ മിഷൻ അനുഭവം പങ്കു വയ്ക്കുകയും ചെയ്തു.

**പൊതു സ്പിരിചൽ ഷെയറിംഗ് 14-5-2016**

രണ്ടാംവെള്ളിയാഴ്ച രാത്രി സ്പിരിചൽ ഡിറക്ടേഴ്സ് പ്രാർത്ഥിച്ച് ഒരുങ്ങി. ശനിയാഴ്ച 89 പേർ ആത്മീയ പങ്കുവയ്ക്കലിൽ സംബന്ധിച്ചു.

**സീയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 3 ആദ്യവെള്ളി | - | ടീം മീറ്റിംഗ് |
| ജൂൺ 4 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| ജൂൺ 11 രണ്ടാംശനി | - | സ്പിരിച്ച്വൽ ഷെയറിംഗ് ദിനം<br>യുവജനദിനം |
| ജൂൺ 12-16 | - | ആന്തരീകസൗഖ്യധ്യാനം |
| ജൂൺ 17 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| ജൂൺ 25 നാലാംശനി | - | രോഗികൾക്കായുള്ള<br>സൗഖ്യ ശുശ്രൂഷാദിനം |

**ഡയറക്ടർ**
സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളെ.....

"കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്ക് സമൃദ്ധിനൽകും; നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയുംപോലെ ആകും നീ."

ജൂൺമാസം ഈശോയുടെ തിരുഹൃദയ വണക്കമാസമാണല്ലോ. പരസ്നേഹ പ്രവർത്തനങ്ങളിൽ നമ്മുടെ സമ്പത്തിന്റേയും സമയത്തിന്റേയും ഒരോഹരി മാറ്റിവെച്ച് ഉപവി പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജവും പരിശുദ്ധാത്മചൈതന്യനിറവിനും ദാഹിച്ച് പരിശുദ്ധ കന്യകാമാതാവിന്റേയും സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും സംഘടന സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും നിറവാർന്ന മദ്ധ്യസ്ഥത്തിൽ തിരുഹൃദയ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കാം.

കാലവർഷം തുടക്കംകുറിക്കുന്ന ജൂൺമാസം അദ്ധ്യയനവർഷാരംഭം കൂടിയാണല്ലോ. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും അവരവരുടെ ഇടവകകളിൽ പാവപ്പെട്ടവരും അർഹരായവരുമായ പഠിതാക്കളെ കണ്ടെത്തി, ബഹു.വികാരി അച്ചന്മാരുമായി ആലോചിച്ച് പൂർണ്ണസഹകരണത്തോടെ പഠനോപകരണങ്ങൾ, യൂണീഫോം, കുട മുതലായവ വാങ്ങി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദത്തുകുടുംബ സന്ദർശനം, രോഗീസന്ദർശനം മറ്റും ക്രമീകരിക്കുന്നതിൽ വീഴ്ചവരുത്തരുത്.

**സിസി മീറ്റിംഗ്**

2016 ജൂൺ 11-ാം തീയതി രാവിലെ 10 മണിക്ക് നടവയൽ ഓസാനാം ഭവനിൽ വെച്ച് സിസി മീറ്റിംഗ് ചേരുന്നതായിരിക്കും. വിഹിതങ്ങൾ, വാർഷിക റിപ്പോർട്ട് മുതലായവ നൽകിയിട്ടില്ലാത്ത എസി പ്രസിഡണ്ടുമാർ അന്നേദിവസം വീഴ്ചകൂടാതെ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സിസി വാർഷികം**

വിൻസെന്റ് ഡി പോൾ സൊസൈറ്റി, മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 38–ാ മത് വാർഷികവും ജനറൽബോഡി യോഗവും 2016 മേയ് 10–ാം തീയതി ഓസാനാംഭവൻ അങ്കണത്തിൽ വെച്ച് നടന്നു. രാവിലെ 9.30 ന് ബഹു. റവ.ഫാ. ഷാജി മുളകൊടിയാങ്കൽ, മാനന്ത വാടി സിസി ആത്മീയോപദേഷ്ടാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

ദിവ്യബലിക്ക്ശേഷം 10.30 ന് ബ്രദർ തോമസ് മാങ്ങൻ, മാനന്ത വാടി സെൻട്രൽ കൗൺസിൽ പ്രസിഡണ്ട് അദ്ധ്യക്ഷനായി വാർഷികാ ഘോഷ പൊതുസമ്മേളനം ആരംഭിച്ചു. പൊതുസമ്മേളനത്തിൽ ബ്രദർ ജെൻട്രി പോൾ, മാനന്തവാടി സിസി യൂത്ത് പ്രതിനിധി പ്രാരംഭ പ്രാർത്ഥന നടത്തി. സി. ബേബിമരിയ പുലിക്കോട്ടിൽ മാനന്തവാടി സിസി വനിതപ്രതിനിധി, ജ്ഞാനവായന നടത്തി.

ബ്രദർ ജോണി പാറ്റാനി, മാനന്തവാടി സെൻട്രൽ കൗൺസിൽ സീനിയർ വൈസ് പ്രസിഡണ്ട് മുഖ്യഅതിഥി അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് ബത്തേരി രൂപതാ അദ്ധ്യക്ഷൻ, മാനന്തവാടി സിസി ആത്മീയോപദേഷ്ടാവ്, മറ്റ് എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർ എന്നി വർ അടങ്ങിയ പൊതുസമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. സ്വാഗത പ്രസംഗത്തിൽ കാരുണ്യവർഷത്തിന്റെ പ്രത്യേകത സൂചിപ്പിച്ചുകൊണ്ട് നമുക്ക് ചുറ്റും അനേകം വ്യക്തികൾ ആലംബഹീനരും, അവശരും, സഹായഹസ്തങ്ങൾ അർഹതപ്പെട്ടവരുമായി ശ്രദ്ധയിൽപെടാതെ അവ ഗണിക്കപ്പെടുന്നുണ്ടെന്നും ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തുന്ന തിനായി വിൻസെൻഷ്യൻ പ്രവർത്തകർ കാതുകളും കണ്ണുകളും തുറന്ന് നല്ല സമരിയാക്കാരനായി, നല്ല അയൽവാസിയായി, മറ്റുള്ള വർക്ക് മാതൃകയായി പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപൃതരാകണ മെന്ന് ഊന്നിപ്പറഞ്ഞു.

ബ്രദർ തോമസ് മാങ്ങൻ, തന്റെ അദ്ധ്യക്ഷസന്ദേശത്തിൽ മാന ന്തവാടി സെൻട്രൽ കൗൺസിലിന്റെ ഏഴാമത്തെ ബോർഡാണ് നില വിൽ ഉള്ളതെന്നും, വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ മാനന്തവാടി രൂപ തയിൽ ഇത്രയും വിജയിച്ചതിന്റെ പിന്നിൽ, അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്, മാനന്തവാടി രൂപതയുടെ ഇടയൻ വിലമതിക്കാ നാവാത്ത നിർദ്ദേശങ്ങളും, അനുഗ്രഹവും ഇടപെടലുകളും, സിസിയുടെ നിലവിലുള്ളതും സ്ഥാനമൊഴിഞ്ഞതുമായ ആത്മീയോപദേഷ്ടാക്കളുടെ സന്ദർഭോചിതമായ ഇടപെടലുകളും സിസി ഭാരവാഹികളുടെ അഹോ രാത്ര പ്രയത്നവും എസി കോൺഫറൻസ് ആത്മീയോപദേഷ്ടാക്കളുടെ

സജീവ സാന്നിദ്ധ്യവും സഹകരണവും എസി കോൺഫറൻസ് ഭാരവാഹികളുടെയും അംഗങ്ങളുടേയും സഹകരണവും പ്രവർത്തനവും കൊണ്ട് മാത്രമാണെന്ന് ഊന്നിപ്പറഞ്ഞു.

നിലവിലുള്ള ബോർഡിലെ കാലാവധി തീരുകയാണെന്നും മാനന്തവാടി സെൻട്രൽ കൗൺസിലിനെ നയിക്കാൻ പ്രഗത്ഭനായ, ഒരു നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിന് എല്ലാവരും പ്രാർത്ഥിച്ചൊരുങ്ങണമെന്ന് അടിവരയിട്ട് അഭ്യർത്ഥിച്ചു.

അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ്, ബത്തേരി രൂപതാദ്ധ്യക്ഷൻ, മുഖ്യഅഥിതി, വാർഷികാഘോഷ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പരിശുദ്ധ ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന കാരുണ്യവർഷം ഫലപ്രദമാക്കുന്നതിന് വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ടെന്ന് പറഞ്ഞുകൊണ്ട് ഓസാനാംഭവൻ ശുശ്രൂഷകളും പ്രവർത്തനങ്ങളും ഉത്തമ മാതൃകയാണെന്ന് ഊന്നിപ്പറഞ്ഞു.

ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ, മാനന്തവാടി സിസി ട്രഷറർ, നാഷണൽ കൗൺസിൽ കേരള റീജിയൻ ഇന്റേണൽ ഓഡിറ്റ് അംഗം വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു.

ബഹു. റവ.ഫാ. ഷാജി മുളകൊടിയാങ്കൽ, മാനന്തവാടി സിസി ആത്മീയോപദേഷ്ടാവ് സന്ദേശം നൽകി.

**ആദരിച്ചു**

a. ബ്രദർ വിൻസെന്റ് ജോൺ ഓസാനാംഭവൻ സെക്രട്ടറി, കേരള മെത്രാൻ കൗൺസിലിന്റെ 2015-16 വർഷത്തെ ഏറ്റവും നല്ല ശുശ്രൂഷകനുള്ള അവാർഡ് കരസ്ഥമാക്കി മെമന്റോ നൽകി ആദരിച്ചു.

b. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, മാനന്തവാടി സിസി ജനറൽസെക്രട്ടറി, ബത്തേരി രൂപത, മണ്ഡ്യാരൂപത എക്സ്റ്റൻഷൻ ഓഫീസർ, ഏറ്റവും നല്ല സംഘാടകനുള്ള പുരസ്കാരം KRCC ലഭിച്ചു മെമന്റോ നൽകി ആദരിച്ചു.

c. ശ്രീ. ജോൺ ചെല്ലിയിൽ, വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി, സെൻട്രൽ കൗൺസിൽ ഏറ്റവും നല്ല സഹായകാംഗത്തിനുള്ള മെമന്റോ നൽകി ആദരിച്ചു.

d. വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ അമ്പത് വർഷം സേവനകാലം പൂർത്തിയാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തിത്വങ്ങളെ മെമന്റോ നൽകി ആദരിച്ചു: 1) ബ്രദർ വി.ടി. മാത്യു - നടവയൽ, 2) ബ്രദർ ചാക്കോ അപ്പക്കോട്ട് - വാഴവറ്റ.

e. ഏരിയ കൗൺസിൽ പ്രസിഡണ്ട്മാരായി സേവനമനുഷ്ഠിച്ച്

കാലാവധി പൂർത്തിയാക്കി വിരമിച്ച എസി പ്രസിഡണ്ട്മാരെ മെമന്റോ നൽകി ആദരിച്ചു: 1) ബ്രദർ ഫ്രാൻസീസ് എടപ്പാട്ട് – തരിയോട് എസി, 2) ബ്രദർ സേവ്യർ ചിറ്റൂപറമ്പിൽ – കല്ലോടി എസി, 3) ബ്രദർ ജോസഫ് കിഴക്കേടത്ത് – മാനന്തവാടി എസി.

**ആശംസകൾ**

1) ബ്രദർ പി.യു. ജോൺ, മാനന്തവാടി സെൻട്രൽ കൗൺസിൽ സ്ഥാപിതമായി നേതൃത്വനിരയിൽ പ്രഥമ പ്രസിഡണ്ട് സ്ഥാനം അലങ്കരിച്ച വ്യക്തിത്വം. മാനന്തവാടി സിസിയുടെ ഉന്നമനത്തിൽ എല്ലാ പ്രവർത്തകർക്കും ഭാവുകങ്ങൾ ആശംസിച്ചു.

2) ബ്രദർ അഡ്വ.ജോസിച്ചൻ കോര ജോസ്, മുൻ സിസി പ്രസിഡണ്ട്, തന്റെ ആശംസ പ്രസംഗത്തിൽ വിൻസെൻഷ്യൻ പ്രവർത്തകർ ഈ കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് അനുസരിച്ച് മാറണമെന്നും രൂപയുടെ മൂല്യം കുറഞ്ഞുപോയിരിക്കുന്നു ആയതിനാൽ വിൻസെൻഷ്യൻ പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനഘടകമായ "രഹസ്യപിരിവ്" ഓരോ അംഗവും വിപുലീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നും അടിവരയിട്ടു സംസാരിക്കുകയുണ്ടായി.

3) ബ്രദർ കെ.ജി. ജസ്റ്റിൻ, മുൻ സിസി പ്രസിഡണ്ട്, മാനന്തവാടി സിസിയിലെ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ വിജയത്തിലേയ്ക്ക് എത്തിക്കുന്നതിന് പ്രവർത്തിക്കുന്ന എല്ലാവർക്കും എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചു.

**സമ്മാനദാനം**

സിസിതല യുവജന മത്സരവിജയികൾക്കും, കേരളറീജിയൻ യുവജന മത്സരവിജയികൾക്കും സമ്മാനങ്ങൾ നൽകി.

**ലഘുപ്രഭാഷണം**

ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, മാനന്തവാടി സിസി ജനറൽ സെക്രട്ടറി, എക്സ്റ്റൻഷൻ ഓഫീസർ ബത്തേരി, മണ്ഡ്യ രൂപത, "വിൻസെൻഷ്യൻ പ്രവർത്തനത്തിന്റെ ലക്ഷ്യവും മാർഗ്ഗവും" എന്നതിനെ ആസ്പദമാക്കി സരളമായ ഭാഷയിൽ ലഘുപ്രഭാഷണം നടത്തി. തുടർന്ന് ബ്രദർ തോമസ് മാങ്ങൻ, മാനന്തവാടി സിസി പ്രസിഡണ്ട്, ബ്രദർ ജോണി പാറ്റാനി, മാനന്തവാടി സിസി സീനിയർ വൈസ് പ്രസിഡണ്ട്, ബ്രദർ ജിൽസ് എം. മേക്കൽ, മാനന്തവാടി സിസി വൈസ് പ്രസിഡണ്ട്, ബ്രദർ ടി.ടി. സണ്ണി, മാനന്തവാടി സിസി വൈസ് പ്രസിഡണ്ട്, ബ്രദർ ടി.എം. ഷാജൻ, മാനന്തവാടി സിസി സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ പൊതുചർച്ച നടന്നു.

ബ്രദർ ജോർജ് ആക്കാന്തിരിയിൽ, ഓസാനാംഭവൻ ഇൻചാർജ്ജ് പൊതുസമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ബ്രദർ ജോസ് വട്ടുകുളത്തിൽ, മാനന്തവാടി സിസി വൈസ് പ്രസിഡണ്ട്, സമാപന പ്രാർത്ഥന ആലപിച്ചു. യോഗം സമാപിച്ച് സ്നേഹവിരുന്നിനായി പിരിഞ്ഞു.

**നന്ദിയോടെ**

മാനന്തവാടി സെൻട്രൽ കൗൺസിൽ 38-ാമത് വാർഷികവും ജനറൽ ബോഡിയോഗവും ഏറ്റവും നല്ലരീതിയിൽ വിജയപ്രദമാക്കുന്നതിന് സഹകരിച്ച ബഹു. വൈദികരേയും, ബഹു. സിസ്റ്റേഴ്സിനേയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. ഓസാനാംഭവനിലും കവാടത്തിലും പന്തൽഅലങ്കാരം, സൗണ്ട് മുതലായവ വേണ്ടരീതിയിൽ ക്രമീകരിക്കുവാൻ നേതൃത്വം നൽകിയ ബ്രദർ പി. ജോർജ് നടവയൽ എസി പ്രസിഡണ്ട്, ബ്രദർ വിൻസെന്റ് ജോൺ ഓസാനാംഭവൻ സെക്രട്ടറി, നടവയൽ എസിയിലെ മറ്റ് അംഗങ്ങൾ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ഭക്ഷണത്തിന് എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത് നേതൃത്വം നൽകിയ ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ ബത്തേരി എസി പ്രസിഡണ്ട്, കൂടെ സഹകരിച്ച ബത്തേരി എസിയിലേയും മറ്റും പ്രവർത്തകരേയും നന്ദി അറിയിക്കുന്നു. ഓസാനാംഭവൻ ശുശ്രൂഷകരെ പ്രത്യേകം നന്ദി അറിയിക്കുന്നു. മറ്റുവിധ കമ്മിറ്റികളിൽ പ്രവർത്തിച്ച ഭാരവാഹികളേയും പ്രവർത്തകരേയും നന്ദിയോടെ ഓർക്കുന്നു.

**എസി/കോൺഫറൻസ് പ്രസിഡണ്ടുമാരുടെ ശ്രദ്ധയ്ക്ക്**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ മഹത്ത് പ്രോജക്ടായ ഓസാനാംഭവൻ ഇന്ന് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് അവിടെ അഹോരാത്രം സേവനം ചെയ്യുന്ന ശുശ്രൂഷകരുടെയും ഒപ്പം നാമോരോരുത്തരുടേയും ആത്മാർത്ഥമായ ശുശ്രൂഷാ മനോഭാവത്താലാണ്. നിലവിൽ 65 അന്തേവാസികളും 10 ശുശ്രൂഷകരും അടങ്ങുന്നു. ദൈനംദിന ഭക്ഷണം, മരുന്ന് മുതലായ ചിലവിലേയ്ക്ക് നല്ലൊരു സംഖ്യ ആവശ്യമായി വരുന്നുണ്ട് എന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണല്ലോ. ആയതിനാൽ ബഹു. വികാരി അച്ചന്മാരുമായി ആലോചിച്ച് പുതിയ സ്പോൺസർമാരെ കണ്ടെത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. എല്ലാവരുടേയും സഹായസഹകരണം ഈ വിഷയത്തിൽ ഉണ്ടാകുമല്ലോ.

**സ്കോളർഷിപ്പ്**

1) റിനീവൽ അപ്ലിക്കേഷൻ: HES, TTS എന്നീ സ്കോളർഷിപ്പുകൾ ലഭിക്കുന്ന വിദ്യാർത്ഥികളുടെ 2016-17 വർഷത്തേക്കുള്ള റിനീവൽ

അപ്ലിക്കേഷൻ 2016 ജൂൺ 30-ന് മുമ്പായി സിസിയിൽ എത്തിക്കേണ്ട താണ്. കുട്ടി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം കൂടി അപ്ലിക്കേഷന്റെ കൂടെ ഉണ്ടായിരിക്കണം.

2) പുതിയ അപേക്ഷകൾ: HES, TTS, VTS, AAS എന്നീ സ്കോളർഷിപ്പുകൾക്കുള്ള പുതിയ അപേക്ഷകൾ ഒരു എസിയിൽ നിന്നും മൂന്നെണ്ണം 2016 ആഗസ്റ്റ് 30-ന് മുമ്പായി സിസിയിൽ എത്തിക്കേണ്ടതാണ്. ജോലി അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് (കോഴ്സുകൾക്ക്) മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളു. HES സിസി തലത്തിൽ രണ്ടിൽകൂടുതൽ ലഭിക്കുകയില്ല.

**അനുസ്മരണം**

കുറുമ്പാല എസിയിലെ ക്രിസ്തുരാജ കോൺഫറൻസ് പുതുശ്ശേരിക്കടവ്, 1995 മുതൽ കോൺഫറൻസിൽ പ്രവർത്തിക്കുകയും കോൺഫറൻസ് പ്രസിഡണ്ടായി ആറുവർഷം സേവനം ചെയ്ത് 20 വർഷത്തെ സ്തുത്യർഹമായ സേവനത്തിന്ശേഷം ബ്രദർ സെബാസ്റ്റ്യൻ ഏറത്ത് 2016 ഫെബ്രുവരി 25-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

**ഓസാനാംഭവൻ രാത്രി സേവനം**

**കല്പറ്റ എസി**

| | | |
|---|---|---|
| 22-6-2016 | സെന്റ് ജൂഡ് | കല്പറ്റ |
| 23-6-2016 | സെന്റ് മേരീസ് | കല്പറ്റ |
| 24-6-2016 | സെന്റ് മേരീസ് | പുഴമുടി |
| 25-6-2016 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 26-6-2016 | സെന്റ് മേരീസ് (വ) | വൈത്തിരി |
| 27-6-2016 | സെന്റ് ക്ലാരറ്റ് | ചാരിറ്റി |
| 28-6-2016 | സെന്റ് മേരീസ് | നെടുമ്പാല |
| 29-6-2016 | സെന്റ് ജോസഫ് | റിപ്പൺ |
| 30-6-2016 | സെന്റ് ജോൺപോൾ II | തൃക്കൈപ്പറ്റ |

**കുറുമ്പാല എസി**

| | | |
|---|---|---|
| 1-7-2016 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |
| 2-7-2016 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 3-7-2016 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 4-7-2016 | സെന്റ് ജോസഫ് | കുറുമ്പാല |
| 5-7-2016 | സെന്റ് മേരീസ് | കുറുമ്പാല |

**മാനന്തവാടി എസി**

| | | |
|---|---|---|
| 6-7-2016 | സെന്റ് മേരീസ് | യവനാർകുളം |
| 7-7-2016 | ലിറ്റിൽഫ്ളവർ | മുതിരേരി |

| | | |
|---|---|---|
| 8-7-2016 | ലിറ്റിൽഫ്ളവർ | പുതിയിടം |
| 9-7-2016 | വാ.മദർതെരേസ്സ | തവിഞ്ഞാൽ (വിമലനഗർ) |
| 10-7-2016 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 11-7-2016 | സെന്റ് മേരീസ് | ആലാറ്റിൽ |
| 12-7-2016 | ലിറ്റിൽഫ്ളവർ | മാനന്തവാടി |
| 13-7-2016 | സെന്റ് ജോസഫ് | കണിയാരം |
| 14-7-2016 | സെന്റ് തോമസ് | തവിഞ്ഞാൽ |
| 15-7-2016 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 16-7-2016 | സെന്റ് സെബാസ്റ്റ്യൻ | പോരൂർ |
| 17-7-2016 | സെന്റ് മദർ തെരേസ | തവിഞ്ഞാൽ |

**ഓസാനാംഭവൻ സന്ദർശനം**

**ബത്തേരി എസി**

| | | |
|---|---|---|
| 16-6-2016 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 18-6-2016 | സെന്റ് മേരീസ് | ബത്തേരി |
| 20-6-2016 | സെന്റ് അൽഫോൻസ | ബത്തേരി |
| 22-6-2016 | സെന്റ് മേരീസ് | കടൽമാട് |
| 24-6-2016 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 26-6-2016 | സെന്റ് മേരീസ് | കൽപ്ര |
| 28-6-2016 | സെന്റ് ആന്റണി | വാകേരി |
| 30-6-2016 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 2-7-2016 | സെന്റ് ജോർജ് | ചിത്രഗിരി |
| 4-7-2016 | സെന്റ് ആന്റണി | പഴൂർ |
| 6-7-2016 | ഫാത്തിമമാതാ | കുന്നലാടി |
| 8-7-2016 | സെന്റ് ഫ്രാൻസീസ് അസീസി | ചുള്ളിയോട് |
| 10-7-2016 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 12-7-2016 | ഫാത്തിമമാതാ | കയ്യൂന്നി |
| 14-7-2016 | സെന്റ് ജോസഫ് | വടക്കനാട് |
| 16-7-2016 | മേരിമാതാ | മൂലങ്കാവ് |
| 18-7-2016 | സെന്റ് ജോർജ് | കല്ലുമുക്ക് |
| 20-7-2016 | ആവേമരിയ | കയ്യൂന്നി |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ഭാവുകങ്ങൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സിസി പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**അഗ്രോ ക്ലിനിക്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി എടമുണ്ട ആദിവാസി കോളനിയിൽ വെച്ച് അഗ്രോ ക്ലിനിക് സംഘടിപ്പിച്ചു. തിരുവനന്തപുരം വെള്ളയാനി കാർഷിക സർവ്വകലാശാലയിലെ അവസാനവർഷ ബിരുദവിദ്യാർത്ഥികൾ അഗ്രോ ക്ലിനിക്കിന് നേതൃത്വം നൽകി. കൂടാതെ കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള MSW വിദ്യാർത്ഥികളും അഗ്രോ ക്ലിനിക്കിൽ പങ്കെടുത്തു. വിവിധ വിഷയങ്ങളിൽ ക്ലാസുകളും, കീട-രോഗ നിർണ്ണയവും അഗ്രോ ക്ലിനിക്കിൽ നടന്നു. അഗ്രോക്ലിനിക് WSSS പ്രോഗ്രാം ഓഫീസർ ജോസ്. പി. എ. ഉദ്ഘാടനം ചെയ്തു. നൂറിൽ അധികം ആദിവാസികൾ അഗ്രോ ക്ലിനിക്കിൽ പങ്കെടുത്തു.

**വിലയിരുത്തൽ പഠനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ആദിവാസി വികസനപദ്ധതിയുടെ സമഗ്രമായ വിലയിരുത്തൽ നടത്തുന്നതിന് വേണ്ടി നബാർഡ് നിയോഗിച്ച പഠനസംഘം പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തിവരുന്നു. വികസന വിദഗ്ദരായ ശ്രീ. ധനേഷ്, ശ്രീ. ഷാജു എന്നിവരാണ് ടീമിൽ ഉള്ളത്. ടീം ഇതിനോടകം 300-ലധികം കുടുംബങ്ങളിൽ സന്ദർശനം നടത്തി. വിവിധ കോളേജുകളിൽ നിന്നുള്ള MSW വിദ്യാർത്ഥികളും WSSS ന്റെ ആദിവാസി വികസന പദ്ധതിയിലെ ടീം അംഗങ്ങളും പഠനത്തിൽ പങ്കാളികളായിരുന്നു.

**മഞ്ഞൾ വിത്ത് വിതരണം ചെയ്തു**

ആദിവാസി വികസന പദ്ധതിയിൽ പങ്കാളികളായ മുഴുവൻ കുടുംബങ്ങൾക്കും മഞ്ഞൾ വിത്ത് വിതരണം ചെയ്തു. ഈവർഷം മുഴുവൻ കുടുംബങ്ങളും സംഘം അടിസ്ഥാനത്തിൽ മഞ്ഞൾ കൃഷി ചെയ്യുന്നതാണ്. ഇങ്ങനെ കൃഷി ചെയ്ത് ലഭിക്കുന്ന മഞ്ഞൾ വയനാട്

സോഷ്യൽ സർവ്വീസ് സൊസൈറ്റി തന്നെ അധിക വില നൽകി സംഭ രിച്ച് വിപണനം നടത്തുവാനാണ് ലക്ഷ്യമിടുന്നത്.

**പങ്കെടുത്തു**

കുടുംബശ്രീ മിഷൻ DDU-GKY പദ്ധതി നടപ്പിലാക്കുന്ന സംഘ ടനകൾക്കു വേണ്ടി തിരുവനന്തപുരത്ത് വെച്ച് നടത്തിയ Public Finance System പരിശീലനത്തിൽ പ്രോഗ്രാം ഓഫീസർ പി. എ. ജോസ്, കോർഡി നേറ്റർ രാജീവ് അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

**വികാസ്പീഡിയ ഏപ്രിൽ 16**

പ്രഥമ സേവനദാതാക്കളുടെ ശാക്തീകരണം വഴി സമൂഹ ത്തിന്റെ താഴെതട്ടിൽ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി എത്തി ക്കുക എന്ന ലക്ഷ്യത്തോടെ മാധ്യമ വിവരസാങ്കേതികവിദ്യയുടെ സഹാ യത്തോടെ വിവരശേഖരണം നടത്തി സാധാരണക്കാർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനാണ് വികാസ്പീഡിയ പോർട്ടൽ പ്രവർത്തിച്ചുവരുന്നത്. വികാസ്പീഡിയയുടെ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും പ്രയോജനപ്രദവുമാക്കുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങളാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയോ ടൊപ്പം ചേർന്ന് വികാസ്പീഡിയ കഴിഞ്ഞ മാസങ്ങളിൽ നടപ്പിൽ വരു ത്തിയത്.

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമ ഊർജ്ജം, ഇ-ഭരണം എന്നീ ചർച്ചാവിഷയങ്ങൾക്കു കീഴിലായി ധാരാളം പുതിയ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ കഴിഞ്ഞു. കൂടാതെ സെമിനാറുകൾ, ശിൽപശാലകൾ, പൊതുപരിപാടികൾ എന്നിവയും വികാസ്പീഡിയ നേതൃത്വം നല്കി നടത്തുകയുണ്ടായി.

20-4-16 വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട സററുഡൻസ് ഫെസ്റ്റിൽ കേരളത്തിലെ വിവിധയൂണിവേഴ്സിറ്റികളുടെ കീഴിലുള്ള കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ഏകദിന ശിൽപശാല നടത്തി.

ഭൗമദിനത്തോടനുബന്ധിച്ച്, ഭൗമദിന സെമിനാർ പൊതുചർച്ച, എന്നിവ തിരുവനന്തപുരം കാർഷിക കോളേജ് വിദ്യാർത്ഥികളുടെയും, MSW വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ വികാസ്പീഡിയ സംഘ ടിപ്പിച്ചു. നല്ല നാളേയ്ക്കായി ഭൗമസംരംക്ഷണം സ്വന്തം കർത്തവ്യമായി ഉറപ്പിച്ചുകൊണ്ട് ഭൗമദിന പ്രതിജ്ഞയുടെ 'മരങ്ങൾ ഭൂമിക്ക്' എന്ന ആശയപ്രചരണത്തിനായി വൃക്ഷതൈകളും നട്ടു. കൂടാതെ പ്രശസ്ത ചിത്രകാരനായ ശ്രീ. അനസ് മാനന്തവാടിയുടെ സന്ദേശചിത്രം വരയും,

പരിസരശുചീകരണവും വികാസ്പീഡിയയും DDU-GKY വിദ്യാർത്ഥി കളും സംയുക്തമായി നടത്തി.

'സ്ത്രീ ശാക്തീകരണം' എന്ന വിഷയത്തിൽ ലളിതകലാ അക്കാദമി ഹാളിൽ വച്ച് പൊതുചർച്ചയും നടത്തി.

കൂടുതൽ അറിയുവാനും, സഹകരണം ശക്തിപ്പെടുത്തുവാനും ml. Vikaspedia. in സന്ദർശിക്കുമല്ലോ.

**ബയോ-ഗ്യാസ് വികസനപദ്ധതി**

കരിമാനി, പരിയാരംകുന്ന്, കമ്പനിഗിരി, ചെറ്റപ്പാലം, ഒണ്ടയങ്ങാടി, മുത്തുമാരി, നടവയൽ എന്നീ സ്ഥലങ്ങളിൽ 6 ബയോ-ഗ്യാസ് പ്ലാന്റു കൾ കമ്മീഷൻ ചെയ്യുകയും ഒരു ബയോ-ഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

**ജനകീയ സംഘാടനം**

വനിതാ സ്വാശ്രയ സംഘങ്ങളുടെ സെക്രട്ടറിമാർ, CDO അംഗ ങ്ങൾ എന്നിവർക്കുള്ള പ്രതിമാസ മീറ്റിംഗ് ഏപ്രിൽ 20-ന് ഒരുമിച്ച് നട ത്തുകയും ഭൗമദിനം ആചരിക്കുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ വെള്ളയാനി കാർഷിക സർവ്വകലാശാലയിലെ പ്രഫസർ ശ്രീമതി ശാരി ജോർജ്ജ് മുഖ്യാതിഥി ആയിരുന്നു. പ്രസ്തുത മീറ്റിംഗിൽ ബഹുമാന പ്പെട്ട പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി പങ്കെടുത്തു. അന്നേദിവസം ഭൗമദിനാചരണത്തിന്റെ ആവശ്യകതയെ ക്കുറിച്ച് വർക്ഷോപ്പ് സംഘടിപ്പിച്ചു. വർക്ക്ഷോപ്പിന് MSW വിദ്യാർത്ഥി കൾ നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബ ങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുവാൻ ലക്ഷ്യംവച്ചു കൊണ്ടുള്ള ഈ പദ്ധതിയിൽ ഇന്ന് മാനന്തവാടി രൂപതയിൽ നിന്നു 307 കുടുംബങ്ങൾ പങ്കാളികളാണ്.

സേവ് എ ഫാമിലി പ്ലാനിന്റെ വാർഷിക അവലോകന യോഗം മെയ് 17, 18, 19 തീയതികളിലായി സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ ഓഫീസിൽ വച്ച് നടക്കും. ഇതിലേയ്ക്കുള്ള സേവ് എ ഫാമിലി പ്ലാൻ മാനന്തവാടി രൂപതയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു.

സേവ് എ ഫാമിലി പ്ലാൻ റീജിയണൽ മീറ്റിംഗിൽ പങ്കെടുക്കാ ത്തവർക്കായി ഒരു യോഗം WSSS സെൻട്രൽ ഓഫീസിൽവച്ച് ഏപ്രിൽ 30-ാം തീയതി നടത്തി. തൃശൂർ വിമലാകോളേജ് MSWവിദ്യാർത്ഥിനി

കളായ രേഷ്മ, ചോയ്സ്, എന്നിവർ കുടുംബജീവിതം എന്ന വിഷയത്തേക്കുറിച്ച് ക്ലാസുകൾ നല്കി.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയുടെ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**ക്ഷേമനിധി**

കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറത്തിൽ (KTWF) അംഗത്വം എടുത്തവരുടെ "സത്യവാങ്ങ്മൂലം"കൽപറ്റ ക്ഷേമനിധി ഓഫീസിലും കണ്ണൂർ ക്ഷേമനിധി ഓഫീസിലും സമർപ്പിച്ചു. 2016-2017 വരെയുള്ള അംശായാദായം സ്വീകരിച്ചു. സ്വതന്ത്രനിർമ്മാണ തൊഴിലാളി യൂണിയനിൽ (SNTU) അംഗത്വം എടുത്തവരുടെ ID കാർഡ് പുതുക്കൽ കണ്ണൂർ ജില്ലാ ഓഫീസിലും വയനാട് ജില്ലാ ഓഫീസിലും പൂർത്തിയായി.

**ഭരണസമിതിയോഗം**

5-4-16 ന് ബോയ്സ്ടൗണിൽ നടത്തിയ KLM ന്റെ ഭരണസമിതി യോഗത്തിന്റെ KLM സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് നിരപ്പുകാലായിൽ അധ്യക്ഷത വഹിച്ചു. ശ്രീ. ജോസഫ് ജൂഡ് (വർക്കേഴ്സ് ഇൻഡ്യ ഫെഡറേഷൻ, കേരള ലേബർ മൂവ്മെന്റ്) KLM സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ പങ്കെടുത്തു. KLM രൂപതാ ഡയറക്ടർ സ്വാഗതം ആശംസിക്കുകയും KLM രൂപതാ President ശ്രീ. ബിജു പൂയിക്കുന്നേൽ നന്ദി പറയുകയും ചെയ്തു.

**KLM**

കേരള ലേബർ മൂവ്മെന്റിന്റെ ഏപ്രിൽ 29,30 തീയതികളിൽ "പീപ്പിൾ മാനേജ്മെന്റ് പോളിസിയുടെ ഭാഗമായി മാനന്തവാടി രൂപതയിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളിലെ ഡയറക്ടേഴ്സിനും സിസ്റ്റേഴ്സിനും വേണ്ടി ഏകദിന പരിശീലനപരിപാടി സംഘടിപ്പിച്ചു. പരിശീലനം മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവഹിച്ചു. KLM സംസ്ഥാന- ദേശീയ ഭാരവാഹികളായ റവ. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, ശ്രീ. ജോസഫ് ജൂഡ്, ശ്രീ. രാജൻ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ ബഹു.ഫാ. മനോജ് കവലക്കാടൻ സ്വാഗതം ആശംസിച്ചു.

**പരിശീലനപരിപാടി**

സെന്റ് ജോസഫ് ആശുപത്രി മാനന്തവാടിയിലെ ജീവനക്കാർക്കു വേണ്ടി KLM ന്റെ നേതൃത്വത്തിൽ ദ്വിദിന പരിശീലന പരിപാടി നടത്തി. 60 പേർ പങ്കെടുത്തു.

KLM സംസ്ഥാന ദേശീയ ഭാരവാഹികളായ റവ. ഫാ. ജോസഫ് തോമസ് നിരപ്പുകാലായിൽ ശ്രീ. ജോസഫ് ജൂഡ്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, റവ. ഫാ. ബിജോ കറുകപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.

**DDU-GKY**

കുടുംബശ്രീയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ മാനന്തവാടി യിൽ നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയിലൂടെഉള്ള സൗജന്യ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു.

ആറുമാസം ദൈർഘ്യമുള്ള ഫാഷൻഡിസൈൻ ടെക്നോളജി, മൂന്നു മാസം ദൈർഘ്യമുള്ള ഫുഡ് പ്രോസസിംഗ് ആൻഡ് പ്രിസർവേഷൻ എന്നീ കോഴ്സുകൾ ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടത്തുന്നത്. പ്ലസ്ടു പാസായ വിദ്യാർത്ഥി കൾക്ക് ഫാഷൻ ഡിസൈനിംഗ് ടെക്നോളജിയും എസ്.എസ്.എൽ.സി. കഴിഞ്ഞവർക്ക് ഫുഡ് പ്രോസസിംഗ് അൻഡ് പ്രിസർവേഷൻ കോഴ്സും ആണ് ആരംഭിക്കുന്നത്. ഈ കോഴ്സുകൾ പൂർണമായും സൗജന്യ മാണ്. രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ് ക്ലാസ് സമയം. യൂണിഫോം, പുസ്തകങ്ങൾ, ബുക്കുകൾ മറ്റു പഠന സാമഗ്രികൾ എന്നിവ സൗജന്യമായി നൽകുന്നു. ദിവസം എട്ടുമണി ക്കൂർ ക്ലാസിൽ വരുന്നവർക്ക് 125 രൂപ യാത്ര ചെലവ് നൽകുന്നു. കമ്പ്യൂട്ടർ, ഇംഗ്ലീഷ്, സോഫ്റ്റ് സ്കിൽ എന്നീ കോഴ്സുകളും ഇതോ ടൊപ്പം സൗജന്യമായി പഠിപ്പിക്കുന്നു. പഠനം വിജയകരമായി പൂർത്തി യാക്കുന്നവർക്ക് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) നൽകുന്ന സർട്ടിഫിക്കറ്റുകളും ഫുഡ് പ്രോസസിംഗ് ആൻഡ് പ്രിസർവേഷൻ കോഴ്സിനു കുറഞ്ഞത് 6000 രൂപയും ഫാഷൻ ഡിസൈൻ ടെക്നോളജി കോഴ്സിൽ കുറഞ്ഞത് 8000 രൂപ മാസ ശമ്പ ളത്തോടുകൂടി ജോലിയും നൽകുന്നു.

ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ താൽപര്യമുള്ളവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓഫീസുമായോ 04935240314, 9605398070 എന്ന നമ്പറിലോ ബന്ധപ്പെടുക.

**ജലനിധി എടവക ഗ്രാമപഞ്ചായത്ത്**

എടവക ഗ്രാമപഞ്ചായത്തിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള സർക്കാരിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധ ജല വിതരണശുചിത്വ പദ്ധതിയാണ് ജലനിധി. 2013 ഏപ്രിൽ മാസത്തിൽ തുടങ്ങിയ പദ്ധതി ഇപ്പോൾ സെപ്റ്റംബർ മാസം വരെ നീട്ടിയിട്ടുണ്ട്.

2537 കുടുംബങ്ങൾക്കായി 14 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ യഥാക്രമം 295, 310 കുടുംബങ്ങൾക്കായി നടപ്പിലാക്കുന്ന സാന്ത്വനം, ജനശക്തി എന്നീ സ്കീംലെവൽ പദ്ധതികൾ ഏപ്രിൽ 25, മെയ് 12 എന്നീ തീയതികൾ പണി പൂർത്തീകരിച്ച് വെള്ളം വിതരണം ചെയ്തു തുടങ്ങി. എടവക ഗ്രാമപഞ്ചായത്തിൽ ഗാർഹിക ശൗചാലയം ഇല്ലാത്ത 712 കുടുംബങ്ങൾക്ക് ശുചിത്വമിഷന്റെ സഹായത്തോടെ ജലനിധി കൊടുക്കുന്ന ശൗചാലയത്തിന്റെ എഗ്രിമെന്റ് ഈമാസം നടന്നു. സ്കീം എക്സിറ്റിന്റെ ഭാഗമായി പൂളച്ചാൽ, കുറുമപ്പാടി എന്നീ പദ്ധതികളുടെ IPCR (Implementation and Completion Report) തയ്യാറാക്കി GPST ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

## ബയോവിൻ അഗ്രോ റിസർച്ച്

### ജൈവകൃഷി വ്യാപനപദ്ധതിയും അനുബന്ധ മേഖലകളും

**ജൈവസാക്ഷ്യപത്ര ലഭ്യതാപദ്ധതി**

ജൈവകൃഷിവ്യാപനം, പാരിസ്ഥിതികസന്തുലനം നില നിർത്തുക, ചെറുകിട കർഷകരുടെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയിൽ ഏപ്രിൽ മാസം വിവിധ പ്രവർത്ത നങ്ങൾ നടത്തുവാനും കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പുവരു ത്തുവാനും സാധിച്ചു. പദ്ധതിയിലേയ്ക്ക് പുതുതായി 50 കർഷകർ അംഗങ്ങളായി. അവർക്കായി ജൈവകൃഷി പരിചയപ്പെടുത്തുകയും ആവശ്യമായ പരിശീലനക്ലാസുകൾ നൽകുകയും ചെയ്തു.

വില്ലേജ് ഫാം ക്ലബ്ബുകളുടെ മീറ്റിംഗുകൾ കേണിച്ചിറ, കുറുമ്പാല, കൽപ്പറ്റ, പടമല, കുറുക്കൻമൂല, കൈതക്കൊല്ലി, നെടുമുള്ളി, ചിത്ര ഗിരി, തെനേരി, പൂക്കോട്, പൊഴുതന, കാട്ടിക്കൊല്ലി, കടൽമാട്, പാമ്പും കൂനി, ചീരാൽ, കാട്ടിമൂല എന്നിവിടങ്ങളിൽ നടന്നു. കൃഷിയിടത്തിൽ അനുവർത്തിക്കാവുന്ന ജൈവ വളങ്ങളും ഉത്പാദന ഉപാധികളും ജൈവ കീടനാശിനികളും, വിളവെടുപ്പ്, ജൈവ ഉത്പന്നങ്ങളുടെ സംഭരണരീതി തുടങ്ങിയ വിഷയങ്ങളിൽ ഫീൽഡ് ഓഫീസർമാർ ക്ലാസുകൾ നൽകി.

**കർഷക സെമിനാറുകൾ**

ജൈവകൃഷി, ജൈവകൃഷിയുടെ നേട്ടങ്ങൾ, ജൈവസർട്ടിഫിക്കേ ഷൻ, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ, ജൈവഉത്പന്നങ്ങളുടെ ഉത്പാ ദന-സംഭരണ-വിപണന രീതി, തുടങ്ങിയ വിഷയങ്ങളിൽ ജില്ലയിലെ 12 ഇടങ്ങളിൽ കർഷക സെമിനാറുകൾ സംഘടിപ്പിച്ചു. ICS കോർഡി നേറ്റർ ശ്രീ. അമൽ ആന്റണി, ക്വാളിറ്റി കൺട്രോൾ മാനേജർ ശ്രീ. അരുൺ ജോർജ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ചെറുകാ ട്ടൂർ, പഴൂർ, തോമാട്ടുചാൽ, ചീരാൽ, പിണങ്ങോട്, പനമരം, കമ്മന, എടവക, പന്തിപൊയിൽ, അമ്പലവയൽ, നെല്ലാക്കോട്ട എന്നിവിടങ്ങളി ലായി 555 കർഷകർ സെമിനാറിൽ പങ്കെടുത്തു.

**വോഫ**

**1. അംഗത്വം നൽകൽ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓർഗാനിക് സാക്ഷ്യപത്ര പദ്ധതിയിലുള്ള 414 കർഷകർക്കുകൂടി വോഫയിൽ

അംഗത്വം നൽകി. നിലവിൽ 8320 കർഷകരാണ് വോഫയിൽ അംഗങ്ങളായിട്ടുള്ളത്.

**2. ബോണസ് വിതരണം**

ഫെയർട്രേഡിലൂടെ സംഭരിച്ച കാപ്പി, മഞ്ഞൾ, ഇഞ്ചി എന്നീ ഉത്പന്നങ്ങൾക്ക് കിലോഗ്രാമിന് 3.50 രൂപ വീതം കർഷകർക്ക് ബോണസ് വിതരണം ചെയ്തു.

**3. സംഭരണം**

വോഫയിലെ കർഷകരിൽ നിന്നും ജൈവഫെയർട്രേഡ് കാപ്പി കിലോഗ്രാമിന് പൊതുവിപണിയെക്കാൾ 14 രൂപയും ഫെയർട്രേഡ് കാപ്പി 9 രൂപയും കുരുമുളക് 35 രൂപയും അധികവില നൽകി സംഭരിച്ചു.

**ബയോവിൻ വിപണന വിഭാഗം**

കർഷകരിൽ നിന്നും സംഭരിച്ച ജൈവഫെയർട്രേഡ് കാപ്പി, കുരുമുളക്, മഞ്ഞൾ, ഏലം എന്നീ ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, സ്പെയിൻ, ആസ്ട്രേലിയ, ബൽജിയം എന്നീ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തു.

**സന്ദർശകർ**

സ്വീഡൻ, ഡൽഹി, ചെന്നൈ എന്നിവിടങ്ങളിൽ നിന്നും വിവിധ കമ്പനികളുടെ പ്രതിനിധികൾ ഫാക്ടറിയും കൃഷിയിടങ്ങളും സന്ദർശിച്ചു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

## റേഡിയോ മാറ്റൊലി 90.4 mhz

**നാഷണൽ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം**

ഡൽഹിയിൽ വെച്ച് നടന്ന 6-ാമത് നാഷണൽ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു മുത്താനിക്കാട്ട് പങ്കെടുത്തു.

**ജൂബിലി ആഘോഷം**

സന്യാസത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വനിതാ മാറ്റൊലി പ്രോഗ്രാം കോർഡിനേറ്ററായ സി. പെറ്റി തെരേസിന്റെ ജൂബിലി ആഘോഷം ഏപ്രിൽ 26-ാം തീയതി രൂപാതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടത്തിന്റെ സാന്നിദ്ധ്യത്തിൽ മാറ്റൊലിയിൽ വെച്ച് നടത്തി. സ്റ്റാഫംഗങ്ങളും വോളണ്ടിയേഴ്സും പങ്കെടുത്തു.

**മേഘദൂത്**

പ്രിയപ്പെട്ടവർക്ക് ആശംസകൾ അറിയിക്കാൻ അവസരം. നിങ്ങളുടെ കുടുംബാംഗങ്ങളുടെ, സുഹൃത്തുക്കളുടെ ജന്മദിനം, വിവാഹവാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ ആശംസകൾ അറിയിക്കാൻ വിളിക്കുക 9446034422 എന്ന നമ്പറിലേക്ക്. ആശംസകൾ അറിയിക്കേണ്ടതിന്റെ ഒരുദിവസം മുമ്പെങ്കിലും വിളിച്ചറിയിക്കണം. എല്ലാ ദിവസവും രാവിലെ 9.00 മണിക്കും ഉച്ചക്ക് 12.30 നും മേഘദൂത് എന്ന പരിപാടി കേൾക്കാം.

**യാത്രയയപ്പ്**

അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ച സി. മോളി ജോസ് SKD ക്ക് റേഡിയോ മാറ്റൊലി ചെയർമാൻ മോൺ മാത്യു മാടപ്പള്ളിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ യാത്രയയപ്പ് നൽകി.

**നിയമസഭാ തെരഞ്ഞെടുപ്പ് പോളിംഗ് തത്സമയ പ്രക്ഷേപണം**

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന പോളിംഗിന്റെ തത്സമയ പ്രക്ഷേപണം മെയ് 16 ന് വൈകിട്ട് 4.00 മണി മുതൽ 5.00 മണിവരെ നടന്നു. ജില്ലയിലെ വിവിധ ബൂത്തുകളിൽ നിന്നും

റിപ്പോർട്ടർമാർ പോളിംഗ് അവലോകനം നടത്തി. ഫാ. ബാബു മാപ്ലശേരി, ദ്വാരക സേക്രട്ട്ഹാർട്ട് ഹൈസ്കൂൾ പ്രധാനാദ്ധ്യാപിക ശ്രീമതി മോളി ജോസ്, ലിഷ മേരി ഡിക്രൂസ് എന്നിവർ നേതൃത്വം നൽകി.

**സല്ലാപം - സർഗ്ഗവേദി**

ശ്രോതാക്കൾക്ക് തങ്ങളുടെ കലാപരമായ കഴിവുകൾ തത്സമയം അവതരിപ്പിക്കുവാൻ റേഡിയോ മാറ്റൊലി അവസരമൊരുക്കുന്നു. എല്ലാ ശനിയാഴ്ചകളിലും നടക്കുന്ന സല്ലാപം സർഗ്ഗവേദിയിലേക്ക് വിളിക്കുക. ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണിവരെ. വിളിക്കേണ്ട നമ്പർ 8086568630.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**സീഡോം കൺവെൻഷൻ 2016 മെയ് 12 (സദ്ഗമയ – 2016)**

2016 മേയ് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ പത്തു മണിക്ക് *മാനന്തവാടി, മേരിമാതാ ആർട്ട്സ് ആന്റ് സയൻസ് കോളേജ് ഓഡിറ്റോറിയത്തിൽ* വച്ച് നടത്തപ്പെട്ട മാനന്തവാടി രൂപതകോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഏകദിനസംഗമം *(സദ്ഗമയ – 2016)* ഏറ്റവും വിജയകരമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. തലമുറകളെ ജ്ഞാനപൂർണ്ണതയിലേയ്ക്ക് നയിക്കുന്ന റവ.ഫാ.ബോബി ജോസ് കട്ടിക്കാടിന്റെ *കരുണപൂക്കുന്ന അക്ഷരാലയങ്ങൾ* എന്ന സെമിനാറോടെ ആരംഭിച്ച ഈ സംഗമത്തിൽ നാളെയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ ഒരു അധ്യാപകൻ/ അധ്യാപിക എപ്രകാരം കൈകാര്യം ചെയ്യണമെന്നും അതുപോലെതന്നെ ഒരു അധ്യാപകൻ/ അധ്യാപിക ഈർപ്പമുള്ള ജീവിതത്തിനുടമകളാകാൻ, ഒഴുകുന്ന നദിയാകാൻ, മറ്റുള്ളവരെ നന്മയിലേയ്ക്ക് നയിക്കുന്ന മാലാഖയാകാൻ തന്റെ വാക്കുകളിലൂടെ അദ്ദേഹം അധ്യാപകരെ ആഹ്വാനം ചെയ്തു.

മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനവും, മാനന്തവാടി മുൻസിപ്പൽ ചെയർമാൻ ശ്രീ.വി.ആർ പ്രിവീജ് മുഖ്യപ്രഭാഷണവും നിർവഹിച്ച പൊതുസമ്മേളനത്തിൽ, നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക -അനദ്ധ്യാപക ശ്രേഷ്ഠർക്ക് യാത്രയയപ്പും, ദേശീയ അദ്ധ്യാപക അവാർഡ് ജേതാവായ ശ്രീ. എൻ.വി ജോർജ്ജ്, മികച്ച അദ്ധ്യാപകർക്കുള്ള സംസ്ഥാന പുരസ്കാരം ലഭിച്ച ശ്രീ. റ്റി.എ. പൗലോസ്, ശ്രീ. എ.സി. ഉണ്ണികൃഷ്ണൻ, ശ്രീ.ടോണി ഫിലിപ്പ് എന്നീ ശ്രേഷ്ഠ വ്യക്തിത്വങ്ങൾക്കുള്ള ആദരവും നൽകി.

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ **ഓർമ്മമരം** പദ്ധതിയുടെ ഉദ്ഘാടനം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഓർമ്മമരത്തെ, മേരിമാതാ ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ മാനേജർ റവ.ഫാ ചാണ്ടി പുനക്കാട്ടിന് നൽകികൊണ്ട് നിർവ്വഹിച്ചു. തുടർന്ന് സദ്ഗമയ –2016 ന്റെ വിശിഷ്ടാതിഥികൾക്കും സിഡോം ഫാമിലിയിൽ നിന്ന് വിരമിക്കുന്ന അധ്യാപക – അനദ്ധ്യാപക ശ്രേഷ്ഠർക്കും ഓർമ്മമരം നൽകി.

2015-2016 വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ, നമ്മുടെ സ്ക്കൂളുകൾ കരസ്ഥമാക്കിയ ഉജ്ജ്വല വിജയത്തിനുള്ള പ്രോത്സാഹനമായി നൂറുശതമാനവും വിജയംവരിച്ച കൊട്ടിയൂർ ഹൈസ്ക്കൂളിന് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും, 28 Full A+ കരസ്ഥമാക്കിയ സുൽത്താൻ ബത്തേരി അസംഷൻ ഹൈസ്ക്കൂളിനും 25 Full A+ കരസ്ഥമാക്കിയ കൊട്ടിയൂർ ഹയർസെക്കന്ററി സ്ക്കൂളിനും അൻപതിനായിരം രൂപയുടെവീതം ക്യാഷ് അവാർഡും നൽകി. അതോടൊപ്പം നമ്മുടെ എല്ലാ സ്കൂളുകളിലും നടത്തിയ മോറൽസയൻസിന്റെ പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 1000/, 500/,250/ രൂപ വീതം ക്ലാസ്സ് അടിസ്ഥാനത്തിൽ ക്യാഷ് അവാർഡുകളും നൽകി.

2015-2016 വർഷത്തെ മാനന്തവാടി രൂപതാസ്കൂൾ ലഹരി വിരുദ്ധ പ്രവർത്തനമായ CASA യുടെ മികച്ച പ്രവർത്തകർക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. ഏറ്റവും നല്ല പ്രവർത്തനത്തിന് ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമത്തിൽ കണിയാരം ഫാ.ജി.കെ.എം.എച്ച് എസ്, നടവയൽ സെന്റ് തോമസ് എച്ച്.എസ്, സു. ബത്തേരി അസ്സംപ്ഷൻ എച്ച് എസ് എന്നിവർ കരസ്ഥമാക്കി ഇവർക്കുള്ള ക്യാഷ് അവാർഡുകളും ഈ സംഗമത്തിൽ നൽകി. സദ്ഗമയ 2016-ൽ, തൊള്ളായിരത്തോളം സ്റ്റാഫുകൾ ഉള്ളതിൽ എണ്ണൂറിലധികം പേരും ഈ ഏകദിനസംഗമത്തിൽ പങ്കെടുത്തു എന്നത് നമ്മുടെ സിഡോം ഫാമിലിയുടെ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഉത്തമോദാഹരണമാണ്. സദ്ഗമയ 2016 വിജയത്തിലേയ്ക്ക് എത്തിക്കാൻ കഠിനാധ്വാനം ചെയ്ത കൺവെൻഷൻ കമ്മറ്റി അംഗങ്ങളെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ഈ ഏകദിനസംഗമത്തെ സ്വന്തം ചുമലിലേറ്റി നമ്മുടെ നിയോഗത്തിൽ മനസ്സുറപ്പിക്കാൻ, വിജയഗാഥകളുടെ സന്തോഷം പങ്കുവയ്ക്കുവാൻ നിങ്ങൾ ഓരോരുത്തരും നൽകിയ സഹായസഹകരണത്തിനും, സാന്നിദ്ധ്യത്തിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. തുടർന്നും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും വിജയത്തിലെത്തിക്കാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം പ്രവർത്തിക്കാം.

**ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപക സമ്മേളനം**

2016-2017 സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്ന

തിനും, അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി 2016 മെയ് 21 ശനിയാഴ്ച രാവിലെ 11.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപകരുടെയും ഒരു യോഗം ദ്വാരക കോർപ്പറേറ്റ് ഓഫിസിൽ വച്ച് നടത്തപ്പെട്ടു. സഹകരിച്ച എല്ലാ ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപർക്കും നന്ദി.

**അഭിനന്ദനങ്ങൾ**

**1. SSLC , Plus Two Result**

2015–2016 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ, നമ്മുടെ എല്ലാ ഹൈസ്ക്കൂളുകളും ഉന്നതവിജയം കരസ്ഥമാക്കിയതിൽ നിങ്ങളുടെ സന്തോഷത്തിൽ മാനേജ്മെന്റും പങ്കുചേരുന്നു. രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹൈസ്ക്കൂളുകളിൽ നിന്നുമായി 117 വിദ്യാർത്ഥികൾ എല്ലാ വിഷയത്തിലും A+ കരസ്ഥമാക്കി. അഭിമാനർഹമായ ഈ നേട്ടത്തിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളും, ബഹുമാനപ്പെട്ട വികാരി അച്ചൻമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ., മദർ പി.ടി.എ. അംഗങ്ങൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുകയും സ്നേഹ ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. എല്ലാ വിഷയത്തിലും A+ ലഭിച്ച കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു. വളരെ പ്രത്യേകമായി SSLC പരീക്ഷയിൽ നൂറുമേനി വിജയം കരസ്ഥമാക്കിയ IJMHS Kottiyoor നെയും ഇതിനായി അത്യധ്വാനം ചെയ്ത സ്കൂൾമാനേജരെയും, ഹെഡ്മിസ്ട്രസ് ശ്രീമതി. എലിസബത്ത് ടീച്ചറിനെയും, എല്ലാ അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**2. Plus Two Result**

2015–2016 വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ശ്രേഷ്ഠമായ വിജയം സ്വന്തമാക്കിയ മാനന്തവാടി രൂപതാകോർപ്പറേറ്റിന്റെ കീഴിലുള്ള മുഴുവൻ ഹയർസെക്കന്ററി സ്കൂളുകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**പ്രത്യേക അഭിനന്ദനങ്ങൾ**

a) 25 Full A+ നേടി IJMHS ഹയർ സെക്കന്ററി സ്കൂളിന് പ്രത്യേക അഭിനന്ദനങ്ങൾ. ഇത്ര നല്ല വിജയം കരസ്ഥമാക്കാൻ അത്യധ്വാനം ചെയ്ത സ്കൂൾ മാനേജറച്ചനെയും, പ്രിൻസിപ്പൽ രാജുസാറിനെയും, സഹകരിച്ച എല്ലാ അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

b) 1200 ൽ 1200 മാർക്കും കൈപ്പിടിയിലൊതുക്കി ഉജ്ജ്വല വിജയം സ്വന്തമാക്കിയ നടവയൽ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിലെ കുമാരി കാവ്യ ജോർജ്ജ് വടക്കൻചേരിയിലിനെയും ഈ വിജയം കൈവരിക്കാൻ സഹായിച്ച എല്ലാ സുമനസുകളെയും പ്രത്യേകമായി കാവ്യയുടെ മാതാപിതാക്കളെയും, സ്കൂൾ മാനേജർ അച്ചനെയും, പ്രിൻസിപ്പലിനെയും സഹകരിച്ച എല്ലാ അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**3. മോറൽസയൻസ്**

നമ്മുടെ കോർപ്പറേറ്റിന്റെ എല്ലാ സ്കൂളുകളിലും നടത്തിയ 2015 2016 വർഷത്തെ മോറൽസയൻസ് പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമത്തിൽ 1000/, 500/, 250/ രൂപ വീതം ക്ലാസ്സ് അടിസ്ഥാനത്തിൽ ക്യാഷ് അവാർഡുകൾ നൽകി. ധാർമ്മിക മൂല്യങ്ങളുടെ പ്രാധാന്യം അതിന്റെ തീഷ്ണതയിൽ പഠിപ്പിക്കാനും സ്വായത്തമാക്കാനും ഈ കുരുന്നുകളെ സഹായിച്ചവർക്ക് സ്കൂൾ മാനേജർ അച്ചൻമാർക്കും, പ്രധാനാധ്യാപകർക്കും സഹകരിച്ച എല്ലാ അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി. എ, മദർ പി.ടി.എ അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികളുടെ പേരുവിവരങ്ങൾ:

**Moral Science award winners 2015-16**

| Class | Prize | Name | School |
|---|---|---|---|
| I | First | NIRANJANA BIJU | St.Antony's AUP School Pazhoor |
| | Second | NEHA REJI | St. George L.P. School Ambayathode |
| | Third | NIMNA GEORGE | St. Sebastian's A U P School Padichira |
| II | First | RITHA FATHIMA A. | St.Thomas A U P School Mullenkolly |
| | Second | DEVA P. R. | St.Thomas L.P.School Nadavayal |
| | Third | ALASTIN SAJI | St. George L.P. School Ambayathode |
| III | First | ADITHYA ANIL | St. Thomas L. P. School Arinchermala |
| | Second | ANN ROSE BINU | St.Thomas L.P.School Nadavayal |
| | Third | FATHIMA NAJA | St. Thomas L. P. School Arinchermala |
| IV | First | FATHIMA NOURIN | St. Thomas L. P. School Arinchermala |
| | Second | VAIGA T. A. | St.Thomas L.P.School Nadavayal |
| | Third | DELNA JOSE | St. George L.P. School Ambayathode |
| V | First | HELEN ELDOSE | Assumption A U P School Sulthan Bathery |
| | Second | HAMEESA P. K. | C.K.H.S. Manimooly |
| | Third | JOEL P. KURIAKOSE | St.Antony's AUP School Pazhoor |

| | | | |
|---|---|---|---|
| VI | First | DENIN JOSE PAUL | St. Mary' s U P School Thariode |
| | Second | AJU SAJI | St.Thomas A U P School Mullenkolly |
| | Third | SHERIN BABU | St.Antony's AUP School Pazhoor |
| VII | First | DRISYA BENNY | St. Thomas U P School Thavinhal |
| | Second | MILASHA DAVID | St. Mary' s U P School Thariode |
| | Third | MANJIMA MANOJ | St. Thomas U P School Thavinhal |
| VIII | First | JASMIN N. V. | I.J.M.H.S. Kottiyoor |
| | Second | ANIT ROY | St.Catherine's High School Payyampally |
| | Third | AIRIN DOMINIC | Nirmala High School Kabanigiri |
| IX | First | DON JOSE MATHEW | Nirmala High School Kabanigiri |
| | Second | ATHULYA JOSEPH | Nirmala High School Kabanigiri |
| | Third | ALEENA AUGUSTINE | St.Thomas High School Nadavayal |
| X | First | ALEENA ELIZABATH MATHEW | Fr.G.K.M.H.S..Kaniyaram |
| | Second | ANGEL RAYMOND | St.Catherine's High School Payyampally |
| | Third | MARTIN ANTONY | I.J.M.H.S. Kottiyoor |

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**ഫാ.ജി.കെ.എം.എച്ച് എസ് കണിയാരം**

- ഈവർഷത്തെ ഏറ്റവും മികച്ച പാഠ്യേതര പ്രവർത്തനത്തിനുള്ള മാനന്തവാടി രൂപതാ അവാർഡ് കണിയാരം ഫാ.ജി.കെ.എം.എച്ച് എസ് സ്കൂളിലെ ജോസ് മാത്യൂ സാറിന് ലഭിച്ചു. മാനന്തവാടി രൂപതാ ദിനത്തോടനുബന്ധിച്ച് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ചടങ്ങിൽ വച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിൽ നിന്ന് മൊമെന്റൊ ഏറ്റുവാങ്ങി.

- മാനന്തവാടിരൂപതയിലെ സ്കൂൾ ലഹരിവിരുദ്ധ പ്രവർത്തനമായ CASA യുടെ മികച്ച പ്രവർത്തകർക്കുള്ള അവാർഡ് ഫാ.ജി.കെ.എം.എച്ച് എസ് സ്കൂളിന് ലഭിച്ചു. രൂപതാ കോർപ്പറേറ്റിന്റെ സദ്ഗമയ -2016 സംഗമത്തിൽ വച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിൽ നിന്ന് ക്യാഷ് അവാർഡ് ഏറ്റുവാങ്ങി.

**ഫാ. ബിജു പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**June 2016**

| | |
|---|---|
| 4 | Zion |
| 8 | Marian Singles |
| 10 | KCYM Syndicate |
| 10-11 | Department of Youth Ministry |
| 11 | CML Roopatha Council |
| 12-16 | Zion Retreat |
| 16 | SMMA |
| 16 | CML.Reg.Directors & Jnt.Directors Meeting |
| 17-19 | Catechism Amukha Seminar |
| 24-27 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre

# *Bishop's Programme*



***June 2016***

*May 29 Sun July 13 Fri  Abroad*